35743.2.61

ക്രുഷിശാസ്ത്രം ൧

ഗ്രന്ഥകർത്താ

ജോസ്യൻ, കെ. നീലകണ്ഠനാശാരി തച്ചശാസ്ത്രപണ്ഡിതൻ

പ്രസാധകൻ

മാനേജർ, കേരളകേസരി ബുക്ക ഡിപ്പോ, തിരുവനന്തപുരം.

ഒന്നാം പതിപ്പ് കാപ്പി 1000.

പകർപ്പവകാശം പ്രസാധകനു്

DATA ENTERED

(1112)

വില അണ 8.

പ്രസാധകന്റെ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു

പ്രസ്താവന

ഈ ഗ്രന്ഥം അതിപ്രാചീനവും, ആഭിജാത്യംതികഞ്ഞതു
യ ഒരു വിശ്വകർമ്മജകുടുംബത്തിൽനിന്നും എന്റെ കൈവശം
ട്ടുള്ളതുകൊണ്ടു ചേർന്നതാണു്. കേരളത്തിലെ ഗ്രന്ഥസാ
രണമായ അക്ഷരരൂപം ഇതിലും ധാരാളം ഉണ്ടായിരുന്നു.
തുകൊണ്ടു നേരേ വായിച്ചുറിയുക ദുഷ്കരമായിരുന്നു. എ
ാൽ പണിപ്പെട്ടെങ്കിലും ഇതിൽ നിന്നും ഗ്രഹിക്കാനിടയായ
ില നിർദ്ദേശങ്ങൾ ചിലേടത്തു കണ്ണറു കഴിക്കുന്ന ഘട്ടങ്ങ
ൽ പ്രയോഗിച്ചുനോക്കുന്നതിനിടയായി. അപ്പോൾ ഉണ്ടായ
നുഭവം എന്നെ ആശ്ചര്യപരതന്ത്രനാക്കി തീർത്തു. എന്നുമാ
ല്ല ഭാരതീയ കലകളിൽ എനിക്കുണ്ടായിരുന്ന വിശ്വാസ
ത ഒന്നുകൂടി ദൃഢപ്പെടുത്തുകയും ചെയ്തു. അപ്പോൾമുതൽ ഈ
ന്ഥം പ്രസിദ്ധീകരിക്കുന്നതിനു് ഞാൻ പ്രേരിതനായിതീർന്നു.
ുശാസ്ത്രത്തിലും ജ്യോതിശ്ശാസ്ത്രത്തിലും സമാനപാണ്ഡിത്യ
ള ഒരാളിനല്ലാതെ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കത്തക്കവണ്ണം
ിപ്പെടുത്താൻ സാധിക്കയില്ലെന്നു് മറ്റുചില പണ്ഡിതന്മാ
ൽ നിന്നും അറിയാനിടയായി അതുകൊണ്ടു കുറച്ചുകാലം
ീ വിഷയത്തിൽ ഞാൻ ഉദ്യോഗാഹനായി കഴിഞ്ഞുകൂടി.
ുന്നാൽ ഇപ്പോൾ ഗവണ്മെന്റു കാർപ്പെന്ററി സ്കൂൾ തച്ചു
സ്ത്രപണ്ഡിതൻ ജ്യോത്സ്യൻ കെ. നീലകണ്ഠനാശാരി അവർ
ളെ എനിക്കുപരിചയപ്പെടുന്നതിനിടയായി. പണിപ്പെട്ടെങ്കിലും
ീ ഗ്രന്ഥം പൊതുജനോപയോഗപ്രദമാക്കി തീർക്കണമെന്നുള്ള
ന്റെ അഭിലാഷത്തെ അദ്ദേഹത്തെ ധരിപ്പിക്കയും അദ്ദേഹം
ുകൃത്യം കൈയേറ്റുകയും ചെയ്തു. ഈ പുരുഷായുസ്സിനു
ളിൽ ഇതിലെ പദ്ധതികളിൽ മിക്കവാറും ശരിപ്പെടുത്തി ഒരു
പക്ഷിപ്തമായ വ്യാഖ്യാനം എഴുതിയ ജ്യോത്സ്യൻ കെ. നീ
ലകണ്ഠനാശാരിയോടു എനിക്കുള്ള കൃതജ്ഞതയെഇവിടെ രേഖ
പ്പെടുത്തികൊള്ളുന്നു. ഈ ഗ്രന്ഥത്തിലെ നിർദ്ദേശങ്ങൾ ഏറ്റ
ം രഹസ്യവും അനുഭവയോഗ്യവുമാണെന്നുള്ള വസ്തുത പ്ര
ുതീകം പ്രസ്താവ്യമാണു്. മനസ്സിരുത്തി പ്രയോഗിക്കുന്നവർക്കു്
ണ്ഡിതന്മാരെപ്പോലും അതിശയിപ്പിക്കാൻ കഴിയും. കേര
ീയമഹാജനങ്ങൾക്കു ഈ പ്രസിദ്ധീകരണം രുചിക്കുമെങ്കിൽ
താൻ കൃതാർത്ഥനായി.

തിരുവനന്തപുരം,
11-4-112.

എന്നു്,
പ്രകാശകൻ.

ശ്രീ.

ക്ഷേത്രശാസ്ത്രം.

ഹരിഃ ശ്രീ ഗണപതയെ നമഃ
അവിഘ്നമസ്തു.

ശ്രീ ഗുരുഭ്യോ നമഃ
(മംഗളം)

1. പ്രണിപത്യ വിരാഡ്വിശ്വബ്രഹ്മാണം കുലദൈവതം
ക്ഷേത്രശാസ്ത്രം പ്രവക്ഷ്യാമി പൂർവ്വശാസ്ത്രാനുസാരതഃ

ദ്രുമണിമുഖ്യ ഗഗനേചരഗോള
ഭ്രമണകേളികളിയാടിലസിക്കും
ഭ്രമരഗാത്രി മഹിഷ്യാർദ്ദിനി ക്ഷേത്ര-
ശ്രമമകറ്റുവതിനായ്ക്കനിയേണം.

പ്രഥമഖണ്ഡം

2. ഗ്രാമാദ്യം വാ നഗരേഹം വാ ക്ഷേത്രാദ്യംവാ സുരാലയം
കർത്തുമിച്ഛതിയഃപൂർവ്വം സ്ഥപതിം സംവൃണീതസഃ

സാ:—ഗ്രാമം, പുരം, നഗരം, ഈ വക സങ്കേതസ്ഥാനങ്ങൾ ലക്ഷണമനുസരിച്ച് സ്ഥാപിക്കണമെന്നു വിചാരിക്കുന്നവർ ആദ്യംതന്നെ സ്ഥപതിയെ (മുഖ്യാചാരിയെ) ക്രമപ്രകാരം അംഗീകരിക്കയാണു വേണ്ടതു്. അതുപോലെ തന്നെ കൊട്ടാരം മുതൽ കുടിലുവരെയുള്ള മനുഷ്യാലയങ്ങൾ, മറ്റു പഗൃഹങ്ങൾ, ക്ഷേത്രങ്ങൾ മണ്ഡപങ്ങൾ മുതലായ ദേവാലയങ്ങൾ, വിഗ്രഹാദികൾ, കിണറ് കുളം മുതലായ ജലാശയങ്ങൾ ഇവചെയ്യേണ്ടആവശ്യം നേരിട്ടപ്പോഴും ആദ്യം തന്നെസ്ഥപതിയെ സ്വീകരിക്കണം. ഇവയുടെ ജീർണ്ണോദ്ധാരണവും സ്ഥപതിയുടെ അഭിമതമനുസരിച്ചു തന്നെയാണു് ചെയ്യേണ്ടതു്.

സ്ഥപതിഃ സ്ഥാപനാർഹഃ സ്യാൽ സർവശാസ്ത്രവിദാം വരഃ
നഹീനാംഗോ തിരിക്താംഗോ ധാമ്മികഃ സ്യാദ്ദയാപരഃ
അമത്സര്യോനസൂയശ്ച കുലീനഃ താന്ത്രികോ ബുധഃ
ആനന്ദാത്മാ സത്യസന്ധഃ ചിരജ്ഞോ ഗണിതാഗമഃ
പുരാണജ്ഞഃ പുണ്യകർമ്മാ ഹ്യേകാഗ്രഹൃദയസ്സദാ
അരോഗീ ചാപ്രമാദീച സപ്തവ്യസനവർജ്ജിതഃ
സുനാമാ ദൃഢബന്ധുശ്ച വാസ്തുവിദ്യാബ്ധിപാരഗഃ

ഇത്യാദി വചനപ്രകാരം സ്ഥപതിക്കു സർവ്വശാസ്ത്രനിപുണത മുതലായ സകല ഗുണങ്ങളും വിശേഷിച്ചു ശില്പകലാകുശലതയുമുണ്ടായിരിക്കണമെന്നു് തെളിയുന്നു. എന്നാൽ ഇക്കാലത്തു് ലക്ഷണസമ്പൂർണ്ണനായ ഒരാചാര്യനോ, വൈദ്യനോ, ജ്യോതിഷികനോ എന്നുവേണ്ട ആരും തന്നെ സുലഭമല്ലെന്നുള്ള സംഗതി നിർവിവാദമാണല്ലൊ. എങ്കിലും സാധാരണ വേണ്ടിടത്തോളമുള്ള യോഗ്യത സ്ഥപതിയ്ക്കുണ്ടായിരിക്കണമെന്നു പ്രത്യേകം ഓർക്കേണ്ടതാണു്.

3. ശുഭേ കാലേ തിഥൌ താരേ ശുഭഖേചരവാസരേ
സമേത്യ ദക്ഷിണാംദത്ത്വാ വദേൽ സ്ഥപതിമീപ്സിതം

സാ:—മേൽ പറഞ്ഞ ഗ്രാമം, ഗേഹം മുതലായവ ആരെക്കൊണ്ടെങ്കിലും സ്ഥാപിക്കേണ്ടതായാവശ്യം നേരിട്ടാൽ ആദ്യമേതന്നെ മുഹൂർത്താചാരിയുടെ അടുത്തു ചെന്നു് വെറ്റില പാക്കു മുതലായ ദക്ഷിണകൊണ്ടു് മുഹൂർത്താചാരിയെ തൃപ്തിപ്പെടുത്തി തങ്ങളുടെ അഭീഷ്ടത്തെ മുഹൂർത്താചാരിയോടു പറയണം ഇങ്ങനെ ചെന്നു പറയുന്നതു് ഗൃഹം, ദേവാലയം മുതലായവ സ്ഥാപിക്കുന്നതിനുവിധിച്ചിട്ടുള്ള മാസങ്ങളും നക്ഷത്രങ്ങളും പക്ഷങ്ങളും തിങ്കളും ബുധൻ വ്യാഴം വെള്ളി ഈ ആഴ്ചകളും ഇങ്ങനെ മുഹൂർത്തസിദ്ധങ്ങളായ ശോഭനകാലത്തായിരിക്കണം. ആ കാലത്തിന്റെ ശുഭാശുഭമനുസരിച്ചു് അഭീഷ്ടകാര്യത്തിന്റെ ശുഭാശുഭങ്ങളും പറയപ്പെടാവുന്നതാണു്.

4. ആപൃഛത: പൃഛതോവാജിജ്ഞാസോഃകസ്യചിൽഫലം
ദർശനേസ്ഥപതിർബ്രൂയാദാത്മാനുഗ്രഹകാച്ഛുവാ

സാ:—ഒരാൾ അഭീഷ്ടകാര്യം പറഞ്ഞാലും പറയാതിരുന്നാലും അയാളുടെ ഉദ്ദിഷ്ടകാര്യം ഇന്നതാണെന്നും അവയുടെ ഫല

'നഭവം ഇന്നവിധമാണെന്നും മുത്തച്ചാരിതന്നെ പറയേണ്ടതാണു്. അങ്ങനെ പറയുന്നതു് ആവശ്യക്കാരന്റെ സ്ഥിതി, ചേഷ്ട, ഇവയും അപ്പോഠം കാണുന്ന മറ്റു നിമിത്തങ്ങളും ആശ്രയിച്ചാണു്. ക്രടാതെ പൃച്ഛകൻ ഇരിക്കുന്ന രാശി ആത്രുദ്ധമെന്നു ധരിക്കണം. ആത്രുദ്ധം മുതൽ പന്ത്രണ്ടു രാശികഠം ലഗ്നാദികളായ പന്ത്രണ്ടു ഭാവങ്ങളുമാണു്. ഈ ഭാവങ്ങളെക്കൊണ്ടു് പ്രഷ്ടാവിന്റെ അഭിമതം ഇന്നതാണെന്നും അതിന്റെ നിവൃത്തിരൂപം ഇന്നതരത്തിലാണെന്നും വഴിപോലെ ചിന്തിച്ചു പറഞ്ഞു കൊള്ളണം.

"മേഷാദി മീനപര്യന്തം രാശിചക്രമിദം സ്ഥിതം"
തസ്മിൻ യത്രസ്ഥിതഃ പ്രഷ്ടാരാശിരാത്രുദ്ധഭംഹിതൽ

എന്ന വചനപ്രകാരം പ്രഷ്ടാവു് മുത്തച്ചാരിയുടെ മുമ്പിൽ വന്നു സ്ഥിതിചെയ്യുന്ന രാശി ആത്രുദ്ധമാണെന്നു് സ്പഷ്ടമാകുന്നു.

5. സുഖ്യേലഗ്നേ ജലേ സൗമ്യേ ജലർക്ഷേ പ്രഷ്ടരി സ്ഥിതേ
കൂപമിച്ഛന്തി മനുജാഃപാതാളസ്ഥേ ജലഗ്രഹേ

സാ:-പ്രഷ്ടാവും മുത്തച്ചാരിയുമായി അഭിമുഖദർശനം ഉണ്ടായ സമയത്തു് ഉദിച്ച രാശി ഉദയലഗ്നമാകുന്നു. പ്രഷ്ടാവു് പ്രവേശിച്ചരാശി ആത്രുദ്ധമാണെന്നു് മേൽപറഞ്ഞിട്ടുണ്ടല്ലൊ. ഈ ആത്രുദ്ധവും ഉദയലഗ്നവും ജലരാശിയായിരിക്കണം. അല്ലെങ്കിൽ ഈ ഉദയാത്രുദ്ധങ്ങളുടെ നാലാം ഭാവങ്ങഠം രണ്ടും ജലരാശിയായാലും മതി. പക്ഷെ, നാലാംഭാവത്തിൽ ശുഷ്കഗ്രഹങ്ങഠം നിൽക്കരുതു്. ജലഗ്രഹങ്ങഠം നില്ക്കുകയും വേണം. ഈ ലക്ഷണം കണ്ടാൽ ഈയാഠം തന്നെക്ഷണിക്കാൻ വന്നിരിക്കുന്നതു് കിണറു മുതലായ ജലാശയങ്ങളെ ഉദ്ദേശിച്ചാണെന്നു് മുത്തച്ചാരി അറിഞ്ഞു കൊള്ളണം. ഇവിടെ ചന്ദ്രനും ജലരാശിയിൽ തന്നെ നിൽക്കണം.

6. അധോമുഖേ സുഖേലഗ്നേ ജലഗ്രഹനിരീക്ഷിതേ
പൃച്ഛകേധോമുഖം യാതേ കൂപമിച്ഛതിമാനവഃ

സാ: — ഉദയലഗ്നവും നാലാം ഭാവവും അധോമുഖരാശിയായിരിക്കണം; ആത്രുദ്ധരാശിയും നാലാം ഭാവവും അധോമുഖരാശിയായിരുന്നാലും മതി. ഈ ഉദയാത്രുദ്ധങ്ങളിലേ

രണ്ടിന്റെയും നാലാം ഭാവങ്ങളിലോ ജലഗ്രഹങ്ങളായ ചന്ദ്രശുക്രന്മാരുടെ ദൃഷ്ടിയുണ്ടായിരിക്കണം. ഈ ലക്ഷണമുണ്ടെങ്കിൽ ക്രൂപസംബന്ധമായകാര്യത്തെ ഉദ്ദേശിച്ചാണ് ഈയാഠം തന്നെ വിളിക്കുന്നതെന്നു മുത്താചാരി ഗ്രഹിച്ചു പറയേണ്ടതാണ്.

7. നാസാക്ഷികർണ്ണരന്ധ്രാണാംസ്പർശനേക്രൂപമാദിശേൽ
ഉദരാസൃകുചസ്പർശേ കൂപോലേഹൃദയേ തഥാ

സാ:- പ്രശ്നാവു് മുത്താചാരിയോടു കായ്യം പറയുന്ന സമയം മുക്ക്, കണ്ണ്, കർണ്ണരന്ധ്രം, വയറു്, വായ്, മുല ഈ പ്രദേശങ്ങളിൽ സ്പർശിക്കയാണെങ്കിൽ പ്രശ്നാവിന്റെ ഉദ്ദേശം കിണറിനെപ്പറ്റിയാണെന്നു് മുത്താചാരി ധൈര്യമായി ധരിക്കണം. ഇവിടെ മുലയിൽ സ്പർശിച്ചാൽ കിണറിനെപ്പറ്റിയാണു് പ്രശ്നാവിന്റെ വിചാരമെന്നു് കാണുന്നു. എന്നാൽ പ്രശ്നാവു് സ്ത്രീയായിരിക്കുകയും മുലയിൽ സ്പർശിക്കുകയും ചെയ്താൽ മാത്രമേ ഈ ഫലം പറയാവൂ എന്നു 'ജലാവത്യംഗസ്പർശേ ജലമുദ്ദിശ്യാഗതഃ' എന്നാദിയായ വചനം കൊണ്ടു് തെളിയുന്നു. ജലരൂപമായവസ്തുക്കൾപ്രവഹിക്കുന്ന സ്ഥാനങ്ങളിൽ തൊട്ടാൽ പ്രശ്നാവിന്റെഉദ്ദേശം ജലപരമാണെന്നറിയണം. പുരുഷന്മാരുടെ കുചസ്പർശനംകൊണ്ടു് ഈലക്ഷണം തെളിയുന്നില്ല. അഥവാ പുരുഷനായ പ്രശ്നാവു് തൽസമയം കുചത്തിൽ സ്പർശിച്ചാൽ തന്റെ പ്രയത്നം കിണറിനെ ഉദ്ദേശിച്ചാണെന്നു് പറയാം. പക്ഷെ, ആ കിണറിൽ ജലം ലഭിക്കയില്ലെന്നു പറയേണ്ടിവരും. 'കക്ഷാപാനസ്പർശനേ വാരി ദുഷ്ടം' എന്ന വചനപ്രകാരം കക്ഷം, ലിംഗം, യോനി, മുതലായ ജലനിർഗ്ഗമന സ്ഥാനങ്ങളിൽ സ്പർശിച്ചാലും ഉദ്ദേശം ക്രൂപപരമാണെന്നു പറയാം. എന്നാൽ വെള്ളം വളരെ ചീത്തയായിരിക്കാൻ ന്യായമുണ്ടെന്നുള്ളവസ്തുതകൂടി ഗ്രഹിക്കേണ്ടതാണു്.

8. ആർദ്രദ്രവ്യം ജലം പൂർണ്ണകുംഭമന്യംജലോത്ഭവം
സ്പർശയൻ ദർശയൻ പ്രശ്നാക്രൂപമിഹരതി നിശ്ചയാൽ

സാ:-മുത്താചാരിയുടെ മുമ്പിൽ വച്ചു് നല്ലപോലെ നനഞ്ഞിരിക്കുന്ന സാധനത്തെയോ ജലത്തെയോ നിറകുടത്തെയോ,

അതുപോലെ കരിക്ക് മുതലായി വെള്ളമുള്ള മറ്റു സാധനങ്ങളെയോ തൊട്ടുകയോ നോക്കുകയോ ചെയ്യുന്നുവെങ്കിൽ ക്രൂപത്തെ ഉദ്ദേശിച്ചാണ് പ്രശ്നാവ് വന്നിരിക്കുന്നതെന്ന് അറിയേണ്ടതാണ്. "യദ്യൽ പൃഷ്ഠതി പൃഷ്ഠകോന്തികഗതഃ തന്നാശ ചിഹ്നശ്രുതൈ നാശസ്യാദിഹ തസ്യ തസ്യ നചിരാൽ തദ്വൃത്തയേവൃത്തയഃ" എന്ന വചനപ്രകാരം ഇവരുടെ സംവാദസമയത്തു് കിണറിനെപ്പറ്റിയോ, കുളത്തെപ്പറ്റിയോ എന്തെങ്കിലും മറ്റാരോ സംസാരിക്കുന്നതായി കേട്ടാൽ അതു വക ലക്ഷണങ്ങളും യുക്തിപൂർവ്വം ചിന്തിച്ചു് ഇവിടെ യോജിപ്പിക്കേണ്ടതാണ്. ജലസംബന്ധങ്ങളായ വാക്കുകളും ജലമുള്ള സാധനങ്ങളും അപ്പോൾ ഇന്ദ്രിയങ്ങൾക്കു വിഷയമായാൽ ഉദ്ദിഷ്ടസംഗതി കിണറാണെന്നും ഇതിനു വിപരീതമായുള്ള വാക്കുകളും ശുഷ്കങ്ങളായ പദാർത്ഥങ്ങളും ഇന്ദ്രിയങ്ങൾക്കനുഭവപ്പെട്ടാൽ ഉദ്ദേശം കിണറിനെ സംബന്ധിച്ചുള്ളതല്ലെന്നും അറിയേണ്ടതാണ്

9. അഭിഷേകാദികം വാക്യം കർമ്മവാശ്രയതേയദി
മുത്രോച്ഛിഷ്ടാദികം സർവമപി ക്രൂപാദിസൂചിതം

സാ: --അഭിഷേകം ചെയ്യുന്ന കായ്ത്തെപ്പറ്റി സംസാരിക്കുക, അല്ലെങ്കിൽ അതു കാണുക, അഥവാ തൊടുകളിക്കുക, കുളിക്കുന്നതിനെപ്പറ്റി സംസാരിക്കുക, മൂത്രവിസർജ്ജനം മലവിസർജ്ജനം മുതലായവ ചെയ്യുക ഈവക ലക്ഷണങ്ങളും അപ്പോൾ അനുഭവപ്പെട്ടാൽ ഉദ്ദേശം ക്രൂപസംബന്ധമാണെന്നറിയണം.

10. സ്ഥപതിഃപൃച്ഛകോവാപി ജലപാനരതോയദി
അകാലേ വൃഷ്ടിരാപന്നാ തഥാക്രൂപംവിനിർദ്ദിശേൽ

സാ: --സ്ഥപതിയോ (മൂത്താചാരിയോ) ക്ഷണിക്കാൻ ചെന്നയാളോ അഥവാ മറ്റാരെങ്കിലുമോ തൽസമയം യദൃച്ഛയാ വെള്ളം കുടിക്കാൻ ഇടവന്നാലും സ്ഥപതി ഓതിക്കൊടുത്തുകൊണ്ടിരിക്കുമ്പോൾ പ്രശ്നാവു ചെന്നു കായ്ത്തു പറഞ്ഞാലും ക്ഷണനം കിണറിനെ ഉദ്ദേശിച്ചാണെന്നറിയണം. അതുപോലെ വർഷകാലം അല്ലാത്ത സന്ദർഭത്തിൽ മൂത്താചാരിയെ ക്ഷണിക്കുകയും അപ്പോൾ പെട്ടെന്നു മഴയുണ്ടാകുകയും ചെയ്താലും ഉദ്ദേശം ക്രൂപസംബന്ധമാണെന്നു് അറിയണം.

11. പൃഷ്ഠോദയേ ജലേലഗ്നേ പ്രഷ്ടുർദൃഷ്ടിരധോഭവേൽ
സുഖരാശൌ തഥാ ഭ്രൂതെ കൂപമിച്ഛതി മാനവഃ

സാ:—ഉദയലഗ്നമോ ഏഴാമോ അഥവാ രണ്ടുമോ പൃഷ്ഠോദയരാശിയായിരിക്കണം. അതു മാത്രം പോരാ; ജലരാശിയായും വരണം. അല്ലെങ്കിൽ ആരൂഢലഗ്നങ്ങളുടെ നാലാംഭാവങ്ങളും രണ്ടും അധോമുഖമായും ജലരാശിയായും വന്നാലും മതി. ഇങ്ങനെ വന്നാൽ പ്രശ്നാവിന്റെ അഭീഷ്ടം കിണറിനെപ്പറ്റിയാണെന്നറിയണം.

12. നിമ്നസ്ഥാനസ്ഥിതഃപ്രഷ്ടാ നിമ്നദൃഷ്ടാവിധോഃ കഥാം
വ്യാഹരൻ ജലവദ്രവ്യം ദർശയൻ ജലമീപ്സിതം

സാ:—മൂത്താചാരിയുടെ മുമ്പിൽ ചെന്നാൽ പ്രഷ്ടാവു് ഏറ്റവും താണസ്ഥലത്തിരിക്കുകയും താണപ്രദേശത്തോടുതന്നെ നോക്കുകയും ചന്ദനം സംബന്ധിക്കുന്നകഥകളെയോ ചരിത്രങ്ങളെയോ പറഞ്ഞു സംസാരിക്കുകയും അതുപോലെ ഇരുവേലിമുതലായ ജലനാമപരങ്ങളായ വസ്തുക്കളെയും ജലാംശംഅടങ്ങിയിരിക്കുന്ന മറ്റു വസ്തുക്കളെയും മറ്റും നോക്കുകയും ചെയ്താൽ തന്നെ വിളിക്കുന്നതു് കൂപത്തെ ഉദ്ദേശിച്ചാണെന്നറിയണം.

13. പ്രശ്നേയച്ചായതേയച്ഛൂന്യതെയച്ചദൃശ്യതെ
തൽസാദൃശ്യേനസകലംപ്രഷ്ടുർ വാച്യം ശുഭാശുഭം

സാ:—പ്രഷ്ടാവും മൂത്താചാരിയുമായി സപകായ്യം പറഞ്ഞു കൊണ്ടിരിക്കുമ്പോൾ കേൾക്കുന്ന ശബ്ദം കൊണ്ടും പറയുന്ന വാക്കുകളിൽനിന്നും കാണുന്ന വസ്തുക്കളിൽനിന്നും സകല ഫലങ്ങളും ചിന്തിക്കേണ്ടതാണു്. കിണറിന്റെ ആവശ്യത്തെപ്പറ്റി സംസാരിക്കുമ്പോൾ മറ്റൊരാൾ എവിടെയെങ്കിലും നിന്നു വെള്ളം ഇല്ലെന്നോ, വെള്ളം ചീത്തയെന്നോ പറയുന്നതുകേട്ടാൽ കിണറു കുഴിച്ചാൽ വെള്ളം കിട്ടുകില്ലെന്നോ, ചീത്തവെള്ളമെന്നോ ധരിക്കണം. നല്ല വെള്ളമുള്ള ഫലങ്ങളെപ്പറ്റിയൊ, ജന്തുക്കളെപ്പറ്റിയൊ, ലതാദികളെപ്പറ്റിയോ സംസാരിക്കുന്നതു കേട്ടാലും ഈ പദാർത്ഥ

ങ്ങളെ കണ്ടാലും കിണറു കുഴിച്ചാൽ നല്ലവെള്ളം ലഭിക്കു മെന്നറിയണം. ഇങ്ങനെ ഓരോ ലക്ഷണങ്ങളെക്കൊണ്ടു തന്നെ ക്ഷണിക്കുന്നതു് കിണറിനു സ്ഥാനവും കണക്കും നിശ്ചയിച്ചുകൊടുക്കുന്നതിനാണെന്നു മനസ്സിലാക്കുകയും ഈ പരമാർത്ഥം വിശ്വാസത്തിനുവേണ്ടി പ്രശ്നാവിനെ ധരിപ്പിക്കയുംവേണം.

14. വർഗ്ഗോത്തമഗതേ ശുക്രേ ചന്ദ്രേവാ ജലഗേസുഖേ
ക്രൂപമേകം ഭവത്യത്ര പുനരപ്യേകമാദിശേൽ.

സാ:—ചന്ദ്രനും ശുക്രനും വർഗ്ഗോത്തമാംശകത്തോടുകൂടി ജലരാശിയായ നാലാംഭാവത്തിൽ നിന്നാൽ പ്രശ്നാവിന്റെ വീട്ടിൽ ഇപ്പോൾ ഒരു കിണറുണ്ടെന്നും ഇനി ഒരു കിണറുകൂടി വേണമെന്നാശിക്കുന്നുവെന്നും പറയണം. എന്നാൽ ഈ നാലാംഭാവം കക്കടകം മീനം ഈ രാശികളിലും ശുഭഗ്രഹദൃഷ്ടിയോടുകൂടിയതായാൽ ഇപ്പോൾ ഉള്ള കിണറു് നല്ല വെള്ളമുള്ളതാണെന്നും സൗകര്യത്തിനുവേണ്ടി ഒരു കിണറുകൂടി ആവശ്യപ്പെടുന്നുവെന്നും പറയണം. വൃശ്ചികം, മകരം, ഈരാശികളിൽ പാപദൃഷ്ടിയോടുകൂടി നാലാംഭാവമായി വന്നാൽ വെള്ളം ചീത്തയായിട്ടോ ഇല്ലായ്കയാലോ വേറൊരു കിണറു കുഴിക്കേണ്ട ആവശ്യം നേരിട്ടിരിക്കുന്നു എന്നുപറയണം.

15. നരരാശൌ സുഖഗതേ മൃത്യുമാന്ദ്യയുതക്ഷിതൌ
ക്രൂപേമൃതിം വിജാനീയാൽശുഭദൃഷ്ടി വിവർജ്ജിതേ

സാ:—ആരൂഢലഗ്നങ്ങളുടെ നാലാംഭാവം മനുഷ്യരാശിയായിവരണം. അവിടെ മൃത്യുവോ, ഗുളികനോ നില്ക്കണം; അല്ലെങ്കിൽ നോക്കണം. ശുഭഗ്രഹങ്ങളുടെ ദൃഷ്ടിയും യോഗവും ഉണ്ടായിരിക്കരുതു്. ഇങ്ങനെ വന്നാൽ പ്രശ്നാവിന്റെ വീട്ടിലുള്ള കിണറ്റിൽ ആരൊ വീണുമരിച്ചുവെന്നും തന്മൂലം വേറെ കിണറു കുഴിക്കുന്നതിനാണു് തന്നെ ആവശ്യപ്പെടുന്നതെന്നും അറിയണം. ഇവിടെ നാലാംഭാവത്തിനു് ജലരാശി സംബന്ധം ഇല്ലാത്ത സ്ഥിതിക്കു കിണറ്റിൽ വീണുള്ള മരണം എങ്ങനെ പറയും എന്നു് ഒരു ശങ്കയ്ക്കവകാശമുണ്ടു്. ഇപ്പോൾ ഒരുകിണറുണ്ടെന്നും വേറൊരു കിണറിന്റെ ആവശ്യത്തിലേക്കാണു തന്നെ

ക്ഷണിക്കുന്നതെന്നും മുൻപേ മനസ്സിലാക്കണം. പിന്നീട് വേറൊരു കിണറിന്റെ ആവശ്യത്തെപ്പറ്റി ചിന്തിക്കണം. അപ്പോൾ പുരാതനക്രമം ഉണ്ടെന്നു പറഞ്ഞ രാശി ആശ്രുദ്ധമായി കരുതി അതിന്റെ നാലാംഭാവം കൊണ്ട് ഈ യോഗം ചിന്തിക്കേണ്ടതാണ്.

നാലാംഭാവം നാല്ക്കാലിരാശിയാവുകയും അതിനെ ദുഷിപ്പെടുത്തുന്ന മറ്റു തൽക്കാല നിമിത്തങ്ങളും അനുഭവപ്പെടുകയും ചെയ്താൽ നാൽക്കാലികളും വീണു നശിച്ചതു നിമിത്തം കിണറു ദൂഷിച്ചുവെന്നു പറയണം. വൃശ്ചികംരാശി നാലാംഭാവമാവുകയും രാഹുവിന്റെയും സർപ്പദ്രേക്കാണത്തിൽ നിൽക്കുന്നപാപന്മാരുടെയും യോഗദൃഷ്ടികളും വരികയും ചെയ്താൽകിണറ്റിൽ സർപ്പങ്ങളും വീണു മരിച്ചുവെന്നു പറയണം. നാലിൽനിൽക്കുന്ന ഗ്രഹങ്ങളുടെ ഷഡ്വർഗ്ഗംനോക്കി ആ വർഗ്ഗനാഥന്മാരിൽവച്ച് ബല ഹീനന്മാരായ പാപഗ്രഹങ്ങളെക്കൊണ്ട് ഏതെല്ലാം ജന്തുക്കളെ പറയാമോ ആജന്തുക്കളാണ് കിണറ്റിൽ വീണു മരിച്ചിട്ടുള്ളതെന്നും പറയാം. എന്നാൽ കേന്ദ്രത്രികോണാദികളെക്കൊണ്ട് ആ രാശിക്കുബന്ധമുള്ള പാപന്മാരുടെ ജന്തുക്കളെ മാത്രമേ പറയാൻ പാടുള്ളൂ.

സൂര്യനെക്കൊണ്ട് കടുവാ, മാൻ, ചക്രവാകപക്ഷി ഈ വർഗ്ഗത്തിൽപെട്ട ജന്തുക്കളെയും, ചന്ദ്രനെക്കൊണ്ട് മൂയൽ, മാൻ, കൊക്ക്, ചകോരം ഈ വർഗ്ഗത്തിൽപെട്ട ജന്തുക്കളെയും, ചൊവ്വായെക്കൊണ്ട് ആട്ട്, കോഴി, കുറുക്കൻ, കുരങ്ങ്, കഴുകൻ ഈ വർഗ്ഗത്തിൽപെട്ട ജന്തുക്കളെയും, ബുധനെക്കൊണ്ട് പരുന്ത് കാട്ടുകാക്ക, തത്ത, പൂച്ച ഈ വർഗ്ഗത്തിൽപെട്ട ജന്തുക്കളെയും, വ്യാഴത്തെക്കൊണ്ട് കുതിര, മാടപ്രാവ്, അരയന്നം, ഈ വർഗ്ഗത്തിൽപെട്ട ജന്തുക്കളെയും, ശുക്രനെക്കൊണ്ട് കുയിൽ, തത്ത, പശു ഈവർഗ്ഗത്തിൽപെട്ട ജന്തുക്കളെയും, ശനിയെക്കൊണ്ട് കാക്ക കുയിൽ, പോത്ത്, എരുമ ഈ വർഗ്ഗത്തിൽപെട്ട ജന്തുക്കളെയും, രാഹുവിനെക്കൊണ്ട് കഴുത, ഒട്ടകം സർപ്പം, കൊല്ലൻ, മൂട്ട, പുഴു, മൂങ്ങ, ഈ വർഗ്ഗത്തിൽപെട്ട ജന്തുക്കളെയും വിചാരിക്കണം.

16. ശവാലോകം മൃതിപ്രേക്ഷാ പൃഛാകാലേ ഭവേദ്ഭൂമി
ശവാദി ദൂഷിതം ക്രൂപമേവമൂഹ്യം മനീഷിഭിഃ

കിണറിനെ സംബന്ധിച്ചുള്ള പ്രശ്നസമയത്തു് ഏതെങ്കിലും ജന്തുക്കളുടെ ശവം കാണുകയോ അഥവാ വല്ല ജന്തുക്കളും പെട്ടെന്നു മരിക്കുന്നതായി കാണുകയോ ചെയ്താൽ ഏതിന്റെയെങ്കിലും ശവം നിമിത്തം കിണറു ദുഷിച്ചുപോയി എന്നു പറയണം. ശവം ഏതൊരു ജന്തുവിന്റേതാണെന്നുള്ളതു് അബുദ്ധിമാനായ മൂത്താചാരി മേൽപറഞ്ഞ ന്യായമനുസരിച്ചു് ചിന്തിച്ചറിഞ്ഞു പറഞ്ഞുകൊള്ളണം.

17. നിർജ്ജലേനഖരേഭന്തേ സംസ്പൃശേദന്യ വസ്തുനി
പ്രഷ്ടുർഭ്രമേണ ജലന്നാസ്തി കൂപരാൽ ജാനപാദികം
സ്പൃശേൽ

18. പാഷാണം ശുഷ്കവൃക്ഷംവാ അസ്ഥിഖണ്ഡംച നി
ർജ്ജലം
അയസ്ഖണ്ഡാഭിമർശഞ്ച നിർജ്ജലത്വമുദാഹൃതം.

സാ:—പ്രഷ്ടാവു കായ്യം പറയുമ്പോൾ നഖത്തിലോ പല്ലിലോ അതുപോലെ ജലാംശം ഇല്ലാത്ത മറു വല്ല വസ്തുക്കളിലോ സ്പർശിക്കയാണെങ്കിൽ പ്രഷ്ടാവുദ്ദേശിച്ചിരിക്കുന്ന ഭ്രമിയിൽ കിണറു കുഴിച്ചാൽ തീർച്ചയായും വെള്ളം കിട്ടുകയില്ലെന്നുപറയണം. അതുപോലെതന്നെ പാറ, ഉണങ്ങിയ മരം, * അസ്ഥി, ഇരുമ്പു കഷണം ഈ പദാർത്ഥങ്ങളിൽ സ്പർശിച്ചാലും വെള്ളം ദുർല്ലഭമാണെന്നറിയണം. കൈകാലുകളുടെ മുട്ടിൽ സ്പർശിച്ചാൽ വളരെ പ്രയാസപ്പെട്ടതിനുശേഷം വെള്ളം ലഭിച്ചു എന്നുവരാം.

മേൽപറഞ്ഞ ഭാഗങ്ങളിൽ നിന്നും രാശിഭേദങ്ങളും, ഗ്രഹസ്ഥിതി, രാശിഭാവഗ്രഹകാരകതത്വം മുതലായവയറിയാതെ ഫലം പറയാൻ സാദ്ധ്യമല്ലാത്തതിനാൽ അവയുടെ ഒരു ചുരുങ്ങിയ വിവരണം ഇവിടെ ചേർക്കുന്നതുചിതമായിരിക്കും.

മേഷാദ്യാഃ ചരം സ്ഥിരാഖ്യമുഭയം ദ്വാരം ബഹിർഗർഭദം
ധാതുർമ്മൂലമിതീഹജീവമുദിതംക്രൂരഞ്ചസൌമ്യം വിദുഃ
മേഷാദ്യാഃ കഥിതാസ്ത്രി കോണസഹിതാഃ പ്രാഗാദി
നാഥാഃക്രമാ
ദോജർക്ഷം സമഭം പുമാംശ്ച യുവതിർവാമാംഗമസ്ഥാദികം.

*രക്തം, മജ്ജ ഇവ ഉള്ളിൽ ഇല്ലാത്ത അസ്ഥിഖണ്ഡം എന്നർത്ഥം.

(രാശിചക്രം)



സാരം — ചുറ്റി കൊണ്ടിരിക്കുന്ന ഖഗോളത്തെ പന്ത്രണ്ടു രാശികളായി ഭാഗിക്കപ്പെട്ടിരിക്കുന്നു. ഇതിനു് ചരചക്രം എന്നു പറയും. ഈ ചരചക്രം ഉദയം മുതൽ അടുത്ത ഉദയം വരെയുള്ള കാലംകൊണ്ടു ഒരു പരിവർത്തനം കഴിയും.

മേടം, ഇടവം, മിഥുനം, കർക്കടകം, ചിങ്ങം കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം ഇങ്ങനെ പന്ത്രണ്ടു രാശികളാണു്. മേടമാസത്തിൽ മേടം രാശിയും ഇടവമാസത്തിൽ ഇടവം രാശിയും മിഥുനമാസത്തിൽ മിഥുനം രാശിയും ഇങ്ങനെ അതാതു മാസത്തിൽ അതാതുരാശിയാണു് സൂര്യോദയ സമയത്തു ഉദിക്കുന്നതു്. ആരാശി കഴിഞ്ഞു് അതിനടുത്ത രാശിയും ക്രമേണ അങ്ങിനെ ഓരോ രാശിയും ഉദിച്ചു അടുത്ത ദിവസം സൂര്യോദയ സമയത്തിനു മുൻപു് പന്ത്രണ്ടു രാശികളും ഉദിച്ചു വീണ്ടും ആദ്യരാശി ഉദിക്കുന്നു.

(രാശി പ്രമാണം)

	നാ.	വി.		നാ.	വി.
മേടം	4	36	തുലാം	5	7
ഇടവം	5	8	വൃശ്ചികം	5	26

മിഥുനം	5	29	ധനു	5	24
കർക്കടകം	5	19	മകരം	4	55
ചിങ്ങം	4	59	കുംഭം	4	26
കന്നി	4	53	മീനം	4	18

ഈ കാണിച്ചതു് ഓരോ രാശി പ്രമാണങ്ങളാണു്. ഈ രാശികൾ മേൽ പറഞ്ഞ ക്രമത്തിൽ ഒരു ദിവസം കൊണ്ടു് ഉദിച്ചസ്തമിക്കുന്നു. ഉദിക്കുന്ന രാശിക്കു ഉദയരാശിയെന്നും അതിന്റെ ഏഴാമത്തെ രാശിക്കു അസ്തമനരാശിയെന്നും പറയും.

മേടം ഒന്നാംതീയതി ഉദിക്കുന്നതു മേടം രാശിയാണു്.. ഉദിച്ചു് നാലു നാഴികയും 36 വിനാഴികയും പുലരുന്നതുവരെ സംക്രമം (ഉദയത്തിനാണെങ്കിൽ) മേടംരാശിയും അതിനു മേൽ 5 നാഴിക, 8 വിനാഴിക എടവം രാശിയും ഇങ്ങനെ ക്രമേണ ഓരോ രാശികൾ ഉദിക്കുകയും അതിന്റെ ഏഴാമത്തെ രാശി അസ്തമിക്കുകയും ചെയ്യുന്നു. ആറു രാശികൾകൊണ്ടു പകലും 6 രാശികൾകൊണ്ടു രാത്രിയും ഇങ്ങനെ സാമാന്യേന കണക്കാക്കുന്നതു കൊണ്ടാണു് ഏഴാമത്തെ രാശി അസ്തമനരാശി എന്നു പറയുന്നതു്. മേടം ഉദിക്കുമ്പോൾ തുലാം അസ്തമിക്കുന്നു. എടവം ഉദിക്കുമ്പോൾ വൃശ്ചികം അസ്തമിക്കുന്നു.

മേടം രാശി പ്രമാണമായ 4 നാഴിക 36 വിനാഴികയെ മേടമാസത്തിലെ തീയതി മുപ്പതുണ്ടെങ്കിൽ 30 കൊണ്ടും, മുപ്പത്തൊന്നുണ്ടെങ്കിൽ 31 കൊണ്ടും ഭാഗിക്കണം. അങ്ങിനെ ഭാഗിക്കുമ്പോൾ കിട്ടുന്ന ഓരോ ഭാഗം ഉദയരാശിയിൽ നിന്നു ഓരോ ദിവസവും കുറഞ്ഞു കുറഞ്ഞു മേടമാസത്തിന്റെ ഒടുവിലത്തെ ദിവസമാകുമ്പോൾ മേടം രാശി അവസാനിച്ചു് എടവം ഒന്നാംതീയതി എടവംരാശി ഉദിക്കുന്നു. എടവം രാശിയുടെ പ്രമാണത്തെ ആ മാസത്തിലെ തീയതികൊണ്ടു ഭാഗിച്ചു ഓരോന്നും മേൽപ്രകാരം കുറച്ചാൽ അതാതു ദിവസങ്ങളിലെ ഉദയശേഷമുള്ള രാശി പ്രമാണം അറിയാവുന്നതാണു്. ഈ ന്യായം അനുസരിച്ചു ഏതു കാലത്തേക്കുമുള്ള ഉദയരാശി കണ്ടു പിടിക്കാവുന്നതാണു്. മേടം പത്താംതീയതി പത്തു നാഴിക പുലരുമ്പോൾ ഒരു പ്രസവമോ, പ്രശ്നമോ ഉണ്ടായാൽ അപ്പോഴത്തെ ലഗ്നരാശി ഏതാണെന്നു മേൽ പറഞ്ഞ ക്രമമനുസരിച്ചു ചിന്തിച്ചറിയണം.

മേടം രാശി പ്രമാണമായ 4 നാഴിക, 36 വിനാഴികയെ ആ മാസത്തിലേ തീയതി സംഖ്യയായ 31 കൊണ്ടു ഭാഗിക്കണം.

$4\times60+36\div31=\frac{276}{31}=8\frac{28}{31}$ വിനാഴിക

1 ദിവസത്തെ ഉദയാൽപൂർവം $8\frac{28}{31}$ വിനാഴിക ആണു്. രാശി പ്രമാണമായ 4 നാഴിക 36 വിനാഴികയിൽ നിന്നു $8\frac{28}{31}$ വിനാഴിക കുറച്ചാൽ ശേഷിക്കുന്നതു് ഉദയാൽപരമാണു്. ഈ ക്രമം അനുസരിച്ചു മേടം പത്താംതീയതിയ്ക്കു ഇതിന്റെ പത്തുഗുണമായ $8\frac{28}{31}\times10=\frac{2760}{31}89\frac{1}{31}$ വി:

$=89\frac{1}{31}\div60=1$ നാഴിക $29\frac{1}{31}$ വി. കിട്ടും.

ഇതു് പത്താം തീയതി സൂര്യോദയത്തിനു മുൻപു് മേടം രാശിയിൽ കഴിഞ്ഞ ഭാഗമാണു്.

മേടം രാശിപ്രമാണമായ 4-36-ൽ നിന്നു കഴിഞ്ഞ ഭാഗമായ 1 നാ: $29\frac{1}{31}$ വി: കഴിച്ചു് ബാക്കിയുള്ള 3 നാഴിക $6\frac{30}{31}$ വിനാഴിക ഉദയാൽപരം ആകുന്നു.

മേടമാസം പത്താംതീയതി 3നാഴിക $6\frac{30}{31}$ വിനാഴിക പുലരുന്നതുവരെ മേടം രാശിയും അതിനുശേഷം 5 നാഴിക 8 വിനാഴിക എടവം രാശിയുംഅതിനു ശേഷം 5 നാഴിക 29 വിനാഴിക മിഥുനം രാശിയും ഇങ്ങനെ ക്രമേണ കണ്ടുകൊള്ളണം.

ഈ ന്യായമനുസരിച്ചു 8 നാഴിക $14\frac{30}{31}$ വിനാഴിക പുലർച്ച മുതൽ 13 നാഴിക $43\frac{30}{31}$ വിനാഴിക പുലർച്ച വരെ മിഥുനംരാശി ആണെന്നു സ്പഷ്ടമാണല്ലൊ. അപ്പോൾ പത്തു നാഴിക പുലർച്ചയ്ക്കു ഉദയരാശിമിഥുനമാണെന്നു ഗ്രഹിക്കാവുന്നതാണു്.

ഇതുപോലെ അസ്തമനരാശി(ഉദയ രാശിയുടെ ഏഴാമത്തെ രാശി) പ്രമാണത്തെ വിനാഴികയാക്കി തീയതിസംഖ്യകൊണ്ടു ഭാഗിച്ചു മേൽപ്രകാരം അസ്തമനാൽപൂർവവും (അസ്തമിക്കുന്നതിനു മുൻപു കഴിഞ്ഞതും) അസ്തമനാൽപരവും (അസ്തമിച്ചതിനു ശേഷം കഴിയാനുള്ളതും) ആയ നാഴിക വിനാഴികകളെയും അറിഞ്ഞു അടുത്തുള്ളരാശി പ്രമാണങ്ങളെ കൂട്ടി അതാതു കാലത്തേക്കുള്ള ഉദയരാശി അറിഞ്ഞു കൊള്ളണം. ഇങ്ങനെയാണു് ചരരാശി ചക്രംകൊണ്ടു ഉദയാദിരാശി ബോധം വരുത്തേണ്ടതു്.

ഈ ചരരാശി ചക്രം തന്നെ, ഏതൊരു സ്ഥാനത്തെ നാം കേന്ദ്രമായി വിചാരിക്കുന്നുവോ അതിന്റെ ചുറും, സ്ഥിരമായും

നിരപ്പായും സ്ഥിതി ചെയ്യുന്നതായി കല്പിക്കപ്പെട്ടുന്നോഠം അതു സ്ഥിരരാശി ചക്രമെന്നറിയപ്പെടുന്നു. അപ്പോഠം കിഴക്കു മേടം എടവം, അഗ്നികോണിൽ മിഥുനം, തെക്കു കർക്കടകം ചിങ്ങം, നിരൃതികോണിൽ കന്നി പടിഞ്ഞാറു തുലാം വൃശ്ചികം, വായുകോണിൽ ധനുസ്സു്, വടക്കു മകരം കുംഭം, ഈശകോണിൽ മീനം, ഇങ്ങനെയാണു് സ്ഥിരചക്രത്തിലെ രാശിസ്ഥിതി.

മേടം, കർക്കടകം, തുലാം, മകരം ഈ രാശികഠം ചര രാശികളെന്നും ദ്വിസ്വഭാവരാശികളെന്നും ധാതുരാശികളെന്നും പറയപ്പെടുന്നു.

എടവം, ചിങ്ങം, വൃശ്ചികം, കുംഭം ഈ നാലു രാശികഠം സ്ഥിരരാശികളെന്നും ബാഹുരാശികളെന്നും മൂലരാശികളെന്നും പറയപ്പെടുന്നു.

മിഥുനം, കന്നി, ധനു, മീനം ഈനാലു രാശികഠം ഉഭയരാശികളെന്നും ഗർഭരാശികളെന്നും ജീവരാശികളെന്നും പറയപ്പെടുന്നു.

മേടം, മിഥുനം, ചിങ്ങം, തുലാം, ധനു, കുംഭം ഈ ആറു രാശികഠം ക്രൂരരാശികളെന്നും ഓജരാശികളെന്നും പുരുഷരാശികളെന്നും പറയപ്പെടുന്നു.

എടവം, കർക്കടകം, കന്നി, വൃശ്ചികം, മകരം, മീനം ഈ ആറുരാശികഠം സൌമ്യരാശികഠം എന്നും യുഗ്മരാശികഠം എന്നും സ്ത്രീരാശികഠം എന്നും പറയപ്പെടുന്നു.

മേഷസിംഹധനു	മേഷത്രികോണങ്ങഠം	കിഴക്കു്
വൃഷകന്നിമകരം	വൃഷത്രികോണങ്ങഠം	തെക്കു്
മിഥുനതുലാകുംഭം	മിഥുനത്രികോണങ്ങഠം	പടിഞ്ഞാറു.
കർക്കിവൃശ്ചികമീനം	കർക്കിത്രികോണങ്ങഠം	വടക്കു്

ഇങ്ങനെ ഓരോ ത്രികോണരാശികഠം അതാതു ദിക്കുകളിൽ സ്ഥിതിചെയ്യുന്നു; അതായതു മേടം, ചിങ്ങം, ധനു ഈ രാശികളെകൊണ്ടു ദിക്കു നിർണ്ണയിക്കേണ്ടി വന്നാൽ കിഴക്കും എടവം, കന്നി മകരം ഈ രാശികളെ കൊണ്ടു ദിക്കു നിർണ്ണയിക്കേണ്ടിവന്നാൽ തെക്കും, മിഥുനം, തുലാം, കുംഭം ഈ രാശികളെകൊണ്ടു ദിക്കു നിർണ്ണയിക്കേണ്ടിവന്നാൽ പടിഞ്ഞാറും, കർക്കടകം, വൃശ്ചികം, മീനം ഈ രാശികളെകൊണ്ടു ദിക്കു നിർണ്ണയിക്കേണ്ടി വന്നാൽ വടക്കും, പറയപ്പെടണമെന്നു താല്പര്യം.

ഭൗമശ്ശുക്രബുധേന്ദുസൂര്യ്യശശിജാശ്ശുക്രാരജീ-
വാർക്കജാ
മന്ദോദേവഗൃഹർക്ഷമേണകഥിതാഃമേഷാദിരാശീശ്വരാ:
സൂര്യ്യാദ്യുച്ചഗൃഹാഃക്രിയോവൃഷമൃഗസ്ത്രീകർക്കിമീനാസ്തുലാ
ദികൃത്യംശൈർമനുയുക്തിഥീഷുഭനഖാംശൈ-
സ്തേസ്തുനീചാഃ ക്രമാൽ.
(ഗ്രഹങ്ങളുടെ സ്വക്ഷേത്രങ്ങൾ)

സാരം—മേടം, വൃശ്ചികം ഈ രണ്ടു രാശികളും ചൊവ്വയുടെ ക്ഷേത്രങ്ങൾ.

ഏടവും, തുലാം ഈ രണ്ടു രാശികൾ ശുക്രന്റെ ക്ഷേത്രങ്ങൾ

മിഥുനം, കന്നി ഈ രണ്ടു രാശികളും ബുധന്റെ ക്ഷേത്രങ്ങൾ.

കർക്കടകം രാശി ചന്ദ്രന്റെ ക്ഷേത്രം.

ചിങ്ങം രാശി സൂര്യന്റെ ക്ഷേത്രം.

ധനു, മീനം ഈ രണ്ടു ക്ഷേത്രങ്ങൾ വ്യാഴക്ഷേത്രങ്ങൾ.

സൂര്യന്റെ ഉച്ചനീചങ്ങൾ

മേടം പത്തു ഭാഗവരെ ആദിത്യന് ഉച്ചമാണു്. എന്നാൽ ഒൻപതു ഭാഗയ്ക്കുമേൽ പത്തുഭാഗ തികയുന്നതുവരെ അത്യുച്ചകാലമാണു്.

അതുപോലെ ഉച്ചരാശിയുടെ ഏഴാം രാശിയായതുലാം ആദിത്യന്റെ നീചരാശി ആണു്. ഒൻപതു തീയതി വരെ നീചവും ഒൻപതിനുമേൽ പത്തുവരെ അതിനീചവും ആണു്.

ചന്ദ്രന്റെ ഉച്ചനീചങ്ങൾ

ചന്ദ്രനു് ഏടവംരാശി ഉച്ചമാണു്. രണ്ടു ഭാഗവരെ ആണു ഉച്ചകാലം, രണ്ടു ഭാഗയ്ക്കുമേൽ 3 ഭാഗതികയുന്നതുവരെയുള്ള കാലം അത്യുച്ചമാണു്. വൃശ്ചികം നീചരാശി ആണു്. രണ്ടുഭാഗവരെ നീചവും രണ്ടു ഭാഗയ്ക്കുമേൽ മൂന്നു ഭാഗവരെ അതിനീചവും ആണു്.

ചൊവ്വയുടെ ഉച്ചനീചങ്ങൾ

മകരം ചൊവ്വയുടെ ഉച്ചരാശി ആണു്. 27 ഭാഗവരെ ഉച്ചവും 27-നു മേൽ 28 വരെ അത്യുച്ചകാലവും ആണു്. കർക്കടകം ചൊവ്വയുടെ നീചരാശി ആണു് 27വരെ നീചകാലവും 27-നു മേൽ 28 വരെ അതിനീചകാലവും ആകുന്നു.

(ബുധന്റെ ഉച്ചനീചങ്ങൾ)

കന്നി ബുധന്റെ ഉച്ചരാശിആകുന്നു. പതിനാലു ഭാഗവരെ ഉച്ചവും പതിനാലിനുമേൽ പതിനഞ്ചുവരെഅത്യുച്ചവും ആകുന്നു. മീനംബുധന്റെ നീചരാശി ആകുന്നു. പതിനാലു ഭാഗവരെ നീചവും പതിനാലിനുമേൽ പതിനഞ്ചു തികയുന്നതുവരെയുള്ള ഭാഗം അതിനീചവും ആകുന്നു.

(വ്യാഴത്തിന്റെ ഉച്ചനീചങ്ങൾ)

കർക്കടകം വ്യാഴത്തിന്റെ ഉച്ചരാശി ആകുന്നു. നാലുഭാഗവരെ ഉച്ചവും നാലിനുമേൽ അഞ്ചു തികയുന്നതുവരെ അത്യുച്ചവും ആകുന്നു. മകരം വ്യാഴത്തിന്റെ നീചരാശി ആകുന്നു. നാലുവരെ നീചവും നാലിനുമേൽ അഞ്ചു തികയുന്നതുവരെ അതിനീചവും ആകുന്നു.

(ശുക്രന്റെ ഉച്ചനീചങ്ങൾ)

മീനം ശുക്രന്റെ ഉച്ചരാശി ആകുന്നു. 26 ഭാഗവരെ ഉച്ചവും ഇരുപത്തേഴാമതു ഭാഗം അത്യുച്ചവും ആകുന്നു. അതുപോലെ കന്നി ശുക്രന്റെ നീചരാശി ആണു്. ഇരുപത്താറുഭാഗവരെ നീചവും 27-ാമതു ഭാഗം അതിനീചവും ആണു്.

(ശനിയുടെ ഉച്ചനീചങ്ങൾ)

തുലാം ശനിയുടെ ഉച്ചരാശി ആണു്. 19 ഭാഗവരെ ഉച്ചവും 19-ന മേൽ 20 വരെ അത്യുച്ചവും ആകുന്നു. മേടം ശനിയുടെ നീചരാശി ആകുന്നു. 19 വരെ നീചവും 19-ന മേൽ 20 വരെ അതിനീചവും ആകുന്നു.

സിംഹവൃഷാ ജവനിതാ ചാപജൂകുഖടാ ക്രമാൽ
മൂലത്രികോണാഃ കഥിതാഃ സൂര്യാദേസ്വീയഭാഗികം.

സാ:- ചിങ്ങം ഇരുപതു ഭാഗതികയുന്നതുവരെ സൂര്യന്റെ മൂലത്രികോണ രാശിയും അതിനുമേൽ സ്വക്ഷേത്രവും ആകുന്നു. എടവം രാശിയിൽ 3 ഭാഗയുടെ മേൽ അവസാനംവരെ ചന്ദ്രന മൂലത്രികോണമാകുന്നു. ചൊവ്വയുടെ മേടത്തിൽ പതിന്റെ ഭാഗവരെമൂലത്രികോണരാശിയും അതിനുമേൽ സ്വക്ഷേത്രവും ആകുന്നു. കന്നി പതിനഞ്ചു ഭാഗയുടെ മേൽ 20 ഭാവരെ ബുധന്റെ മൂലത്രികോണരാശിആണു്. പതനഞ്ചുവരെ ഉച്ചമാണല്ലൊ. 20-ന മേൽ 30 വരെ സ്വക്ഷേത്രമാകുന്നു. ധനു പത്തു ഭാഗവരെ വ്യാഴത്തന്റെ മൂലത്രികോണരാശി ആകുന്നു. പത്തിനു മേൽ 30 വരെ സ്വക്ഷേത്രമാകുന്നു. ശുക്രന തുലാം പതിനഞ്ചു ഭാഗവരെ മൂല

കാണമാണു്. പതിനഞ്ചിനുമേൽ ശുക്രന്റെ സ്വക്ഷേത്രവും ആകുന്നു. ശനിയുടെ കുംഭം ഇരുപതുവരെ മൂലക്ഷേത്രവുംഅതിനു മേൽ സ്വക്ഷേത്രവും ആകുന്നു. ഒരു ഗ്രഹത്തിനു ഒരു രാശി ഉച്ചം, മൂലത്രികോണം, സ്വക്ഷേത്രം ഇങ്ങനെ ഒന്നിലധികം ബന്ധങ്ങൾ വരുമ്പോൾ മേൽപറഞ്ഞ ഭാഗങ്ങൾ അനുസരിച്ചു വേണം ആ ഗ്രഹങ്ങൾ എവിടെ നിൽക്കുന്നുഎന്നു നിശ്ചയിക്കേണ്ടതു്.

മീനഃ കർക്കീ മൃഗാന്ത്യാർദ്ധ വൃഷതൌല്യളി യോഷിതഃ

കുംഭശ്ചേതോയ ഭോനിസൃഗ്രഹേഷു ശശിഭാർക്കവൌ.
തോയാത്മകൌ, ജ്ഞജീവൌയു സതോയൌ തോയ-
രാശിഗൌ
വിതോയാ വന്യരാശിസ്ഥൌ ശുഷ്ക്കാഃശന്യർക്ക
ഭൂമിജാഃ 5.
രാഹുശ്ച ജലരാശിസ്ഥഃ സപ്തപ്തതോയാഭവന്തി-
ഹി ഇ. 6.

സാരം—മീനം, കർക്കടകം, മകരത്തിന്റെ പകുതിയുടെമേൽ, എടവം, തുലാം, വൃശ്ചികം, കന്നി, കുംഭംഇങ്ങനെ ഏഴു രാശികളും ജലരാശികളാണു്. ഈജലരാശികളിൽ വച്ചു മകരവും കർക്കടകവും മീനവുംവളരെ ജലമുള്ള രാശികളാണെന്നുള്ള വിശേഷവുംഗ്രഹിച്ചുകൊള്ളണം. ഗ്രഹങ്ങളിൽ ചന്ദ്രനും ശുക്രനും ജലഗ്രഹങ്ങളാണു്. ബുധനുംവ്യാഴവും ജലരാശിയിൽ നിൽക്കുമ്പോൾ ജലഗ്രഹങ്ങളാണെന്നു അറിയണം. ജലരാശിയിലല്ലാതെമറു രാശികളിൽ നിന്നാൽ ജലഗ്രഹങ്ങളല്ലെന്നുള്ളതു് പ്രത്യേകം ഓർത്തു കൊള്ളണം. ചന്ദ്രശുക്രന്മാർ ഏതു രാശിയിൽ നിന്നാലും ജലഗ്രഹങ്ങളാണെന്നു ഇതുകൊണ്ടു സ്പഷ്ടമാകുന്നു. ശനി, സൂര്യൻ, ചൊവ്വ, രാഹു ഇവർ ശുഷ്ക്കഗ്രഹങ്ങളാണു്. ഇവരും ജലരാശിയിൽനില്ക്കുമ്പോൾ ബലമനുസരിച്ചു ജലകാരകത്വം അല്പമായി പറയാവുന്നതാണു്.

വൃഷാജകർക്കീ മൃഗചാപരാശയഃ പൃഷ്ഠോദയാ
സിംഹഘടാളിരാശയഃ
ജൂകാംഗനേ ശീർഷഗതോദയാ ചതേ യുഗ്മമീനാവു
ഭയോദയേ സ്മൃതേ.

സാരം: —മേടം, ഇടവം, കർക്കടകം, ധനു, മകരം ഈ അഞ്ച് രാശികളും പൃഷ്ഠോദയ രാശികളാകുന്നു. ചിങ്ങം, കന്നി, തുലാം, വൃശ്ചികം, കുംഭം ഈ അഞ്ചു രാശികളും ശീർഷോദയ രാശികളും മീനം, മിഥുനം ഈ രണ്ടു രാശികളും ഉഭയോദയ രാശികളും ആകുന്നു. പൃഷ്ഠംകൊണ്ടു ഉദിക്കുന്നവ പൃഷ്ഠോദയരാശികളും, ശിരസുകൊണ്ടു ഉദിക്കുന്നവ ശീർഷോദയരാശികളും ശീർഷപൃഷ്ഠങ്ങൾകൊണ്ടു, ഉദിക്കുന്നവ ഉഭയോദയരാശികളും ആകുന്നു. മിഥുനംരാശി ,ഉഭയോദയരാശിയല്ല, ശീർഷോദയരാശിയാകുന്നു എന്നു അഭിപ്രായഭേദമുണ്ട്. വരാഹഹോരയിലും ഈ അഭിപ്രായമാണു കാണുന്നതു്.

സിംഹോംഗനാ തുലാകീടകുംഭാസ്യഃ സൂര്യരാശ്മയഃ
വൃഷാജാശ്വന്യുക്ക്നക്ര കർക്കടാചന്ദ്രരാശയഃ 8
മീനെനസന്ധ്യാഗതെനു പ്രോക്തെനുത്സഷ്ടാദ്യാ ബ്രാഹ്മ-
ണാദയഃ 9

സാരം—ചിങ്ങം, കന്നി, തുലാം വൃശ്ചികം, കുംഭം ഈ അഞ്ചു രാശികളും പകൽരാശികളാണു്. മേടം, ഇടവം, മിഥുനം കർക്കടകം, ധനു, മകരം ഈ ആറു രാശികളും രാത്രിരാശികളാണു്. മീനം സന്ധ്യാരാശി ആണു്.

മീനം,കർക്കടകം വൃശ്ചികം ബ്രാഹ്മണരാശി; മേടം, ചിങ്ങം, ധനു ക്ഷത്രിയരാശി; ഇടവം, കന്നി, മകരം വൈശ്യരാശി, മിഥുനം, തുലാം, കുംഭം ശൂദ്രരാശി ഇങ്ങനെയുള്ള ഭേദങ്ങളും ഗ്രാഹ്യമാകുന്നു.

ലഗ്നാദിഭാവങ്ങൾ.

കല്യസംഭവിക്രമ ഗൃഹപ്രതിഭോക്ഷതാനിചിന്തൊത്ഥരന്ധ്ര
ഗുരുമാനഭവവ്യയാനി
ലഗ്നാൽ ചതുർത്ഥനിധനെ ചതുരശ്രസംജ്ഞെദ്യൂനം ച
സപ്തമഗൃഹം ദശമർക്ഷമാജ്ഞാ

സാരം—ലഗ്നം എന്നു പറയുന്നതു് അപ്പോഴത്തെ ഉദയരാശിക്കാണു്. പ്രശ്നത്തിനുംമറ്റും ആരൂഢരാശിയുംഉദയമെന്നു പറയാം. ഈ രാശികൾക്കു് കല്യമെന്നാണു് പേരു്. ലഗ്നംകൊണ്ടും ആരൂഢംകൊണ്ടും ദേഹസൗഷ്ഠവത്തെ ചിന്തിക്കണം. രണ്ടാംഭാവംകൊണ്ടു ധനത്തേയും, മൂന്നാംഭാവംകൊണ്ടു പരാക്രമത്തേയും, നാലാംഭാവംകൊണ്ടുസദ്ഭവനത്തേയും, അഞ്ചാംഭാവംകൊണ്ടു് ബുദ്ധിയേയും, ആറാംഭാ

വംകൊണ്ട് വ്യണാദികളേയും, ഏഴാംഭാവംകൊണ്ട് കാമവികാരങ്ങളേയും, എട്ടാംഭാവംകൊണ്ട് ആപത്തുകളേയും, ഒൻപതാംഭാവം കൊണ്ട് ഗുരുക്കന്മാരേയും, പത്താംഭാവംകൊണ്ട് അഭിമാനത്തേയും, പതിനൊന്നാംഭാവം കൊണ്ട് ലാഭത്തെയും, പന്ത്രണ്ടാം ഭാവംകൊണ്ട് ധനവ്യയത്തെയും വിചാരിക്കണം. ലഗ്നത്തിൽനിന്നു നാലും, എട്ടും ഭാവങ്ങൾ ചതുരശ്രങ്ങളെന്നു പറയപ്പെട്ടും. ഏഴാം ഭാവത്തിനു ദൂനമെന്നും, പത്താംഭാവത്തിനു ആജ്ഞയെന്നും പേരുണ്ട്. ലഗ്നാദികളായ പന്ത്രണ്ടു ഭാവനാമങ്ങളെ ചുരുക്കമായിട്ടാണു ഈ പദ്യംകൊണ്ടു പറയപ്പെട്ടതു്.

ഈ പദ്യം സരളമായും അർത്ഥഗർഭമായും രചിക്കപ്പെട്ട ബൃഹൽജ്ജാതകത്തിലേതാണു് താഴെകാണിക്കുന്ന ഭാവനാമങ്ങളെല്ലാം അവയിൽ സൂചിപ്പിച്ചിട്ടുണ്ടു്.

ലഗ്നഭാവംകൊണ്ടു് ദേഹം, ഹോര, ഉദയം, രൂപം, ശിരസ്സു്, വർത്തമാനജന്മം, കല്യം ഇവയും;

രണ്ടാംഭാവംകൊണ്ടു് ധനം, വിദ്യ, ആഹാരപാത്രം, വലതുനേത്രം, മുഖം, കടലാസു്, ഏഴഴത്തോല മുതലായവ, വാക്കു്, കുടുംബം ഇവയും;

മൂന്നാംഭാവംകൊണ്ടു് ധൈര്യബുദ്ധി, മാറിടം, വലതുകർണ്ണം, സൈന്യം, ശൌര്യം, പരാക്രമം, സഹോദരൻ, മൃത്യു ഇവയും;

നാലാംഭാവംകൊണ്ടു് വീടു്, മറ്റു ആലയഭേദങ്ങൾ, മാതുലൻ, ബന്ധുക്കൾ, വാഹനം, മാതാവു്, അനന്തിരവൻ, പശുക്കൾ, കട്ടിലു്, പീഠം, കിണറു്, കുളംമുതലായ ജലാശയങ്ങൾ, രാജ്യം, സുഗന്ധം, ആഭരണം, വസ്ത്രം, പാതാളം ഇവയും;

അഞ്ചാംഭാവംകൊണ്ടു് രാജചിഹ്നം, മന്ത്രി, ആത്മാവു്, ബുദ്ധി, ഭാവിജന്മം, അറിവു്, പുത്രൻ, വയറു്, വേദങ്ങൾ, സ്മൃതികൾ, പുണ്യം ഇവയും;

ആറാംഭാവംകൊണ്ടു് തസ്കരൻ, ശത്രു, ജ്ഞാതി, കടം, യുദ്ധം, ആയുധം, ദുശ്ശാഠ്യം, ഭയം, അപമാനം, വിഘ്നം, രോഗങ്ങൾ, മനോദുഃഖം ഇവയും;

ഏഴാംഭാവംകൊണ്ടു് സംബന്ധികൾ, കാമവികാരാദികൾ, മരണം, നാശം, മാർഗ്ഗം, പൊതുജനങ്ങൾ, ഭർത്താവു്, ഭാര്യ ഇവയും;

ഏട്ടാംഭാവംകൊണ്ടു് മംഗല്യവസ്തുവായകെട്ടുതാലി, ലോക്ഷം, മലിനം, അപമാനം, അപവാദം, അശ്രുക്കി, ആയുസ്സു്, വിഘ്നം, ഭൃത്യൻ, മൃത്യു ഇവയും,

ഒൻപതാംഭാവംകൊണ്ടു് ഗുരുക്കന്മാർ, ദേവന്മാർ, പിതൃകർമ്മം, പൂർവ്വജന്മം, പൂജ, തപസ്സു്, പൌരോഹിത്യൻ, മന്ത്രജപം ദയ, ദാനം, സുശീലത ഇവയും;

പത്താംഭാവംകൊണ്ടു് വ്യാപാരം, ഇരിപ്പിടം, അഭിമാനം, ജ്ഞാ, കീർത്തി, ആകാശം, ആജ്ഞ ഇവയും;

പതിനൊന്നാംഭാവംകൊണ്ടു് വരവു്, ആഗമനം, പ്രാപ്തി, ശ്രേഷ്ഠത, ജ്യേഷ്ഠസഹോദരങ്ങൾ, ഇടത്തെകർണ്ണം, സന്തോഷം ഇവയും;

പന്ത്രണ്ടാംഭാവംകൊണ്ടു് ദുഃഖം, പാടം, ഇടത്തുകണ്ണു്, നാശം, നഷ്ടം, ദാരിദ്ര്യം, പാപം, ശയനം, ചിലവു്, ബന്ധനം ഇവയും; ഇവയോടു് ശാസ്ത്രങ്ങളെക്കൊണ്ടും യുക്തികളെക്കൊണ്ടും യോജിക്കുന്ന മറ്റു ഫലങ്ങളും വിചാരിക്കപ്പെടാം.

"ഹിബുകേനാധസ്സലിലം നദ്യാഗമനം തു സപ്തമേനൈവ
ദശമേനവൃഷ്ടിപതനം ബ്രൂയാദുദയേന തത്ത്രിതയം."

1. ആകാശത്തു നിന്നുള്ള ജലപാതം,
2. നദീപ്രവാഹം,
3. ഭൂമിക്കുള്ളിൽനിന്നു് കിണറു, കുളം മുതലായ ഉപാധികളിലുള്ള വെള്ളനില.

ഇങ്ങനെ ജലാഗമം മൂന്നു മാർഗ്ഗത്തിലാണു് കാണപ്പെടുന്നതു് ഇവയിൽ ആദ്യഭാഗങ്ങളുടെ നാലാംഭാവം കൊണ്ടാണു കിണറു മുതലായ ജലാശയത്തെയും അവയിലുള്ള വെള്ളത്തിന്റെ ശുഭാശുഭത്തെയും ചിന്തിക്കേണ്ടതു്. നാലാംഭാവംകൊണ്ടു കിണറു മുതലായവയേയും, ഏഴാംഭാവംകൊണ്ടു് നദിപ്രവാഹത്തെയും, പത്താംഭാവംകൊണ്ടു് വർഷയോഗത്തെയും ചിന്തിക്കണം. എന്നാൽ ഇവമൂന്നും അതാതു പ്രശ്നങ്ങളിൽ ലഗ്നാദ്യങ്ങളെക്കൊണ്ടുതന്നെ ചിന്തിക്കാവുന്നതാണു്. ഇവിടെ പ്രകൃതം കൃപചിന്തയാകയാൽ അതിന്റെ ഗുണദോഷാദ്യവസ്ഥകം ഉള്ള യാദ്യങ്ങളെക്കൊണ്ടും, നാലാംഭാവങ്ങളെക്കൊണ്ടും ശരിയായി ചിന്തിച്ചറിഞ്ഞുകൊള്ളണം.

പ്രച്ഛകാധിഷ്ഠിതം രാശിം വിജ്ഞായാനേന പൃച്ഛതഃ
അന്തർഭൂതംഹിവക്തവ്യം കിമപി പ്രത്യയാപ്തയെ.

ശാസ്ത്രങ്ങളിൽ ആദരവും സ്ഥപതിയിൽ വിശ്വാസവും തോന്നത്തക്കവണ്ണം ചില ഫലങ്ങൾ അവിടെവച്ചു പറയുന്നതു് സമുചിതവും സാധാരണവുമാണു്. അതു് ആദ്യരാശിയെ ശരിയായി ഗ്രഹിച്ചു് അതിനെ തുടർന്നുള്ള പന്ത്രണ്ടുഭാവങ്ങളെകൊണ്ടാണു് വേണ്ടതു്. മേൽകാണിച്ച രാശിചക്രത്തിലുള്ള മേടം മുതലായ രാശികൾ മൃത്താചാരിയുടെ ചുറ്റുമായിട്ടാണു് സ്ഥിതിചെയ്യുന്നതു്. ഈ രാശികളിൽ ഏതൊന്നിലാണൊ പ്രശ്നാവു് സ്ഥിതിചെയ്യുകൊണ്ടു് ഭൂമിയായി കാണ്മും പറഞ്ഞതു് ആ രാശി ആദ്യഭാവമാണെന്നു് അറിയണം. ഇതു് മേൽ വിവരിച്ചിട്ടുണ്ടു്. പ്രശ്നാവു് ആദ്യമായി ഉപയോഗിച്ച വാക്യത്തിലെ അക്ഷരങ്ങളും അക്ഷരസംഖ്യകളും അറിഞ്ഞു് അതു് സൂക്ഷിച്ചുകൊള്ളണം. പ്രശ്നാവു് സ്ഥിതിചെയ്യുന്ന ആ രാശിക്കു് ഭൂതാദ്യഭാവമെന്നും, പ്രശ്നാദ്യഭാവമെന്നും, ലഗ്നമെന്നും പറയപ്പെടും. അതുകൊണ്ടു് ഒന്നാമത്തെ ഫലം പറയുന്നതിനുള്ള ഒരു മാർഗ്ഗം പുരുക്കമായി താഴെകാണിക്കുന്നു.

തന്നെ വിളിക്കുന്നതിനായി വീട്ടിൽനിന്നും പ്രശ്നാവു് പുറപ്പെട്ടശ്ശേഷം ആദ്യമായി കണ്ട ശകുനം ഇന്നതാണെന്നു് പറയുവാനാണു് ഇവിടെ ഭാവിക്കുന്നതു്.

മേൽപറഞ്ഞ ആദ്യഭാത്തിന്റെ ഏഴിൽ അപ്പോഴത്തെ ഗ്രഹസ്ഥിതിയനുസരിച്ചു് സൂര്യൻ നിൽക്കുന്നുവെങ്കിൽ തനിക്കു ശകുനമായി കാണാൻ സാധിച്ചതു് പ്രതാപശാലികളെയാണെന്നും, ആ സൂര്യൻ ഏഴിൽ മേടത്തിലാണെങ്കിൽ മഹാരാജാക്കന്മാരെയാണെന്നും, ചിങ്ങത്തിലാണെങ്കിൽ രാജാക്കന്മാരെയാണെന്നും പറയണം. സൂര്യൻ തുലാംരാശിയിൽ നിന്നാൽ നാമമാത്ര രാജത്വമുള്ളവരെയൊ, അവരുടെ സ്ത്രീകളെയൊ പറയാം. പക്ഷെ പ്രഭുത്വവും ശ്രേഷ്ഠിയും ദുർല്ലഭമായിരിക്കും. മറ്റു രാശികളെക്കൊണ്ടു് പ്രഭുക്കന്മാരെ ആണു് ചിന്തിക്കേണ്ടതു്. സൂര്യൻ നിൽക്കുന്ന രാശിയുടെ നാലാംഭാവചിന്തകൊണ്ടാണു് രാജാക്കന്മാരും മറ്റും വാഹനങ്ങളിൽ കയറി വന്നുവൊ ഇല്ലയൊ എന്നു ചിന്തിക്കേണ്ടതു്. നാലാംഭാവത്തിനു് ബലവും തൽഭാവാധിപതിക്കു് കേന്ദ്രത്രികോണാദിബന്ധവും ഉണ്ടായാൽ പ്രത്യക്ഷപ്പെട്ട ശകുനം വാഹനാസീനമായിരുന്നുഎന്നു് അറിയേണ്ടതാണു്. ഏതൊരു ഗ്രഹത്തെക്കൊണ്ടു് വാഹനം പറഞ്ഞുവൊ ആ ഗ്രഹം ശകടദ്രേക്കാണത്തിലായാൽ വണ്ടിയും നാൽക്കാലിദ്രേക്കാണത്തിലായാൽ നാൽക്കാലികളും വാഹനങ്ങളായി പറയപ്പെടണം.

ദ്രേക്കാണത്തിനു് അഗ്നിസംബന്ധമുണ്ടായാൽ വണ്ണി ശത്രുവേ
ഗമുള്ളതാണെന്നും നാൽക്കാലിസംബന്ധമുണ്ടായാൽ മൃഗവേഗ
മുള്ളതാണെന്നും അറിയണം. അഗ്നിസംബന്ധവും, നാൽക്കാ
ലിസംബന്ധവും ഇല്ലാതെ ശകടദ്രേക്കാണബന്ധം മാത്രമായാൽ
സൈക്കിൾ, റിക്ഷ മുതലായ വാഹനങ്ങളെ പറയണം. ശകുന
മായി കാണപ്പെട്ട ആൾ ധരിച്ചിരിക്കുന്ന വസ്ത്രാദികളും കൈയി
ലുള്ള മറ്റു വസ്തുക്കളും ഇവവക ലക്ഷണങ്ങളും ചിന്തിച്ചു പറഞ്ഞു
കൊള്ളണം.

ആദ്യരാശിയുടെ മുഴുവൻ ചന്ദ്രൻനിന്നാൽ ശകുനമായി
കാണാൻ സാധിച്ചതു് സ്ത്രീകളെയാണെന്നും, ആ ചന്ദ്രൻ മുഴുവൻ
ഇടവം രാശിയിലായാൽ രാജസ്ത്രീകളെയാണെന്നും, കർക്കടകം രാ
ശിയിലായാൽ പ്രൗഢസ്ത്രീകളെയാണെന്നും, വൃശ്ചികം രാശിയിൽ
നിന്നാൽ നീചസ്ത്രീകളെയാണെന്നും പറയണം. മേടത്തിൽ നി
ന്നാൽ ദുഷ്ടസ്ത്രീയെയും, മിഥുനത്തിൽ നിന്നാൽ കാപട്യമുള്ള
വളെയും, ചിങ്ങത്തിൽ നിന്നാൽ അഹങ്കാരിണിയേയും, മകരം,
കുംഭം ഈ രാശികളിൽ നിന്നാൽ വഞ്ചനാശീലയേയും, ധനു, മീ
നം ഈ രാശികളിൽ നിന്നാൽ സാധ്വിയേയും, തുലാം രാശി
യിൽ നിന്നാൽ വൈശ്യസ്ത്രീയെയും കണ്ടുവെന്നു പറയണം. ച
ന്ദ്രന്റെ കലാവൃദ്ധിയനുസരിച്ചോ രാശിമാനമനുസരിച്ചോ അ
ഥവാ രാശ്യംശസംഖ്യ കൊണ്ടോഇവരുടെ പ്രായവുംപറയപ്പെടു
വുന്നതാണു്.

ചന്ദ്രനോടുകൂടി രാഹുവും തുലാംകോണത്തിൽ വ്യാഴവും നി
ന്നാൽ ഗർഭിണിയെയാണു് ശകുനം കണ്ടതെന്നു പറയാം. ചന്ദ്ര
നു് നാൽക്കാലിരാശിസ്ഥിതി സപാശമായനാൽക്കാലിദ്രേ
ക്കാണയോഗം ഇവയുണ്ടെങ്കിൽ പശുക്കളെകണ്ടുവെന്നുപറ
യണം. ചന്ദ്രൻ നിൽക്കുന്ന രാശിയുടെ നിറത്തോടു സമാനമാ
യി പശുവിന്റെ നിറത്തെയുംയുക്തിപൂർവം ചിന്തിച്ചറിയണം.

"ചന്ദ്രൻ പതിനഞ്ചുദിവസംകൊണ്ടു പൂർണ്ണനാകുന്നു. ഒ
ന്നു് ബാല്യം, രണ്ടു് കൌമാരം, മൂന്നു് യൗവ്വനം, നാലു് വൃദ്ധത,
അഞ്ചു് അതിവൃദ്ധത ഇങ്ങനെ അഞ്ചവസ്ഥഅറിഞ്ഞു പ്രായം
പറയണം. വെളുത്തപക്ഷത്തിലെ തൃതീയവരെ ബാല്യവും, ഷഷ്ഠി
വരെ കൌമാരവും ഇങ്ങനെ ക്രമത്തിൽ അറിയണം. കറുത്ത
പക്ഷത്തിൽ ഇതു് വിപരീതമായി കണ്ടുകൊള്ളണം. ഇങ്ങനെ
യാണു് ചന്ദ്രന്റെ കലാവൃദ്ധികൊണ്ടു് പ്രായം നിർണ്ണയിക്കേ
ണ്ട ക്രമം."

രാശിമാനം.

മീനത്തിനും മേടത്തിനും 20
കുംഭത്തിനും ഇടവത്തിനും 24
മകരത്തിനും മിഥുനത്തിനും 28
ധനുവിനും കർക്കടകത്തിനും 32
വൃശ്ചികത്തിനും ചിങ്ങത്തിനും 36
തുലാത്തിനും കന്നിക്കും 40

ഗ്രഹങ്ങളുടെ വയോസംഖ്യ

ഒരു വയസ്സുവരെ ചന്ദ്രനു്, മൂന്നുവയസ്സുവരെ ചൊവ്വയ്ക്കു്; പത്തുണ്ടു വയസ്സുവരെ ബുധനും, മുപ്പത്തിരണ്ടുവരെ ശുക്രനു്, അൻപതുവരെ വ്യാഴത്തിനു് എഴുപതുവരെ സൂര്യനു്, എഴുപതിനുമേൽ നൂറിരുപതുവരെ ശനിക്കു് ഇങ്ങിനെ ഗ്രഹങ്ങളെ കൊണ്ടും പ്രായം നിശ്ചയിക്കാവുന്നതാണു്.

ആയുർദ്ധരാശിയുടെ ഏഴിൽ ചൊവ്വാ നിന്നാൽ ആയുധധാരികളായ പുരുഷന്മാരെ കണ്ടുവെന്നും, ചൊവ്വ ഏഴിൽ മകരത്തിൽ നിന്നാൽ സേനാനായകനെ കണ്ടുവെന്നും, മേടത്തിൽനിന്നാൽ രാജഭൃത്യന്മാരെ കണ്ടുവെന്നും, വൃശ്ചികം രാശിയിൽ നിന്നാൽ രാജട്ടത്യവർഗ്ഗത്തിൽ ഉൾപെട്ട സ്ത്രീകളെ കണ്ടുവെന്നും പറയണം. മറു രാശികളിൽ നിൽക്കുന്ന ചൊവ്വായ്ക്കു് ആയുധദ്രേക്കാണസ്ഥിതി വന്നാൽ മരം മുറിക്കുക, വിറകുവെട്ടുക മുതലായ പ്രവൃത്തിക്കാരെക്കണ്ടുവെന്നും, അഗ്നിദ്രേക്കാണത്തിൽ നിന്നാൽ യന്ത്രപ്പണി, സ്വർണ്ണപ്പണി മുതലായ തൊഴിൽക്കാരെ കണ്ടുവെന്നും പറയണം. ചൊവ്വാ മറു നാൽക്കാലിരാശിയിൽ പാശദ്രേക്കാണത്തിൽ നിന്നാൽ ആടു്, കുരങ്ങു്, പെന്നായ് ഇവുവക മൃഗങ്ങളെ ശകുനമായി കണ്ടുഎന്നും നിഗളദ്രേക്കാണത്തിൽ നിന്നാൽ ബന്ധനസ്ഥന്മാരായ കുലപുള്ളികളേയുംമറും കണ്ടുഎന്നും പറയണം. സൂര്യനും ചൊവ്വയുംകൂടി ഊർദ്ധ്വമുഖരാശിയിൽ നിൽക്കുകയും അവരിൽ ഒരാൾക്കെങ്കിലും അഗ്നിദ്രേക്കാണയോഗം ഉണ്ടാവുകയും ചെയ്താൽ ജ്വലിക്കുന്ന അഗ്നി (വിളക്കു്) ശകുനമായി കാണപ്പെട്ടു എന്നു പറയണം.

മേൽപ്രകാരം ആയുർദ്ധത്തിന്റെ ഏഴിൽ ബുധൻനിന്നാൽ,വിദ്വാന്മാർ ശില്പികരം, ഗണകന്മാർ,അമ്പല വാസികരം,

ഇവരെ ശകുനമായി കണ്ടിട്ടുണ്ടെന്നു പറയണം. എന്നാൽ ബു ധൻ ഏഴിൽ കന്നിയിൽ നിന്നാൽ വലിയ പണ്ഡിതനെയൊ, വക്കീലിനെയൊ, വാചാലനായ പ്രാസംഗികനെയൊ കണ്ടു എ ന്നും, ഏഴിൽ മീനത്തിൽ നിന്നാൽ, ഹൃദ്യകലകളിൽ കുശല ന്മാരായ ഭാഗ്യാഭത്താക്കന്മാരെകണ്ടുവെന്നും, മീനത്തിൽനി ന്നാൽ പശുക്കളെ മേയ്ക്കുന്നവരെയും, ഇടവത്തിൽ നിന്നാൽ പാട്ടുകാരികളെയും, തുലാത്തിൽ നിന്നാൽ കളിച്ചുനടക്കുന്ന കുട്ടി കളെയും, മേടത്തിൽ നിന്നാൽ വിശേഷിച്ചു വാർപ്പ് പണിക്കാ രനെയും, വൃശ്ചികത്തിൽ നിന്നാൽ മദ്യവ്യാപാരിയേയും, ധനു രാശിയിൽ നിന്നാൽ കോപിഷ്ഠനായ ബ്രാഹ്മണനെയും, മക രം, കുംഭം ഈ രാശികളിൽ നിന്നാൽ യുദ്ധോചിതങ്ങളായ ആ യുധങ്ങളും ധരിച്ച ഒരുതരം ഭടന്മാരെയും, കർക്കടകം രാശിയിൽ നിന്നാൽ ജലപാത്രധാരിണികളായ സ്ത്രീകളെയും, ചിങ്ങം രാ ശിയിൽനിന്നാൽ വിഷവൈദ്യന്മാരെയും ശകുനംകണ്ടു എന്നുപ റയണം. ഇവിടെയും മൃഗദ്രേക്കാണാടി സംബന്ധം അനുസരിച്ച് പൂച്ച മുതലായ മൃഗങ്ങളെയും വിചാരിക്കാവുന്നതാണു്.

ആശ്രുഡാൽ ഏഴിൽ വ്യാഴം നിന്നാൽ ബ്രാഹ്മണർ, സദാ ചാരതല്പരന്മാരായ ജനങ്ങളും, ജ്ഞാനികളും ഇവരെ കണ്ടുവെന്നാ ണു് പറയേണ്ടതു്. വ്യാഴം ഏഴിൽ കർക്കടകത്തിൽ നിന്നാൽ ഉൽ കൃഷ്ടനായ തന്ത്രിയേയും, ചിങ്ങം രാശിയിൽനിന്നാൽ രാജപ്രീതി കതപാ നിമിത്തം രഹസ്യമായി സഞ്ചരിക്കുന്ന രാജഭൃത്യന്മാരെ യും, മേടത്തിലൊ വൃശ്ചികത്തിലൊ നിന്നാൽ ദുർബുദ്ധികളായ ബ്രാഹ്മണരെയും, ഇടവത്തിൽ നിന്നാൽ ബ്രാഹ്മണസ്ത്രീയേയും, തുലാത്തിൽ നിന്നാൽ ഗായകനെയും, കന്നിയിൽനിന്നാൽ ഭ്രഷ്ട നായി രാജ്യാന്തരവാസിയായ അമ്പലവാസിയേയും, മകരത്തിൽ നിന്നാൽ നീചകർമ്മം നിമിത്തം നിന്ദ്യനായിത്തീർന്ന ബ്രാഹ്മണ നെയും, കുംഭത്തിൽ നിന്നാൽ പാചകക്കാരനായ ബ്രാഹ്മണനെ യും, ധനുരാശിയിൽ നിന്നാൽ മന്ത്രിപദം സിദ്ധിച്ച ബ്രാഹ്മണ നെയും, മീനംരാശിയിൽ നിന്നാൽ ഗുരുവായ (ഉപദേഷ്ടാവായ) ബ്രാഹ്മണനെയും കണ്ടുവെന്നു പറയണം.

ഇവിടെയും ഉടുത്തിരിക്കുന്ന വസ്ത്രങ്ങളും, ധരിച്ചിരിക്കുന്ന മറ്റു പടാർത്ഥങ്ങളും ഇവയും ചിന്തിക്കപ്പെടണം. നാൽക്കാലി രാശി സ്ഥിതി, തദ്രേക്കാണസ്ഥിതി, നിഗളപാശദ്രേക്കാണസം ബന്ധം, ഇവ ഉണ്ടായിരുന്നാൽ ആന കുതിര ഈ മൃഗങ്ങളെയും പറയാം. ആശ്രുഡത്തിന്റെ ഏഴിൽ ശുക്രൻ നിന്നാൽ സംഗീത

ക്കാരേയും സ്ത്രീകളേയും കണ്ടു എന്നറിയണം ഈ ശുക്രൻ മേടത്തിൽനിന്നാൽ വഞ്ചകിയായ വ്യാപാരിയേയും, വൃശ്ചികത്തിൽ നിന്നാൽ ഗർഭസ്രാവകർമ്മംമുതലായ നീചൌഷധപ്രയോഗം കൊണ്ടുപജീവനം കഴിക്കുന്നവനെയും, ഇടവത്തിൽ നിന്നാൽ സംഗീതസാഹിത്യാലികളിൽ അതിസമർത്ഥയായ ഉത്തമസ്ത്രീയേയും, തുലാംരാശിയിൽ നിന്നാൽ അങ്ങനെയുള്ള ഭാഗ്യോദ്ധാക്കന്മാരെയും, മിഥുനംരാശിയിൽ നിന്നാൽ വിദ്യാഭ്യാസം ചെയ്തുകൊണ്ടിരിക്കുന്ന യുവതീയുവാക്കന്മാരെയും, കന്നിയിൽ നിൽക്കുന്ന ശുക്രനെക്കൊണ്ടു ജലവും അഗ്നിയും ധരിച്ചിരിക്കുന്ന പെൺകുട്ടിയേയും, ചിങ്ങം രാശിയിൽ നിന്നാൽ അമ്പലത്തിലെ അടിച്ചുതളിക്കാരിയേയും, കർക്കടകത്തിൽ നിന്നാൽ മത്സ്യക്കച്ചവടക്കാരിയേയും, മീനത്തിൽനിന്നാൽ രാജസ്ത്രീയോടു സമതുല്യമോ പ്രഭുതുല്യമോ ഭരണാധികാരമോ ഉള്ള ഉത്തമസ്ത്രീകളെയും കണ്ടുവെന്നു പറയണം. മകരത്തിലൊ കുംഭത്തിലൊ നിന്നാൽ ഭിക്ഷുക്കാരെ കണ്ടുവെന്നും, നാൽക്കാലിദ്രോക്കാണം, തദ്രാശിസ്ഥിതി ഇവ്വക യോഗങ്ങളെക്കൊണ്ടു പശുക്കരം, മാനുകരം ഇവ്വക മൃഗങ്ങളെ കാണാൻ സാധിച്ചുവെന്നും പറയേണ്ടതാണു്.

ആശ്രുദ്ധാൽ ഏഴിൽ ശനി നിന്നാൽ നീചന്മാരും ഭ്രഷ്ടന്മാരും വൃത്തിഹീനന്മാരുമായ ജനങ്ങളെ കണ്ടുവെന്നും, ആ ശനി ഏഴിൽ മേടത്തിലായാൽ ആരുടേയും വരുതിയിൽപെടാതെ താനോന്നിയായി നടക്കുന്ന ഒരുവനെ കണ്ടുവെന്നും, വൃശ്ചികത്തിൽ നിന്നാൽ സഭ്യത്വമില്ലാത്തവനെയാണു കണ്ടതെന്നും, ഇടവത്തിൽ നിന്നാൽ ബുദ്ധിക്കു സ്ഥിരമില്ലാത്ത ഉൽകൃഷ്ടസ്ത്രീയെ കണ്ടുവെന്നും, തുലാത്തിൽ നിന്നാൽ ആയുധധാരികളായ ബ്രിട്ടീഷന്മാരെയാണു് കണ്ടതെന്നും, മിഥുനത്തിൽ നിന്നാൽ ധനജീവിയായ ജനത്തെയും, കന്നിയിൽനിന്നാൽ മത്സ്യംപിടിത്തം മുതലായവകൊണ്ടു ജീവിക്കുന്നവരെയും, കർക്കടകത്തിൽനിന്നാൽ ഞണ്ടു മുതലായ ജീവികളെ പിടിച്ചു ജീവിക്കുന്ന വേടസ്ത്രീകളെയും, ചിങ്ങംരാശിയിൽ നിന്നാൽ ദേവാലയങ്ങളിൽപരിചാരകവൃത്തിചെയ്യുന്ന ഒരുതരം പുരുഷന്മാരെയും, വെടിവയ്പു മുതലായ നായാട്ടു പ്രവൃത്തിക്കാരെയും, ശനി ധനുരാശിയിൽ നിന്നാൽ വില്ലാളികളെയും, മകരംരാശിയിൽ നിന്നാൽ ഭയങ്കരന്മാരായ ജനങ്ങളെയും, കുംഭത്തിൽനിന്നാൽ നീചന്മാരായ പ്രഭുക്കന്മാരെയും, മീനത്തിൽനിന്നാൽ സമുദ്രത്തിന്റെ മകരയിലുള്ള പ്രഭുക്കന്മാരെയും കണ്ടുവെന്നുപറയണം. ഇവിടെയും ശനിയുടെ വനദ്രേക്കാ

ണം, നാൽക്കാലിദ്രേക്കാണം, അഗ്നിദ്രേക്കാണം മുതലായ യോ
ഗങ്ങളെപ്പററി ചിന്തിച്ചു യോജിപ്പിക്കേണ്ടതാണു്. നാൽക്കാലി
രാശിസ്ഥിതി, നാൽക്കാലി ദ്രേക്കാണം, പാശദ്രേക്കാണം ഇവ
യുണ്ടായിരുന്നാൽ പോത്തു് എരുമമുതലായ മൃഗങ്ങളെയും, വന
ദ്രേക്കാണബന്ധമുണ്ടായാൽ വേടന്മാരേയും പറയണം. തുലാ
ത്തിലെ ശനിയെക്കൊണ്ടു് ദണ്ഡം വധം മുതലായ ഭീകരകൃത്യ
ങ്ങളം ചെയ്യുന്ന ആരാച്ചാർ മുതലായവരേയും ചിന്തിക്കേണ്ട
താണു്.

ആത്രേയാൽ ഏഴിൽ രാഹു നിന്നാൽ വഞ്ചകന്മാർ, കാ
ക്കാലന്മാർ, നെയ്ത്തുകാർ, വലകൊണ്ടു ജീവികളെ പിടിക്കുന്ന
വർ, കയർ ഉണ്ടാക്കുന്നവർ ഇവരെയും, കേതു നിന്നാൽ കള്ള
ന്മാർ, ജയിൽപുള്ളികളം, കൊലപാതകികളം, ദണ്ഡം കൊണ്ടു
മുറിവേറവർ, ശിക്ഷയനുഭവിക്കപ്പെട്ടവർ ഇവരെ കണ്ടുവെന്നു്
പറയണം. ഈ ഫലങ്ങളം നിർദ്ദേശിക്കുമ്പോൾ അതാതു ഗ്രഹ
ങ്ങളുടെ ബലം, രാശിയോഗം, ദൃഷ്ടിയോഗം കാരതത്വം ദ്രേക്കാ
ണം മുതലായവയും മനസ്സിരുത്തി ചിന്തിക്കേണ്ടതാണു്.

മറെറാരു ഫലം

മേൽപ്രകാരം ആത്രേയരാശിയുടെ അഷ്ടമത്തിൽ സൂര്യൻനിൽ
ക്കുന്നുവെങ്കിൽ കഴിഞ്ഞുപോയരാഷ്ട്ര പ്രഷ്ടാവിനു് രാജകോപംസം
ഭവിച്ചുവെന്നും, അഷ്ടമത്തിൽചന്ദ്രൻനിന്നാൽ കഴിഞ്ഞതിങ്കളാ
ഴ്ചദിവസം യഥാസമയം ഭക്ഷണം കഴിക്കാൻ സാധിച്ചിട്ടില്ലെന്നും,
എട്ടിൽ ചൊവ്വ നിന്നാൽ ശത്രുക്കളോടു കലഹത്തിനും ആയുധാ
ദികളിൽനിന്നു മുറിവിനും ഇടയായിയെന്നും, എട്ടിൽ ബുധൻ
നിന്നാൽ കളി മുതലായ നിത്യകർമ്മങ്ങളം കഴിഞ്ഞബുധനാഴ്ച
ഉണ്ടായിട്ടില്ലെന്നും, എട്ടിൽ വ്യാഴംനിന്നാൽ ദ്രവ്യങ്ങളം പശു
ക്കളം മുതലായവയുടെ കഴിഞ്ഞ വ്യാഴാഴ്ച നാശം സംഭവിച്ചുവെ
ന്നും, എട്ടിൽ ശനിനിന്നാൽ ദീർഘയാത്ര അത്യുച്ചാനം ഉപവാ
സം ഇവയും, എട്ടിൽ രാഹു നിന്നാൽ പാദഭംഗവും, കേതു നി
ന്നാൽ കലഹവും, ഗുളികൻ നിന്നാൽ മരണതുല്യമായ നാശവും
സംഭവിച്ചിരിക്കുന്നു എന്നു പറയണം.

ജ്യോതിഷസംബന്ധമായ ഈ വിവരണം പ്രസംഗവശാൽ പറയാൻ ഇടവന്നതാണു്. ഇതു് ഏറ്റവും ചുരുങ്ങിയ ഒരു വിവരണമെ ആകുന്നുള്ളൂ. ശില്പജ്യോതിഷങ്ങൾ ഒരു ശാസ്ത്രമെന്നൊ, അഥവാ ഒന്നിന്റെ രണ്ടു വിഭാഗമെന്നോ; പറയുന്നതിൽ രണ്ടു പക്ഷമില്ല. അതുകൊണ്ടു് ജ്യോതിശ്ശാസ്ത്രത്തോടുകൂടാതെ ശില്പകല സംപൂർണ്ണമല്ലെന്നു സ്പഷ്ടമാകുന്നു. അതുകയാൽ ആവശ്യമുള്ള ജ്യോതിഷഭാഗങ്ങൾ മാത്രം ജ്യോതിഷഗ്രന്ഥങ്ങളിൽ നിന്നു് അറിഞ്ഞു കൊള്ളേണ്ടതാണു്.

ഇങ്ങനെ ക്രിയാശാസ്ത്രം പ്രഥമഖണ്ഡം.

അനന്തരം ക്രിയാശാസ്ത്രം ദ്വിതീയഖണ്ഡം.

ബ്രഹ്മാതൽക്കാല ശകുനം സദസൽഫല സൂചകം
നിശ്ചേഷ്ടൽസമയേ ചന്ദ്രഗ്രഃ ശുക്രോദയെഗ്രഭേ.

സ്ഥപതിയുടെ സമീപത്തുചെന്നു് തങ്ങളുടെആവശ്യത്തെപ്പറ്റി പറയുന്ന സമയത്തു് മനസ്സു്, കണ്ണു്, ചെവി മുതലായ ഇന്ദ്രിയാദികൾക്കു് വിഷയമാകുന്നതെല്ലാം അനുഭവങ്ങളും സ്ഥപതിശരിയായി മനസ്സിലാക്കണം. ഈ ലക്ഷണങ്ങളിൽ ഏറിയകൂറും അനുകൂലങ്ങളാണെന്നു ബോദ്ധ്യപ്പെട്ടാൽ ക്ഷണമനുസരിച്ചു് സ്ഥപതി പ്രശ്നാവിനോടുകൂടി പുറപ്പെടേണ്ടതാണു്. മേൽപറഞ്ഞ കാൽക്കാലിക നിമിത്തങ്ങളിൽ ഏറിയ ഭാഗവും പ്രതികൂലമായും അശുദ്ധാദി ഭാവങ്ങൾ നിർജ്ജലരൂപമായും കണ്ടാൽ പ്രശ്നാവിന്റെ പറമ്പിൽ കിണറുകുഴിച്ചാൽ വെള്ളം സുലഭമല്ലെന്നും, തന്മൂലം താൻ വരേണ്ട ആവശ്യമില്ലെന്നും, പ്രശ്നാവിനെ നല്ലപോലെ മനസ്സിലാക്കി പ്രശ്നാവിനെ മടക്കി അയക്കേണ്ടതാണെന്നും, താൻപുറപ്പെടേണ്ട ആവശ്യമില്ലെന്നും ഗ്രാഹ്യമാകുന്നു. ഇങ്ങനെ സ്ഥപതി പുറപ്പെടേണ്ടതു് ക്രിയാരംഭനനത്തിനു് മുഹൂർത്തസിദ്ധമായ ശോഭനകാലങ്ങളിലായിരിക്കണം. കിണറു കുഴിക്കുന്നുവാൻ സാമാന്യേന എല്ലാ മാസങ്ങളും കൊള്ളാമെങ്കിലും മകരം, കുംഭം, മീനം, മേടം, ഇടവം ഈ അഞ്ചുമാസങ്ങളും ശ്രേഷ്ഠങ്ങളായിട്ടാണു് കേരളത്തിൽ കരുതിപ്പോരുന്നതു്. തിങ്കൾ, ബുധൻ, വ്യാഴം, വെള്ളി ഈ ശുഭവാരങ്ങളാണു് ഇവിടെ യാത്രക്കു സ്വീകരിക്കേണ്ടതു്. രോഹിണി, മകയിരം, പുണർതം, പൂയം,

ചതയം, ഉത്തിരം, അത്തം, ഉത്രാടം, അവിട്ടം, തിരുവോണം, ഉത്തൃട്ടാതി, രേവതി, അശ്വതി, ചോതി, അനിഴം ഈ പതി നഞ്ചു നാളുകളും മൂലവും ഇങ്ങനെ പതിനാറു നക്ഷത്രങ്ങളും യാത്രക്കു കൊള്ളാമെങ്കിലും ചോതി, മകയിരം, മൂലം ഇവയൊഴിച്ചു് ശേഷമുള്ള പതിമ്മൂന്നു നക്ഷത്രങ്ങളും, പൂരാടം നാളും ഇങ്ങിനെ പതിനാലു നാളുകളും ക്രൂരസംബന്ധമായ യാത്രക്കു് ഉത്തമങ്ങളാണു്.

പ്രതിപദം, ചതുർത്ഥി, അഷ്ടമി, നവമി, ചതുർദ്ദശി, അമാവാസി ഈ പക്കങ്ങളും വിഷ്ടിക്കരണങ്ങളും, സ്ഥിരക്കരണങ്ങളും ഇവയും യാത്രക്കു വർജ്ജിക്കേണ്ടവയാണു്. ചതുർത്ഥി, ഏകാദശി, കറുത്തതൃതീയ, ദശമി ഇവയുടെ ഒടുവിലത്തെ മുപ്പതുനാഴികയുംഅഷ്ടമി, വെളുത്തവാവു്, വെളുത്തസപ്തമി, ചതുർദ്ദശിഇവകളുടെ ആദിയിൽ മുപ്പതു നാഴികയും വിഷ്ടിക്കരണവും ചതുർദ്ദശിയുടെ ഉത്തരാർദ്ധം, കറുത്തവാവു്, പ്രതിപദത്തിന്റെ പൂർവാർദ്ധം ഇവ സ്ഥിരക്കരണങ്ങളുമാകുന്നു.

മേടം മുതലായ പന്ത്രണ്ടു രാശികളിൽ ധനു, മിഥുനം, ഇടവം, ചിങ്ങം, വൃശ്ചികം, കുഭം ഇങ്ങിനെ ആറു രാശികളും ഒഴിച്ചു് ശേഷമുള്ള ആറു രാശികളും ഇവിടെ യാത്രയ്ക്കുപയോഗിക്കാം. ഇവിടെ വിശേഷിച്ചു് മിഥുനം രാശിവർജ്ജിക്കുന്നതും ജലരാശി സമയത്തു പുറപ്പെടുന്നതും ഏറ്റവും ഉത്തമമാണു്. ഈ പുറപ്പെടുന്ന ലഗ്നരാശിയിൽ ചന്ദ്രനൊ വ്യാഴമൊ ശുക്രനൊ നിൽക്കുന്നതു് ഏറ്റവും ശോഭനമാണു്. അഥവാ ചന്ദ്രൻ വ്യാഴൻ ശുക്രൻ ഇവരുടെ കാലഹോരയറിഞ്ഞു് ആ സമയത്തു പുറപ്പെടുന്നതു് ഏറ്റവും ഉത്തമമായിരിക്കും. ഇങ്ങിനെ സാമാന്യമായി കാലത്തിന്റെ ശുഭാശുഭം ചിന്തിച്ചു് സ്ഥപതിപ്രഷ്ടാവിനോടുകൂടി യഥാസുഖം പുറപ്പെടണം.

കാലഹോര അറിവാനുള്ള രീതി താഴെകാണിക്കുന്നു

പകൽ പ്രമാണത്തെ തുല്യം പന്ത്രണ്ടായി ഭാഗിച്ചാൽ ഒരു ഭാഗം ഒരു കാലഹോരയെന്നു പറയപ്പെടുന്നു ഒന്നാമത്തെ കാലഹോരയുടെ അധിപതി ആ ആഴ്ചയുടെ നാഥനാണു്. ഞായറാഴ്ച സൂര്യൻ, തിങ്കളാഴ്ച ചന്ദ്രൻ, ചൊവ്വാഴ്ച കുജൻ ഈ

ക്രമത്തിനെന്ന താല്പര്യം. രണ്ടാമത്തെ കാലഹോരയുടെ അധിപതി അന്നത്തെ ആഴ്ചയുടെ ആറാമത്തെ ആഴ്ചയുടെ അധിപതിയാണു്. മൂന്നാമത്തെ കാലഹോരയുടെ അധിപതി അതിന്റെ ആറാമത്തെ ആഴ്ചയുടെ അധിപതിയാണു്. ഞായറാഴ്ച ഒന്നാമത്തെ കാലഹോര സൂര്യന്റേതും, രണ്ടാമത്തെ കാലഹോര ശുക്രന്റേതും മൂന്നാമത്തെ കാലഹോര ബുധന്റേതുമാണു്. ഈ ക്രമമനുസരിച്ചു് ചിന്തിച്ചു കൊള്ളണം.

രാത്രിയിലും മേൽപറഞ്ഞ കണക്കനുസരിച്ചു് പന്ത്രണ്ടു കാലഹോരതന്നെ രാത്രിയിൽ ഒന്നാമത്തെ കാലഹോര ആ ആഴ്ചയുടെ അഞ്ചാമത്തെ ആഴ്ചയുള്ള അധിപതിയുടേതാണു്. അതിന്റെ ആറാമത്തെ ആഴ്ചയുടെ അധിപതി രണ്ടാമത്തെ കാലഹോരയുടെയും, അതിന്റെ ഒരാറാമത്തെ ആഴ്ചയുടെ അധിപതി മൂന്നാമത്തെ കാലഹോരയുടെയും ഈ ക്രമമനുസരിച്ചുതന്നെ മേൽ പന്ത്രണ്ടു കാലഹോരകളുടെയും അധിപതികളെയും ചിന്തിച്ചുകൊള്ളണം.

യാത്ര പുറപ്പെടുമ്പോഴും തന്നെ നാം ഇന്ന ശകുനം കാണപ്പെടുമെന്നു് പ്രശ്നാവിനോടു് സ്ഥപതി പറയണം. തങ്ങളുടെ യാത്ര സൂര്യന്റെ കാലഹോരയിലാണെങ്കിൽ രാജാക്കന്മാർ പ്രഭുക്കന്മാർ ഇവരെയും, യാത്ര ചന്ദ്രന്റെ കാലഹോരയിലായാൽ സ്ത്രീകളെയും, ചൊവ്വയുടെ കാലഹോരയിലായാൽ ആയുധധാരികളെയും, ബുധന്റെ കാലഹോരയിലായാൽ വാരിയന്മാർ, വിദ്വാന്മാർ ഇവരെയും വ്യാഴത്തിന്റെ കാലഹോരയിലായാൽ ഉത്തമബ്രാഹ്മണനെയും, ശുക്രന്റെ കാലഹോരയിലായാൽ വൈശ്യാസ്ത്രീകളെയും, ശനിയുടെ കാലഹോരയിലായാൽ കച്ചവടക്കാർ ഭൃത്യന്മാർ, അന്യമതസ്ഥന്മാർ ഇവരെയും, ആദ്യം ശകുനമായി കാണുമെന്നറിഞ്ഞുവേണം മുൻപേക്രട്ടി പ്രശ്നാവിനെ ധരിപ്പിക്കേണ്ടതു്. സൂര്യന്റെ കാലഹോരയിൽ പുറപ്പെടുമ്പോൾ സൂര്യൻ അതിന്റെ കേന്ദ്രത്തിലുണ്ടെങ്കിൽ ഈ ഫലം മൈയ്യുമായി പറയാവുന്നതാണു്. ഇവിടെയും സൂര്യന്റെ കാരകത്വം, സ്ഥിതി ദിക്കാണം മുതലായ ഭേദങ്ങളും ചിന്തിച്ചു് മേൽപറഞ്ഞ ക്രമത്തിൽ വ്യക്തമായി പറയാവുന്നതാണു്.

ഓരോ കാലഹോരയുടെ കാലവും അതിന്റെ
ആധിപത്യവും അറിയുവാനുള്ള ഒരു
പട്ടിക താഴെ ചേർക്കുന്നു.

സൂര്യ	നാഴിക	നാഴിക വീതം	ഒന്നാം	രണ്ടാം	മൂന്നാം	നാലാം	അഞ്ചാം	ആറാം	ഏഴാം
൧	൦	൧॥	സൂര്യ	ചന്ദ്രൻ	കുജൻ	ബുധൻ	ഗുരു	ശുക്രൻ	ശനി
൨	൧॥	൩	ശുക്ര	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ	ബുധൻ	ഗുരു
൩	൩	൬॥	ബുധ	ഗുരു	ശുക്രൻ	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ
൪	൬॥	൧൦	ചന്ദ്ര	കുജൻ	ബുധൻ	ഗുരു	ശുക്രൻ	ശനി	സൂര്യൻ
൫	൧൦	൧൩॥	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ	ബുധൻ	ഗുരു	ശുക്രൻ
൬	൧൩॥	൧൭	ഗുരു	ശുക്രൻ	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ	ബുധൻ
൭	൧൭	൨൦॥	കുജൻ	ബുധൻ	ഗുരു	ശുക്രൻ	ശനി	സൂര്യൻ	ചന്ദ്രൻ
൮	൨൦॥	൨൪	സൂര്യ	ചന്ദ്രൻ	കുജൻ	ബുധൻ	ഗുരു	ശുക്രൻ	ശനി
൯	൨൪	൨൭॥	ശുക്ര	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ	ബുധൻ	ഗുരു
൧൦	൨൭॥	൩൧	ബുധ	ഗുരു	ശുക്രൻ	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ
൧൧	൩൧	൩൪॥	ചന്ദ്ര	കുജൻ	ബുധൻ	ഗുരു	ശുക്രൻ	ശനി	സൂര്യൻ
൧൨	൩൪॥	൩൮	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ	ബുധൻ	ഗുരു	ശുക്രൻ
൧൩	൩൮	൪൧॥	ഗുരു	ശുക്രൻ	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ	ബുധൻ
൧൪	൪൧॥	൪൫	കുജൻ	ബുധൻ	ഗുരു	ശുക്രൻ	ശനി	സൂര്യൻ	ചന്ദ്രൻ
൧൫	൪൫	൪൮॥	സൂര്യ	ചന്ദ്രൻ	കുജൻ	ബുധൻ	ഗുരു	ശുക്രൻ	ശനി
൧൬	൪൮॥	൫൨	ശുക്ര	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ	ബുധൻ	ഗുരു
൧൭	൫൨	൫൫॥	ബുധ	ഗുരു	ശുക്രൻ	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ
൧൮	൫൫॥	൫൯	ചന്ദ്ര	കുജൻ	ബുധൻ	ഗുരു	ശുക്രൻ	ശനി	സൂര്യൻ
൧൯	൫൯	൬൨॥	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ	ബുധൻ	ഗുരു	ശുക്രൻ
൨൦	൬൨॥	൬൬	ഗുരു	ശുക്രൻ	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ	ബുധൻ
൨൧	൬൬	൬൯॥	കുജൻ	ബുധൻ	ഗുരു	ശുക്രൻ	ശനി	സൂര്യൻ	ചന്ദ്രൻ
൨൨	൬൯॥	൭൩	സൂര്യ	ചന്ദ്രൻ	കുജൻ	ബുധൻ	ഗുരു	ശുക്രൻ	ശനി
൨൩	൭൩	൭൬॥	ശുക്ര	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ	ബുധൻ	ഗുരു
൨൪	൭൬॥	൮൦	ബുധ	ഗുരു	ശുക്രൻ	ശനി	സൂര്യൻ	ചന്ദ്രൻ	കുജൻ

നിർഗ്ഗച്ഛതോംബരാ സംഗമേനി ഭ്രമെരുപതേച്ചവാ
ഹരത്രാദ്ധന്യൽ കരസ്ഥാ വാ ഭവേദ്ദവാശുഭായതൽ

യാത്ര പുറപ്പെടുമ്പോൾ തങ്ങളുടെ വസ്തുക്കൾ മറ്റു വല്ല സാധനങ്ങളിലും തടയുക, താഴെവീഴുക മുതലായവ കയ്യിലുള്ള മറ്റേതെങ്കിലും സാധനങ്ങൾ താഴെവീഴുക ഇതുവക സംഭവങ്ങൾ അശുഭനിമിത്തങ്ങളായി കരുതേണ്ടവയാണ്.

ക്ഷോഭണാദിഷു പാസേ്വഖലനം സ്കന്ധോപഘട്ടനം ശിര
സഃ
നേഷ്ടം നിർഗ്ഗമനേന്യാന്യപിസഞ്ചിന്ത്യാനിലോകനാദി
ഷ്ടാനി.

യാത്രപുറപ്പെട്ടന്നോരം കാലു് പാറ (കല്ലു്) മുതലായ വസ്തുക്കളിൽ തട്ടുക ശിരസ്സു് മുണ്ടു്, വാതിൽ മുതലായവയിൽ മുട്ടുക ഇത്യാദി ഘട്ടനപരങ്ങളായ സംഭവങ്ങളും ഉണ്ടായാൽ അനിഷ്ടപ്രദമായി കരുതേണ്ടതാണു്. മനസ്സിനും ശരീരത്തിനും അസഹ്യതതോന്നുന്ന എല്ലാ സംഭവങ്ങളും അനിഷ്ടപ്രദങ്ങളെന്നറിയേണ്ടതാണു്. എന്നാൽ സന്ദർഭഭേദമനുസരിച്ചു് ഈ ഇഷ്ടാനിഷ്ടനിമിത്തങ്ങൾക്കു് ചില വ്യത്യസ്തത ഗ്രാഹ്യമാണു്. ആവക ഭേദങ്ങൾ അടിയിൽ പറയപ്പെടുന്ന നിമിത്തലക്ഷണങ്ങളിൽനിന്നു് ഗ്രഹിക്കാവുന്നതാണു്.

ജലാഭാവാർത്ഥജനകം വാചകം ശ്രൂയതേയദി
അശുഭായഭവേ ദേവമന്യഥാശുഭമാദിശേൽ

വെള്ളം ഇല്ല വെള്ളം കിട്ടുകില്ല എന്നർത്ഥം വരുന്ന ഏതെങ്കിലും വാക്കുകൊണ്ടു് ആരിൽനിന്നെങ്കിലും കേൾക്കുന്നതിനിടവരുന്നതു് ക്രൂരസംബന്ധമായ ചിന്തയിലും അതിനെ ഉദ്ദേശിച്ചുള്ള യാത്രയിലും അശുഭലക്ഷണം തന്നെയാണു്. ഇതിനു വിപരീതമായി വെള്ളം ഉണ്ടെന്നുള്ള അർത്ഥം ധ്വനിക്കുന്ന വാക്കുകൊണ്ടു, ശുഭലക്ഷണമായി കരുതുകയും വേണം. ഇവിടെ ജലമർത്ഥങ്ങളായ പാൽ മുതലായ മറ്റു വസ്തുക്കളുടെ പേരുകളും മറ്റും കേൾക്കുന്നതും ശുഭലക്ഷണമാണു്. മൂത്രം മുതലായ അശുദ്ധജലത്തിന്റെ പേരും മറ്റും ഇങ്ങനെ കേൾക്കാനിടവന്നാൽ ജലം സുലഭമാണെങ്കിലും നല്ല ജലത്തിന്റെ ലക്ഷണമല്ലെന്നു് ഗ്രഹിക്കണം.

മഹിഷസ്യപ്രലപനം ചാതകസ്യനനിസ്വനം
മേഖനാശബ്ദനിയതം ഭവേദേവ ശുഭായതൽ

യാത്ര പുറപ്പെടുന്ന സമയത്തു് പോത്തു്, എരുമ, വേഴാമ്പൽ പക്ഷികൾ ഇതുകളുടെ ശബ്ദങ്ങൾ കേൾക്കുന്നതു് ക്രൂരവിഷയമായ യാത്രയിൽ ശുഭലക്ഷണങ്ങളാണു്. അതുപോലെ ഇവകളെപ്പറ്റിയുള്ള കഥാപ്രസംഗങ്ങൾ ശ്രവണേന്ദ്രിയത്തിനു വിഷയമായാൽ അതും ഇവിടെ ശോഭനനിമിത്തമായിത്തന്നെ അറിയേണ്ടതാണു്.

ആത്തപ്രലാപനാദശ്ചതഥാ കലഹനിസ്വനം
സ്വഗാലസൂകരവ്യാഘ്രരുദിതം ചാപ്യശോഭനം.

രോഗികളുടെ ദുഃഖപ്രമായ നിലവിളിയും എവിടെനിന്നെങ്കിലും കലഹശബ്ദങ്ങളും കേൾക്കൽ, പന്നി പുലി ഇവയുടെ രോദനങ്ങളും കേൾക്കാനിടവരുന്നതു് ക്രൂപവിഷയമായ യാത്രയിൽ അശുഭമായ ലക്ഷണം തന്നെയാണു്. ആരെങ്കിലും രോഗികളെ പ്പററി സംസാരിക്കുന്നതു് കേൾക്കുന്നതും അശുഭപ്രദമായ ലക്ഷണമായി കരുതണം.

ശുഭാശുഭമിദം സർവ്വംജ്ഞാത്വാതത്രസമാഹിത:
യായാദ്ദക്ഷാംഘ്രിമുദ്ധൃത്യ ചന്ദ്രനാഡീസമാശ്രമേ

മേൽ വിവരിക്കപ്പെട്ട ശുഭനിമിത്തങ്ങളെയും അശുഭനിമിത്തങ്ങളെയും ശരിയായി ഗ്രഹിച്ചതിനുശേഷം വളരെ സമാധാനപരമായ ബുദ്ധിയോടുകൂടി ഇറങ്ങി പുറപ്പെടണം. ആദ്യമായി വലത്തെ പാദമുയർത്തി മുമ്പിൽവച്ചുവേണം ഇറങ്ങേണ്ടതു്. ഇറങ്ങുന്നസമയം ശ്വാസപരീക്ഷ ചെയ്യണം. അപ്പോൾ ശ്വാസം ഇടത്തുവശത്തുകൂടി ആയിരിക്കണം. ഇടത്തുവശത്തെ ശ്വാസത്തിനു് ചന്ദ്രനാഡിയെന്നും വലത്തുവശത്തെ ശ്വാസത്തിനു് സൂര്യനാഡിയെന്നും പറയപ്പെട്ടും.

നിർഗ്ഗമേപിയഗ്രാമാർഗ്ഗേ തഥാഗേഹസമാശ്രമേ
അനുഭൂതംഹിസകലം ജ്ഞേയമേകാഗ്രമാനസ:

ഏതെല്ലാം നിമിത്തങ്ങൾ ശുഭരൂപമായും അശുഭരൂപമായും നിർഗ്ഗമസന്ദർഭത്തിൽ വിവരിക്കപ്പെട്ടുവോ അതുപോലെ വഴിയിലും പ്രഷ്ടാവിന്റെ വീട്ടിൽ പ്രവേശിക്കുമ്പോഴും സംഭവിക്കുന്ന സകലലക്ഷണങ്ങളും വളരെ ശ്രദ്ധാപൂർവം ഗ്രഹിച്ചുകൊള്ളണം.

പ്രജ്വലജ്വലനമന്തിയുംഗാ ഭദ്രദീപഗണികാം കശ
മൽസ്നാ
അക്ഷതേക്ഷുഫല, ചാമര, ക്ഷ്യാണ്യായുധാനി ശുഭാനി
ഭവന്തി.

സാ:—നല്ലപോലെ ജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നി, ലക്ഷണമൊത്ത ആന, അതുപോലെയുള്ള കുതിര, വളരെ മംഗലരൂപമായി കൊളുത്തിയിട്ടുള്ള വിളക്കു്, വേശ്യകളായ സ്ത്രീകൾ, തോട്ടിയെന്ന ഒരുതരം ആയുധം, കിളച്ചിട്ടുത്ത മണ്ണു്, നെല്ലും അരിയും, കരിമ്പു്, പഴവർഗ്ഗങ്ങൾ, വെൺ

ചാമരം, ഭക്ഷണപദാർത്ഥങ്ങൾ, ഭൂമി കുഴിക്കുന്നതിനു് ഉപയോഗമുള്ള ആയുധങ്ങൾ ഈവക സാധനങ്ങൾ പരാപേക്ഷയുള്ളതു് അപ്രകാരവും പരാപേക്ഷയില്ലാത്തതു് സ്വയമായിട്ടും, നേരെ എതിരിട്ടു ശകുനമായി വന്നാൽ അതു് ഏറ്റവും ശോഭനലക്ഷണമായി ധരിച്ചുകൊള്ളണം. താൻ ശുദ്ധോജലാപേക്ഷയോടുകൂടി യാത്ര ചെയ്യുന്നതുകൊണ്ടു് തന്റെ മനോഗതഫലപ്രാപ്തിയെ സൂചിപ്പിക്കുന്നതും, അവയെ സഹായിക്കുന്നതും, അവയുടെ കാരണമായിട്ടുള്ളതുമായ സകല ലക്ഷണങ്ങളും ശോഭനങ്ങളാണെന്നറിയണം

രോഗപ്രശ്നത്തിൽ കോടിവസ്ത്രം കച്ചമുറിയായി ശകുനം കണ്ടാൽ രോഗി മരിക്കുമെന്നും, വിവാഹപ്രശ്നത്തിൽ ഈ ശകുനം കണ്ടാൽ പെട്ടെന്നു വിവാഹം നടക്കുമെന്നും പറയണം. ഇങ്ങനെയാണു് നിമിത്തങ്ങളെ യോജിപ്പിക്കേണ്ടതു്. ഇവിടെ കൃപാപരമായ ചിന്തയുടെ് അനുകൂലങ്ങളായ ലക്ഷണങ്ങളെ യുക്തിപൂർവം വിചാരിച്ചറിഞ്ഞുകൊള്ളണം.

ഭേരീമൃദംഗമുരുമദ്ദള ശംഖവീണാവേദധ്വനിർമധുരമംഗള-
ഗീതഘോഷം
പുത്രാനപിതാച യുവതീസുരഭിസ്സവത്സാ, ധൌതാംശുകാ-
ശ്ചരജകോടി മുഖാ: പ്രശസ്താ

സാ:—പെരുമ്പറ, മിഴാവ്, സുഖശബ്ദമുള്ള മദ്ദളം, ശംഖം, വീണ, വേദപാരായണം ഇവയുടെ ശബ്ദങ്ങളും, ഹൃദ്യവും പ്രിയവുമായ പാട്ടുകളും, സന്താനത്തോടുകൂടിയ സ്ത്രീ, കുട്ടിയോടുകൂടിയ പശു, അലക്കിയവസ്ത്രം, അലക്കുകാരൻ ഈ വകകളും പരാപേക്ഷ വേണ്ടതു് പരാപേക്ഷയോടുകൂടിയും അല്ലാതുള്ളതു സ്വയമായും നേരിട്ടു കാണുന്നതു് ഏറ്റവും ശോഭനമായ നിമിത്തമാണു്.

പ്രസൂതാഗർഭസംയുക്താ നാരീഭർത്തൃമതീസതീ
സരോജാതഞ്ചസകലം ബഹ്വാവാരികരംവിദ:

പ്രസവിച്ചു് അധികകാലം ചെല്ലാത്ത സ്ത്രീ, ഗർഭമുള്ളവൾ, ഭർത്താവോടുകൂടിയവളും പതിവ്രതയുമായ സ്ത്രീ, ഇവർ ശകുനമായി നേരിടുന്നതു് കൃപാസംബന്ധമായ ചിന്താവിഷയത്തിൽ ഇഷ്ടഫലപ്രദമാണെന്നറിയണം. താമര, ആമ്പൽ, മുത്തുച്ചിപ്പി, മത്സ്യങ്ങൾ ഇത്യാദി ജലത്തിലുണ്ടാകുന്ന സകല വസ്തുക്കളും കൃപാവിഷയമായ യാത്രയിൽ ശകുനമായി കണ്ടാൽ കിണറിൽ എ

ഉപ്പുത്തിൽ വെള്ളം കാണുമെന്നും, വെള്ളം ധാരാളം ഉണ്ടായിരിക്കുമെന്നും അറിയണം. ഇവിടെ വേശ്യയും പതിവ്രതയും ശുഭശകുനമാണെന്നു കാണുന്നതിനാൽ സ്ത്രീകൾ പൊതുവേ ശുഭമാണെന്നു ധരിക്കാമെങ്കിലും വിധവശകുനത്തിനു വർജ്ജ്യ തന്നെയാണു്.

നവനീതം നവാഹൃദ്യമപക്വം കോരജംഫലം
ക്ഷീരം വിപ്രുഷ്ചണ്ഡാലഃ ദൃശ്യതേയദി ശോഭനം

നല്ല പുതിയ വെണ്ണ, കരിക്കു്, പാലു്, ബ്രാഹ്മണൻ, ചണ്ഡാലൻ ഇവ സ്വയമായും പരാപേക്ഷയോടുകൂടിയും നിമിത്തമായി നേരിട്ടാൽ കിണറിൽനിന്നും ശുദ്ധമായ വെള്ളം ലഭിക്കുമെന്നറിയണം.

വാസീഖഡ്ഗാദി ഭേദാന്യായുധാന്യശുഭാനിച
തഥൈവമൃത്യുദംസർവം വിജ്ഞേയമശുഭപ്രദം.

കത്തി, വാളു് തുടങ്ങിയ ഭയങ്കരങ്ങളായ ആയുധങ്ങളും ക്രൂപവിഷയമായ യാത്രയിൽ അശുഭനിമിത്തമാണെന്നറിയണം. ഈ മാതിരി ആയുധങ്ങളും യുദ്ധയാത്രയിൽ മാത്രം ശോഭനങ്ങളാണു്. മരണത്തെ സൂചിപ്പിക്കുന്ന മറ്റുള്ള സകല ലക്ഷണങ്ങളും അശുഭനിമിത്തമെന്നു് പ്രത്യേകം അറിയേണ്ടതാണു്.

ഘടാദികുംഭചാമിത്രം പാശംപാനീയസാധനം
ഏവം ജലാശ്രയം സർവ്വം ജലസംസൂചിതം വിദുഃ

കുടം, മൊന്ത മുതലായ സകല ജലപാത്രങ്ങളും, വെള്ളം കോരുന്നതിനുപയോഗിക്കാവുന്ന തരത്തിലുള്ള കയറുകളും കൂടി കൂടാൻ ഉപയോഗിക്കുന്ന എല്ലാവിധ പാനീയവസ്തുക്കളും ഇവയും, ഇതുപോലെ ജലാശ്രയങ്ങളായുള്ള മറ്റു പദാർത്ഥങ്ങളും ശകുനങ്ങളായി നേരിട്ടാൽ ഇവിടെ ശോഭനമാണെന്നറിയണം. ഇവിടെ കുടം മുതലായ ജലപാത്രങ്ങളിൽ വെള്ളമുണ്ടായിരിക്കണം. എന്നാൽ അതു് ശോഭനമാണെന്നും ഇല്ലെങ്കിൽ അശുഭനിമിത്തമല്ലെന്നും ഇങ്ങിനെ രണ്ടഭിപ്രായമുണ്ടു്.

വൃഷാണപാഷാണനഖാസ്ഥിഭാജാം
വിലോകനേ കുച്ഛ്രമുപൈതികിംവാ
തഥാശകുർന്മൃഗ യൂഷാഗ നിഖണ്ഡ
കേശാദിഭാജാമഹിതം ജലംസ്യാൽ

മൃഗാദികളുടെ കൊമ്പുകളും, പാറ, നഖം, അസ്ഥി ഇവ കൈയിൽ വച്ചുകൊണ്ടു് ആരെങ്കിലും ശകുനംവന്നാൽ വളരെ

പ്രയാസപ്പെട്ടതിനശേഷമേ കിണറ്റിൽ വെള്ളം ലഭിച്ചുഎന്നും വരാം ഇല്ലെന്നുംവരാം. അതുപോലെ മലം, മൂത്രം, ഉമി, തീക്കനൽ, തലനാര് ഇവ കൈയിൽ ഇരിക്കുന്ന ആരെയെങ്കിലും ശകുനമായി കണ്ടാൽ കിണറ്റിൽ നല്ലവെള്ളം കിട്ടുകില്ലെന്നറിയണം. അതുപോലെ ഏതെങ്കിലും ജന്തുക്കൾ മലമൂത്രവിസർജ്ജനം ചെയ്യുന്നതുകണ്ടാലും നല്ലവെള്ളം ലഭിക്കാൻ പ്രയാസമാണെന്നറിയണം.

ലോകാഛാസ്ത്രാന്തരാദേവ മാചാര്യാച്ഛകുനാന്തരം
വിജ്ഞാതവ്യം പ്രയത്നേന ശുഭാശുഭഫലപ്രദം.

മറ്റു പണ്ഡിതന്മാരായ ജനങ്ങളിൽനിന്നും ശാസ്ത്രാന്തരങ്ങളിൽനിന്നും ഗുരുമുഖത്തിൽനിന്നും അനുഭവയോഗ്യങ്ങളായ നിമിത്തങ്ങൾ ശരിയായി അറിഞ്ഞുകൊള്ളണം. അനുഭവംകൊണ്ടു ശുഭാശുഭഫലങ്ങൾ അറിഞ്ഞിട്ടുള്ള മഹത്തുക്കളിൽനിന്ന് ശകുനഭേദങ്ങളെ അറിയുന്നതു് ഏറ്റവും യുക്തമായിരിക്കും. ശകുനങ്ങൾ കണ്ടാൽ ചിലങ്ങൾ ചിന്തിച്ചു രേഖപ്പെടുത്തുന്ന വിഷയത്തിൽ അസാമാന്യമായ ബുദ്ധിശക്തി ഉണ്ടായിരിക്കണം. അങ്ങിനെ ചിന്തിക്കാൻ കഴിയുന്നവർക്കു ശകുനങ്ങൾ കൊണ്ടുതന്നെ സകല ഫലങ്ങളും പറയാൻ കഴിയും.

ശുഭാശുഭകരംയദ്യൽ ലക്ഷണം പൂർവമീരിതം
പ്രഷ്ടുർഗൃഹാന്തരപ്രാപ്തൗതത്തൽ സർവം വിചിന്ത്യതാം.

പ്രഥമഖണ്ഡത്തിലും, ദേവപ്രശ്നസംഭ്രമങ്ങളായി ഈ ഖണ്ഡത്തിലും പല നിമിത്തലക്ഷണങ്ങളും പറഞ്ഞിട്ടുണ്ടല്ലൊ. പ്രശ്നാവിന്റെ വീട്ടിൽ പ്രവേശിക്കുന്ന സമയത്തും അവയെല്ലാം ഓർത്തു് ശുഭാശുഭലക്ഷണങ്ങളും ചിന്തിച്ചറിഞ്ഞു കൊള്ളണം.

ഭദ്രേദിവ:ഘടം പൂർണ്ണം വേദധ്വനിസ്വന:
പ്രവേശനമയേ പ്രഷ്ടുരിവാഞ്ഛിതസിദ്ധയേ

സ്ഥപതി പ്രശ്നാവിന്റെ വീട്ടിൽ പ്രവേശിക്കുമ്പോൾ വളരെ പ്രസന്നമായ വീടും പൂർണ്ണകുംഭവും കാണുക, വേദധ്വനിയുടെ ശബ്ദം കേൾക്കുക, ഈ ലക്ഷണങ്ങളുണ്ടായാൽ പ്രശ്നാവിന്റെ അഭീഷ്ടം ശരിക്കു് സിദ്ധിക്കുമെന്നു പറയണം. കഥാപ്രസംഗം കൊണ്ടും ദർശനംകൊണ്ടും മറ്റു ശ്രവണംകൊണ്ടും മേൽ

പറയപ്പെട്ട ലക്ഷണങ്ങളെല്ലാം ഇവിടെ യുക്തിപൂർവം ചിന്തിക്കാവുന്നതാണു്.

ശയനാസനയാനാനാ മുത്താനാനാഞ്ചഭർശനം
നൃബ്ജാനാമിത രേഷാഞ്ചപാത്രാദീ നാമശോഭനം

ഗൃഹത്തിൽ പ്രവേശിക്കുന്ന സമയത്തു് കട്ടിലു മുതലായ കിടപ്പിനുള്ള ഉപകരണങ്ങളും, കസേരമുതലായി ഇരിപ്പിനുപയോഗിക്കുന്ന ഉപകരണങ്ങളും, പല്ലക്കു്, മോനാവു് മുതലായി യാത്രക്കുപയോഗിക്കുന്ന ഉപകരണങ്ങളും ഇവ പ്രകൃതിക്കു വിരുദ്ധമായി മറിച്ചു വച്ചിരിക്കുന്നതായി കാണുന്നതും, കിണ്ടി, കിണ്ണം, ഉരുളി മുതലായ പാത്രങ്ങളും കമഴ്ത്തി വച്ചിരിക്കുന്നതായി കാണുന്നതും ഇവിടെ അശുഭനിമിത്തമായി കരുതണം.

ഇങ്ങനെ ദ്വിതീയഖണ്ഡം.

തൃതീയഖണ്ഡം

1. കാര്യ്യതഃപരം ക്ഷേത്രസ്ഥാനമാന വിനിർണ്ണയം
വാസ്തുശാസ്ത്രോക്ത മാർഗ്ഗേണ സ്ഥാപയോഗ്യം വിചക്ഷണൈഃ

പ്രശ്നാവിന്റെ വീട്ടിൽ പ്രവേശിച്ചതിനുശേഷം ശില്പശാസ്ത്രവിധിയനുസരിച്ചു് കിണറിനുള്ള സ്ഥാനവും, അതിന്റെ ചുറ്റുകണക്കും, വ്യാസവും നിശ്ചയിക്കണം. മഹാസൂത്രങ്ങളും, രജ്ജുക്കളും, നാഡികളും, മർമ്മങ്ങളും ഇവകളും വേധിക്കാതെ വളരെ സൂക്ഷിച്ചുവേണം സ്ഥാനനിർണ്ണയം ചെയ്യേണ്ടതു് ക്ഷേത്രസ്ഥാനനിർണ്ണയത്തിനുള്ള വിധി ചുരുക്കമായി താഴെ വിവരിക്കുന്നു.

2. ക്ഷേത്രം കുംഭഗതം ശ്രേഷ്ഠം മദ്ധ്യമം മീനമേഷയോഃ
അധമം മകരസ്ഥംഹി ക്ഷേത്രമേവം വിധുർബുധാഃ

പറമ്പു് സമചതുരശ്രമാക്കി കൽപ്പിച്ചിട്ടു് മദ്ധ്യം കേന്ദ്രമാക്കി പന്ത്രണ്ടു രാശികളായി ഭാഗിക്കണം. കിഴക്കുമുതൽ മേഷാദികളായ രാശികളാണെല്ലൊ. ഈ രാശികളിൽവച്ചു് കുംഭംരാശി കിണറിനു് ഏറ്റവും ഉത്തമമാണെന്നറിയണം. മീനം, മേടം ഈ രാശികളും മദ്ധ്യമങ്ങളാണു്. മകരംരാശി അധമമാകുന്നു. അതായതു് ഉത്തമമദ്ധ്യമങ്ങളായ സ്ഥാനങ്ങളിൽ വെള്ളം സുലഭമല്ലെന്നൊ അല്ലെങ്കിൽ അവിടെ സൌകര്യമില്ലെന്നൊ വരുന്നപക്ഷം സ്വീകരിക്കാമെന്നുതാല്പര്യം.

സർവ്വാസുദിക്ഷു, സലിലം പ്രകുര്യാൽ
വിഹായനൈരൃത്യമമാഗ്നി വായൂൻ
പൂർവ്വോത്തരേശാന ജലേശദിക്ഷു
കൃതം ജലം സൌഖ്യസുതപ്രദഞ്ചാ.

അഗ്നികോണ്, തെക്ക്, നിരൃതികോണ് വായുകോണ് ഈ നാലു ദിക്കുകളും ഒഴിച്ച് മറ്റുള്ള നാലു ദിക്കുകളും (വടക്കേ ദിക്കും ഈശകോണും കിഴക്കും പടിഞ്ഞാറെ ദിക്കും) കിണറിന് ശോഭനമായ സ്ഥാനമാണ്. ഈ സ്ഥാനത്തു കിണറു കുഴിച്ചാൽ സുഖാഭിവൃദ്ധിയും സന്താനപുഷ്ടിയും സിദ്ധിക്കും

4. ദിതിപർജ്ജന്യപദയോഃ കൃപമിച്ഛന്തിസൂരയഃ
ആപേചൈവാപവത്സേച വരുണേ വൃഷകുംഭയോഃ

5. നാഗവേധവിനിർമ്മുക്ത മിന്ദ്രജിന്നക്രയോരപി
ഗേഹാസ്യദക്ഷിണേഭാഗേ ക്രൂപോദോഷപ്രദോമതഃ

സാ:—ദിതിയുടേയും പർജ്ജന്യന്റെയും പദങ്ങളാണ് കിണറിനു ഏറ്റവും ശോഭനങ്ങളായ സ്ഥാനങ്ങളാണ്. ഈ രണ്ടു പദങ്ങളും മീനംരാശിയിൽതന്നെ ആകുന്നതുകൊണ്ട് 'മീനേ കൃപമനീവ മുഖ്യമുദിതം, എന്നു ഭാഗത്തോടു ഏറ്റവും യോജിക്കുന്ന ആപപദത്തിലും ആപവത്സപദത്തിലും കിണറിനു സ്ഥാനമുണ്ട്. വരുണന്റെ പദത്തിൽ കിണറു കുഴിക്കുന്നതും ശോഭനം തന്നെയാണ്. നിരൃതി ഖണ്ഡത്തിൽ വീടു വയ്ക്കുമ്പോഴും ചിലപ്പോൾ സൌകര്യമനുസരിച്ചു ഇന്ദ്രജിത്തിന്റെ പദത്തിലും കിണറുകുഴിച്ചു വരുന്നുണ്ട്. അഥവാ നിത്യാർച്ചനയ്ക്കുള്ള ദേവാലയം നിരൃതി ഖണ്ഡത്തിൽ ചെയ്യുമ്പോഴും അതിന്റെ ഉപയോഗത്തിലേക്കു വേറെ കിണറു വേണ്ടിവരുന്ന പക്ഷത്തിലും ഇന്ദ്രജിത്തിന്റെ പദത്തിൽ കിണറു കുഴിക്കാം. ഇന്ദ്രജിത്തിന്റെ പദം കിണറിനു ശോഭനമാണെന്നു എല്ലാ ആചാര്യന്മാരും ഒന്നുപോലെ സമ്മതിക്കുന്നില്ല. ചിലർ നിശ്ശേഷം വെറുക്കുകതന്നെ ചെയ്യുന്നു.

മകരം, കുംഭം, മേടം ഈ രാശികളും കിണറിന്റെ ഗൃഹത്തിന്റെ ദർശനവശമനുസരിച്ചും മറ്റു ലക്ഷണങ്ങളെകൊണ്ടും ചിന്തിച്ചു യഥാക്രമം ശോഭനമെന്നു അറിയണം. വീട്ടിന്റെ തെക്കുവശമായി കിണറു കുഴിക്കുന്നതു ഒരുകാലത്തും ശോഭനമല്ല. തന്മൂലം പല ആപത്തുകൾക്കും ഇടവരാം. ഈ സ്ഥാനങ്ങളിൽത

ന്നെ രജ്ജുക്കൾ, സൂത്രങ്ങൾ, നാഡികൾ, നാഗസൂത്രം ഇവയെ ന്നും വേധിയ്ക്കാതെയാണ കിണറിന്റെ സ്ഥാനം നിർണ്ണയിക്കേ ണ്ടതെന്നു പ്രത്യേകം ഗ്രാഹ്യമാകുന്നു.

6.. കുംഭമീനഗതേ ക്രൂപേലഘു വാരിചശോഭനെ
മനോദുഃഖഹരേ ചൈവപുത്ര പൌത്രവിവർദ്ധനെ.

സാ: —കുംഭം, മീനം ഈരണ്ടു രാശികളിൽ കിണറു കുഴിച്ചാൽ വെള്ളം വളരെ ശുദ്ധമായിരിക്കും. മനോദുഃഖശമനത്തി നും സന്താനപുഷ്ടിക്കും ഇതു ഏറ്റവും നിദാനമാ കുന്നു.

7. വിഷഭാഗെ വിഷം വിദ്യാദമൃതെ മൃതമുച്യതെ
വംശെവംശക്ഷയം വിദ്യാൽസ്തംഭസ്ഥെ വർണ്ണസങ്കരം
കർണ്ണസൂത്രെമൃതിം വിദ്യാൽബഹി:സൂത്രേഷു വിസ്മൃതിം
ചോരശത്രുഗൃഹോൽ പഠതാഗൃഹസൂത്രേ വിദുർബുധാഃ

സാ:—വിഷഭാഗങ്ങളിൽ കിണറിന്റെ സ്ഥാനം നിർണ്ണയിച്ചാൽ തന്മൂലം വിഷതുല്യങ്ങളായ ഫലങ്ങളംതന്നെ അനുഭവിക്ക പ്പെടും. അമൃതഭാഗങ്ങളിൽ കിണറു കുഴിച്ചാൽ അമൃത തുല്യമായ സുഖവും സംഭവിക്കും. 'അമൃതം ചവിഷംവേദ്യം വാമദക്ഷിണ ഭാഗയോഃ' എന്നാ വചനമനുസരിച്ചു വാസ്തു പുരുഷന്റെ ഇടതുവശം അമൃതഭാഗമെന്നും വലതുവശം വിഷഭാഗമെന്നും ഗ്രാഹ്യമാകുന്നു. ഈ നിയമം എല്ലായിട ത്തും ഗ്രാഹ്യമാകുന്നു. അപ്പോഴം മകരം കുംഭം മീനത്തിൽ ഭിതിയുടെ പടം ഈ സ്ഥാനങ്ങളും അമൃതസ്ഥാനങ്ങളാ ണെന്നും അവിടെ ഏറ്റവും ഉത്തമങ്ങളാണെന്നും അറിയ ണം. പദവിഭാഗത്തിൽ തെക്കുവടക്കും കിഴക്കുപടിഞ്ഞാറും കൽപ്പിക്കുന്ന നാഡികൾക്കു വംശമെന്നു പറയും. കോ ണോടു കോണുള്ള സൂത്രങ്ങൾക്കു രജ്ജുക്കൾ എന്നും അതി ന്റെ ഇരുവശങ്ങളിലും കോണോടു കോണായി കാണുന്ന രേഖകൾക്കു് ഉപരജ്ജുക്കൾഎന്നും പറയും. രജ്ജുക്കളും നാ ഡികളും അന്യോന്യം സന്ധിക്കുന്ന സ്ഥാനം സ്തംഭമെന്നു പറയും. മേല്പറഞ്ഞ വംശരേഖ മുറിച്ചു കിണറു കുഴിച്ചാൽ വംശനാശവും സ്തംഭമെന്നു മർമ്മസ്ഥാനം ഭേദിച്ചു കിണറു കുഴിച്ചാൽ കുലഹീനതയും കർണ്ണസൂത്രം മുറിച്ചു കിണറു കു ഴിച്ചാൽ മരണവും നാഗസൂത്രം മുറിച്ചു കിണറു കുഴിച്ചാൽ ബുദ്ധിഭ്രമവും ഗൃഹത്തിന്റെ ദീർഘമധ്യസൂത്രം മുറിച്ചു

കിണറുകഴിച്ചാൽ ശത്രുഭയം, തസ്കരഭയം, മുതലായ നാശങ്ങളും സംഭവിക്കും. അതുകൊണ്ടു രജ്ജുക്കരം, നാഡികരം മുതലായവ ഒഴിച്ചു വളരെ ശുദ്ധിച്ചും സൂക്ഷിച്ചും വേണം മേല്പറഞ്ഞ ഭാഗങ്ങളിൽ കിണറിനു സ്ഥാനം നിശ്ചയിക്കേണ്ടതു്. കിണറിനു പല രാശികളും വിധിച്ചിട്ടുണ്ടല്ലൊ. ഇവയിൽ ഉത്തമമായ സ്ഥാനം ഏതാണെന്നു ചില പരീക്ഷണം കൊണ്ടു തീർച്ചപ്പെടുത്തേണ്ടതാണു്. പരീക്ഷണരീതി വഴിയെ വിവരിക്കപ്പെടും.

കിണറിന്റെ സ്ഥാനനിർണ്ണയത്തെപ്പറ്റി ചില ഗ്രന്ഥങ്ങളിൽ വളരെ വിസ്തൃതമായി പറഞ്ഞു കാണുന്നു. എന്നാൽ അവയുടെ യഥാർത്ഥമായ അഭിപ്രായം ഈ അഭിപ്രായത്തോടു പൂർണ്ണമായി അനുകൂലിക്കുന്നതു കൊണ്ടു ഈ ഭാഗം ഇതിൽക്കൂടുതൽ ദീർഘിപ്പിക്കുന്നതു ഒട്ടും ഉചിതമല്ല.

പറമ്പിന്റെ നീളം വീതി, ഭൂമിയുടെ അനുസരിച്ചു തുല്യമായി ചതുരശ്രമാക്കി എണ്പത്തൊന്നു പദങ്ങളായി വിഭജിക്കണം. ചില പദങ്ങൾ സംസ്കരിച്ചു യോജിപ്പിച്ചു ആകെ 45 പദങ്ങളാക്കണം. ഈ ഓരോ പദങ്ങളും ബ്രഹ്മാവു മുതൽ നാല്പത്തഞ്ചു ദേവന്മാരുടെ സ്ഥാനങ്ങളാണു്. ഇതിനു് നവവഗ്ഗപദവിഭാഗമെന്നു പറയപ്പെടും. ഇവിടെ കൊടുത്തിരിക്കുന്ന മലയാളത്തിൽ കിഴക്കുപടിഞ്ഞാറു കാണപ്പെടുന്നതു ബ്രഹ്മസൂത്രവും തെക്കുവടക്കു കാണപ്പെടുന്നതു യമസൂത്രവും കോണോടു കോണായി കാണപ്പെടുന്നതു കർണ്ണസൂത്രങ്ങളും ആകുന്നു. ഈ കർണ്ണസൂത്രങ്ങൾക്കു രജ്ജുക്കളെന്നും പറയപ്പെടും.

THIRUVANANTHAPURAM PUBLIC LIBRARY

തെക്കുവടക്കായി കാണുന്ന പത്തുരേഖകൾക്കും കിഴക്കുപടി ഞ്ഞാറായി കാണുന്ന പത്തു രേഖകൾക്കും നാഡികളെന്നും വംശങ്ങളെന്നും പറയും. കോണോടുകോണു കാണുന്ന കർണ്ണ (രജ്ജു) സൂത്രങ്ങളുടെ ഇരുവശവുമായി കോണോടുകോണു് ആറും, മൂന്നും ഖണ്ഡങ്ങളിൽക്കൂടി കാണുന്ന നന്നാലു രേഖകളും ഉപരജ്ജുക്കളാണു്. ആറു ഖണ്ഡങ്ങളിൽക്കൂടി കാണുന്നതു് ശൂലമെന്നും പറയപ്പെടും. ബ്രഹ്മസൂത്രത്തിന്റെയും യമസൂത്രത്തിന്റെയും മൂലാഗ്രഭാഗങ്ങളുടെ അന്തിമമായ അഗ്രം ലക്ഷ്യമാക്കി വൃത്തം കാണുന്ന രേഖ നാഗസൂത്രമാകുന്നു. ചുവന്ന മഷിയിൽ കുത്തിട്ടു കാണിച്ചിരിക്കുന്നതു് പന്ത്രണ്ടു രാശികളുടെ വിഭാഗമാണു്. കിണറിനു വിധിച്ചിട്ടുള്ള ദിതി, പർജ്ജന്യൻ, ആപവത്സൻ, വരുണൻ, ഇന്ദ്രജിത്തു് ഇവരുടെ പദങ്ങളെ മാത്രമെ ഇവിടെ പേരുകൊടുത്തു സൂചിപ്പിച്ചിട്ടുള്ളൂ. അതുപോലെ മകരം, കുംഭം, മീനം, മേടം ഈ രാശികളെയും അടയാളപ്പെടുത്തിയിട്ടുണ്ടു്. കുത്തു രേഖകളൊഴിച്ചു് ഇവിടെകാണുന്ന മറ്റു യാതൊരു രേഖകളും മുറിയാതെ വിധിച്ച രാശികളിലും ഖണ്ഡങ്ങളിലും സ്ഥാനം കല്പിച്ചുകൊള്ളണം.

താഴെ കാണിക്കുന്ന ചിത്രം വാസ്തുമർമ്മത്തെ കുറിക്കുന്നതാണു്. ഈ രണ്ടു വിഭാഗങ്ങളേയും ഒരു ചിത്രംകൊണ്ടു് രേഖപ്പെടുത്തുകയാണെങ്കിൽ സാധാരണ ജനങ്ങൾക്കു് ഗ്രഹിപ്പാൻ അല്പം വൈഷമ്യം വന്നേക്കാം. അതുകൊണ്ടാണു് ഇവിടെ രണ്ടു ചിത്രങ്ങളായി കാണിച്ചിട്ടുള്ളതു്. പറമ്പടക്കി ഈ രണ്ടു ചിത്രങ്ങളും, കൽപ്പിക്കേണ്ടതാണു്. ഈ രണ്ടാമത്തെ ചിത്രത്തിൽ പദത്തിന്റെ മദ്ധ്യം ഒഴിച്ചു് മൂന്നു്, അഞ്ചു്, നാലു്, ആറു്, എട്ടു് ഇതുകളും രേഖകൾ വന്നു സന്ധിക്കുന്ന സ്ഥാനങ്ങൾ മർമ്മങ്ങളാണു്. എട്ടു രേഖകൾ സന്ധിക്കുന്ന സ്ഥാനം മഹാമർമ്മമാണു്. ഈ മർമ്മങ്ങൾ യാതൊന്നും മുറിയാതെതന്നെ കിണറിനു സ്ഥാനം കൽപ്പിച്ചുകൊള്ളണം. സൂത്രങ്ങളുടെയും നാഡികളുടെയും വിന്യാസങ്ങൾ വളരെ ശ്രദ്ധിച്ചു ചെയ്യേണ്ടതാണു്. ഗൃഹങ്ങളുടെ ദീർഘമദ്ധ്യസൂത്രങ്ങൾ, ഉത്തരങ്ങൾ, ദ്വാരം, ഉപദ്വാരം ഇവയുടെ ഏകപാർശ്വങ്ങൾ, സ്തംഭങ്ങൾ, ഉത്തരാദികളുടെ സന്ധികൾ ഇവയൊന്നും കിണറിന്റെ വ്യാസത്തിനുള്ളിൽ വരാതെ സൂക്ഷിക്കണം.

മേൽ കാണിച്ച രണ്ടു ചിത്രങ്ങളും നവവർഗ്ഗപദവിഭാഗത്തെ സൂചിപ്പിക്കുന്നവയാണു്. പതിനെട്ടു ഖണ്ഡം മുതൽ വിസ്താരമുള്ള പറമ്പിലാണു് നവവർഗ്ഗരീതിയനുസരിച്ചു് പദവിഭാഗം ചെയ്യേണ്ടതു് വിസ്താരം അതിൽ കുറവുള്ള പറമ്പുകളിൽ പദവിഭാഗം അംഗുവർഗ്ഗമനുസരിച്ചു ചെയ്താൽ മതി; എന്നു് ചില പണ്ഡിതന്മാർ ബലമായി അഭിപ്രായപ്പെടുന്നു. എന്നാൽ "തേഷുചയത്രയചിന്ത്യാൽ തേനചകുര്യാദഥാലയംപ്രാജ്ഞഃ" എന്നും മറ്റുമുള്ള പൂർവതന്ത്ര വിധിയനുസരിച്ചു് ആ നിർബ്ബന്ധം അത്ര ആദരണീയമാണെന്നു തോന്നുന്നില്ല. നൂറു്, എൺപതൊന്നു്, അറുപത്തിനാലു ഈ മൂന്നു വിധമുള്ള പദവിഭാഗങ്ങളിൽ ഏതാണോ അവിടെ യോജിക്കുന്നതു്; ആ വിഭാഗം അംഗീകരിക്കപ്പെടേണ്ടതാണു്. എന്നാൽ 'സർവ്വവാസ്തു വിഭാഗേഷുനവവർഗ്ഗോ ശ്രേഷ്ഠോമതഃ' എന്നും 'മാനുഷ്യേനവകം സ്മൃതം' എന്നുംമറ്റും പല ആചാര്യന്മാരും മനുഷ്യാലയവിധാനത്തിൽ നവവർഗ്ഗപദവിഭാഗം വളരെ പ്രശംസിക്കപ്പെട്ടു കാണുന്നു. അതുകൊണ്ടു് പറമ്പു് എത്രകണ്ടു ചെറുതായാലും വലുതായാലും നവവർഗ്ഗവിഭാഗം ചെയ്യുന്നതു് യുക്തിയുക്തമാകുന്നു. വാസ്തുപുരുഷന്റെ അംഗകൽപ്പനയും ദേവന്മാരുടെ സ്ഥാനവ്യത്യാസവും നവവർഗ്ഗവിഭാഗത്തിനു യോജിക്കുന്നതുപോലെ അഷ്ടവർഗ്ഗത്തിനു യോജിക്കപ്പെടുന്നില്ല. അതുകയാൽ നവവർഗ്ഗവിഭാഗംതന്നെ മനുഷ്യാലയപരങ്ങളായ എല്ലാ സ്ഥാനങ്ങളിലും സ്വീകാര്യമാണെന്നാണു് എന്റെ വിനീതമായ അഭിപ്രായം.

ഇങ്ങിനെ കിണറിനു വിധിപ്രകാരം സ്ഥാനം നിശ്ചയിച്ചതിനുശേഷം ആ ഖണ്ഡത്തിലൊതിങ്ങിയ വ്യാസത്തിൽ അതിന്റെ പരിണാഹം (ആകൃപ്പുറകണക്കു്) നിശ്ചയിക്കണം.

ക്രമേഷ്ടയോനയഃ ശസ്താഃ വൃഷകുഞ്ജരകേതവഃ
ആയവ്യയാദിശുദ്ധോദ്ദ്യുയോഗ വിവർജ്ജിതാഃ 8.

സാ— കിണറിനു കേതുയോനിയും വൃഷയോനിയും ഗജയോനിയും ശോഭനങ്ങളാണു്. സിംഹയോനിനിഷേധിച്ചിട്ടുമുണ്ടു്. വൃഷയോനി പടിഞ്ഞാറുവശവും ഗജയോനി വടക്കുവശവും കേതുയോനി കിഴക്കുവശവും സ്വീകരിക്കയാണുത്തമമെന്നു ചിലർക്കഭിപ്രായമുണ്ടു്. "കേതുസ്സർവത്ര പൂജിതഃ" എന്ന വചനം അനുസരിച്ചു് കേതുയോനി എല്ലാ ദിക്കിലും

സ്വീകരിക്കുന്നതിൽ വിപരീതാഭിപ്രായത്തിനു വകയില്ലല്ലോ. കിണറിന്റെ ചുറ്റുകണക്കുകൊണ്ടു് വരവു്, ചിലവു് നക്ഷത്രം, പക്കം മുതലായവ ശോഭനമായി ചിന്തിക്കേണ്ടതാണു്. ഗണ്ഡാന്തം, രിക്തതാവിഷ്ടി, മൃത്യുയോഗം മുതലായവ ശരിയായി വർജ്ജിക്കയും വേണം. ഇങ്ങിനെ കിണറിനു് സ്ഥാനവും ചുറ്റുകണക്കും നിർദ്ദോഷമായിനിശ്ചയിച്ചതിനുശേഷം കിണറിനുള്ള വ്യാസംവരുത്തി വലയം വീശി ഉണ്ടാക്കണം.

ഭൂതകൃതി ഭക്തേനാഹേസാർദ്ധ ധൃതയോന്മിതേന മാനേന
പരിതഃപരിഭ്രമയ്യ് സമ്യക്ക് തന്തതാൽ സുവൃത്തപരിണാ-
ഹം. 9

സാ:—മേൽപ്രകാരം കിണറിനു നിശ്ചയിച്ച ചുറ്റുകണക്കു് ഇരുപത്തിരണ്ടായി ഭാഗിച്ചാൽ ഏഴുഭാഗം കിണറിന്റെ വ്യാസമാണു്. ഇതിന്റെ മദ്ധ്യകേന്ദ്രത്തിൽനിന്നു് മൂന്നരഭാഗം വച്ചു വീശുമ്പോൾ സുവൃത്തമായ വൃത്തം (ചുറ്റു) കിട്ടും. ഇങ്ങിനെ സ്ഥാനവും കണക്കും നിശ്ചയിച്ചു് അവിടെ കിണറിന്റെ ചുറ്റളവു വീശി വരുത്തി മദ്ധ്യേ കുറിയും സ്ഥാപിച്ചാൽ പിന്നീടു് ആ സ്ഥാനത്തു് വിധിപ്രകാരം ജലപരിശോധന ചെയ്യേണ്ടതാണു്. അതിനുള്ള ക്രമം താഴെ വിവരിക്കപ്പെടുന്നു.

ജലലാഭോഭവേൽകിംവാ, നവേതി, പരിചിന്തനെ
സമെഗോമയ സംസിക്തേ ചക്രംലിഖേ ദ്ഭൂതലേ. 10

സാ:—ഈ നിശ്ചയിച്ച സ്ഥാനത്തു കുഴിച്ചാൽ വെള്ളം എളുപ്പം ലഭിക്കുമോ, അഥവാ അധികം താഴ്ചവേണ്ടി വരുമോ, അങ്ങനെയാണെങ്കിൽ എന്തു താഴ്ചവേണ്ടിവരും, വെള്ളം നന്നായിരിക്കുമോ, ഊറലുണ്ടാകുന്ന സ്ഥാനത്തിന്റെ സ്വഭാവം എന്തായിരിക്കും; പക്ഷെ വെള്ളം കിട്ടാതെവരുമോ എന്നുള്ള ചിന്തയാണു് പിന്നെ ചെയ്യേണ്ടതു്. ഈ പരിചിന്തനത്തിനു് ഗ്രഹസ്ഥിതികൊണ്ടും മറ്റു പല നിമിത്തങ്ങളെ കൊണ്ടും പുരാതനന്മാരായ ആചാര്യന്മാർ ഗ്രന്ഥങ്ങളായ പല മാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുണ്ടു്. ആ നിർദ്ദേശം അനുസരിച്ചു് പരിശോധിക്കുന്നതിനുള്ള ചില മാർഗ്ഗങ്ങളാണു് ഇവിടെ വിവരിക്കുന്നതു്.

ഒരു പറമ്പിൽ കിണറിനു് പല സ്ഥാനങ്ങളും വിധിച്ചിട്ടി

ണ്ടല്ലൊ. അവയിൽ സൌകര്യപ്രദവും ശോഭനവുമായ സ്ഥാന
ത്തെയാണു് ആദ്യമായി പരിശോധിക്കേണ്ടതു്. അവിടെ ജലം
സുലഭമല്ലെന്നും മറ്റും ബോദ്ധ്യപ്പെട്ടാൽ മറ്റൊരു സ്ഥാനം മേൽ
പ്രകാരം പരിശോധിക്കണം. അങ്ങനെ പരിശോധിച്ചാൽ സുല
ഭമായുംസുകരമായും വെള്ളംകിട്ടുന്ന സ്ഥാനത്തുവേണം കിണറുകഴി
ക്കേണ്ടതു്. ഇവിടെയാണു് സ്ഥപതിയുടെ ആത്മശുദ്ധിയുംപണ്ഡി
ത്യവും പ്രജ്ഞാവിന്റെ ഈശ്വരഭക്തിയും പ്രത്യക്ഷപ്പെടുന്നതു്.
കിണറിനു സ്ഥാനം നിശ്ചയിച്ച വൃത്തം വീശിയതിന്റെ നിർ
ദ്ദിഭാഗത്തായി കുറച്ചു സ്ഥലം നിരപ്പുവരുത്തി വൃത്തിയാക്കി മെ
ഴുകി മേൽകാണിച്ച ക്രമമനുസരിച്ചു് ഒരു രാശിചക്രം വരക്കേണ്ട
താണു്. വരപ്പിക്കുന്നതു് ഇങ്ങിനെയുള്ള പ്രവർത്തനങ്ങളിൽ ഇട
പെട്ടു് യാതൊരറിവും ലഭിച്ചിട്ടില്ലാത്ത കരാളിനെ കൊണ്ടു വേ
ണം. ചക്രത്തിന്റെ പുറത്തെ നാലു രേഖകളുമാണു് ആദ്യമായി
വരപ്പിക്കേണ്ടതു്. അവയിൽ ആദ്യം വരയ്ക്കുന്നതു് പടിഞ്ഞാറെ
രേഖയായാൽ വളരെ എളുപ്പം വെള്ളം കാണുമെന്നും കിഴക്കെ
രേഖയായാൽ വെള്ളം നിലയ്ക്കു വളരെ താഴ്ചയുണ്ടാകുമെന്നും വട
ക്കെരേഖയായാൽ അവിടുന്നു നിലയ്ക്കു ഒരു മദ്ധ്യമമായ താഴ്ച
യിൽ ജലലാഭം ഉണ്ടാകുമെന്നും, തെക്കെരേഖയായാൽ ജലലാ
ഭം ദുർല്ലഭമാണെന്നും പറയണം. വരയ്ക്കുന്നതു വലതുവശത്തോ
ട്ടായാൽ വൈഷമ്യങ്ങളൊന്നുംകൂടാതെ ജലലാഭം ഉണ്ടാകുമെ
ന്നും ഇടതുവശത്തോട്ടായാൽ മദ്ധ്യേ പല ദുർഘടങ്ങളും ഉണ്ടാ
കാൻ ഇടയുണ്ടെന്നും രേഖയ്ക്കു ഇടയ്ക്കിടെ മുറിവുകളുണ്ടെങ്കിൽ
കിണറു് എളുപ്പം പൂർത്തിയാകാതിരിക്കാൻ ഇടയുണ്ടെന്നും പറ
യണം. ചക്രം എഴുതേണ്ടതു് ഭദ്രം കൊണ്ടായിരിക്കണം
രീതിയെപ്പറ്റിയുള്ള ബോധം സാധാരണമായതുകൊണ്ടു് അതി
നെപ്പറ്റി അധികം വിസ്തരിക്കുന്നില്ല.

ചക്രം വിലിഖ്യപുഷ്പാദ്യൈഃ പൂജയിത്വാമനോരമാം
കന്യാം ശ്വേതാംബരാലേപഭൂഷാദ്യലംകൃത്യം.
ആനീയതദുപചസ്പർശഫലം ജ്ഞേയം തദുച്യതേ.

സാ:—രാശിചക്രം വരച്ചു് ജലഗന്ധപുഷ്പാദികളെക്കൊണ്ടു്
വിധിപോലെ പൂജിക്കണം. പിന്നീടു് അംഗസൌന്ദര്യമുള്ള
ഒരു പെൺകുട്ടിയെ കുളിപ്പിച്ചു് അലങ്കരിയ്ക്കുന്ന വസ്ത്രവും, ച
ന്ദനം ഭസ്മം മുതലായ ലേപനങ്ങളും യഥാശക്തി ആഭര
ണങ്ങളും ധരിപ്പിച്ചു് രാശിചക്രത്തിന്റെ സമീപത്തു് കി

ഴക്കമിമുഖമായി നിൽക്കണം. ഈ പെൺകുട്ടിയ്ക്ക് കണ്ണോ കേട്ടോ ഈ തരത്തിലുള്ള അറിവ് ഉണ്ടായിരിക്കരുത്. ആ കുട്ടിയുടെ പ്രവർത്തനങ്ങളും അശേഷം യാദൃഛികസംഭവങ്ങളായിരിക്കണം. മനഃപൂർവ്വം കരുതിക്കൂട്ടി യാതൊന്നും പ്രവർത്തിക്കരുത്. ഈ പെൺകുട്ടിയുടെ വാക്ക്, സ്പർശനം, ദർശനം മുതലായ ലക്ഷണങ്ങളെകൊണ്ടാണ് ഈ നിശ്ചയിച്ച സ്ഥാനത്ത് വെള്ളം ലഭിക്കുമോ ഇല്ലയോ എന്നും മറ്റുമുള്ള പരമാർത്ഥം ഗ്രഹിക്കേണ്ടത്. അതിനുള്ള ക്രമം താഴെ വിവരിക്കപ്പെടുന്നു.

സ്ഥാനാദസ്മാദപാം ലാഭഃ സുലഭഃ കിമുദുർല്ലഭഃ
ഇതിതാവകകാരുണ്യാൽ സ്പഷ്ടം സ്ഫുരതുമാനസേ
ഏവം മഹേശ്വരം ധ്യായമാനസ്തിഷ്ഠതു സാഞ്ജലിഃ
സ്ഥപതിസ്തസ്യനിർദ്ദിഷ്ടദൈവതം ധ്യായമാനയ
കേന്നാഞ്ചിദപിവസ്ത്രേണാമുക്തേ നാമനികന്യയാ
തദാകൃത്യാദൃശ്യരൂപാപ് തൽപദാർത്ഥവിശേഷപി
തദംഗസ്പർശനേനാപി പുഷ്പൈസ്തുലഗ്നരാശിന
തൽഗോചരവേശാ ദേവം തൽക്കാല ശകുനേനച
ജലലാഭാദികംസർവ്വം വിജ്ഞാതവ്യം വിചക്ഷണൈഃ.

സാ:—ഈ നിശ്ചയിച്ച സ്ഥാനത്ത് കിണറുകഴിച്ചാൽ പ്രയാസംകൂടാതെ വെള്ളം ലഭിക്കുമോ ഇല്ലയോ എന്നും മറ്റുമുള്ള സകല പരമാർത്ഥങ്ങളും അവിടത്തെ കാരുണ്യാതിരേകത്താൽ എന്റെ ഹൃദയത്തിൽ ഉദിപ്പിച്ചു തരേണമേ! എന്നിങ്ങനെ കൂപ്പു കൈയോടുകൂടി പരമശിവനെ ധ്യാനിച്ചുകൊണ്ട് സ്ഥപതി പരിശുദ്ധഹൃദയനായി ഒരു നല്ല ആസനത്തിൽ സ്ഥിരമായിരിക്കണം. 'ഗംഗാംധ്യാത്വാകന്യകാ' എന്ന വചനപ്രകാരം കന്യക ഗംഗാദേവിയെ ധ്യാനിച്ചുകൊണ്ട് നിശ്ചലമായി നിൽക്കുന്നതിനു മുൻകൂട്ടി ഏർപ്പാടുചെയ്തു നിറുത്തികൊള്ളുകയും വേണം. സ്ഥപതിയുടെ ധ്യാനശേഷം ഏതെങ്കിലും ഒരു പദാർത്ഥത്തിന്റെ പേരു് ആ പെൺകുട്ടിയെ കൊണ്ടു പറയിക്കണം. അതുപോലെ അതിന്റെ വലതുകൈ കൊണ്ടു് അതിന്റെ ശരീരാവയവങ്ങളിൽ എവിടെയെങ്കിലും സ്പർശിപ്പിക്കണം. പിന്നീടു് മുഹൂർത്താചാരി ധ്യാനിച്ചു കൊടുത്ത പുഷ്പത്തെ അവിടെ വരച്ചിട്ടുള്ള രാശിഖണ്ഡങ്ങളിൽ

സ്വമനസ്സാലെ ഏതിലെങ്കിലും ഒന്നിൽ നിക്ഷേപിപ്പിക്കണം. ഈ പറഞ്ഞ വാക്കുകൊണ്ടും സ്പർശനലക്ഷണം കൊണ്ടും പുഷ്പം നിക്ഷേപിച്ച ആരുഢരാശികൊണ്ടും അപ്പോഠം ആ പെൺകുട്ടിയുടെ ദൃഷ്ടിചേഷ്ട സ്ഥിതി മുതലായവയെകൊണ്ടും അപ്പോഠം സംഭവിക്കുന്ന മറ്റു നിമിത്തങ്ങളെ കൊണ്ടും ജലം ലഭിക്കുമൊ ഇല്ലയൊ എന്നും ജലത്തിന്റെ നന്മതിന്മയും ഉറവുണ്ടാകുന്ന സ്ഥലത്തിന്റെ സ്ഥിതിഗതികളും മറ്റു സകല വിശേഷങ്ങളും ബുദ്ധിമാനായ സ്ഥപതി നല്ലപോലെ ചിന്തിച്ചറിഞ്ഞു പുഷ്പാവിനെ ധരിപ്പിക്കേണ്ടതാണു്. കന്യകയുടെ വാക്യംകൊണ്ടു ഫലം പറയാനുള്ള ക്രമമാണു് ആദ്യമായി വിവരിക്കാൻ പോകുന്നതു്. ഈ കന്യകയ്ക്കു് ഈവക ബോധം ഉണ്ടായിരിക്കുന്നതു്. ഇതിനെപ്പറ്റി യാതൊരുത്തരും യാതൊന്നും ഉപദേശിക്കയും അരുതു്. സ്വമനസ്സാലെ തോന്നി സ്പർശിക്കയും പറയുകയും പുഷ്പം വയ്ക്കുകയും വേണം. അറിഞ്ഞു പ്രവർത്തിച്ചാലും പ്രേരണകൊണ്ടു ചെയ്താലും അതുകൊണ്ടുള്ള ഫലം അനുഭവയോഗ്യമല്ലെന്നു പ്രത്യേകം ഓർക്കണം.

ആദ്യക്ഷരാന്യൗ രലവാനിഭവന്തി വാരി-
ലബ്ധോദയം ലഘുതരം സുഗമപ്രവിദ്യാൽ
തദ്വൽസ്വരാണിയദി നിമ്നഗതം ജലാനാം
സ്ഥാനം ഖഠഛരഥഫണാനിനവാരി നൂനം.

അ:—കന്യക ഉച്ചരിച്ച വാക്യത്തിലെ ആദ്യക്ഷരം യ, ര, ല, വ ഇവയിൽ ഏതെങ്കിലും ഒരക്ഷരമായാൽ വെള്ളം വളരെ താഴാതെതന്നെ ലഭിക്കുമെന്നും ഏറ്റവും നല്ല വെള്ളമായിരിക്കുമെന്നും മറ്റു വൈഷമ്യങ്ങളൊന്നും ഉണ്ടാകയില്ലെന്നും പറയണം. അതുപോലെ "അ" മുതൽ "ഒ" വരെയുള്ള സ്വരാക്ഷരങ്ങളിൽ ഒന്നു് വാക്യത്തിന്റെ ആദ്യക്ഷരമായി വന്നാൽ ശരിക്കു താണതിനു ശേഷമെ വെള്ളം ലഭിക്കൂ എന്നു അറിയണം. സ്വരാക്ഷരങ്ങളിൽ അ, ആ, ഇ, ഈ അങ്ങനെ ഹ്രസ്വങ്ങളായും ദീർഘങ്ങളായും ഉണ്ടു്. ദീർഘാക്ഷരമായാൽ എളുപ്പം ജലലാഭമുണ്ടെന്നും ഹ്രസ്വാക്ഷരമായാൽ വളരെ താണതിന്റെ ശേഷമേ ജലം ലഭിക്കൂ എന്നും അറിഞ്ഞുകൊള്ളണം. ഖ, ഠ, ഛ, ഥ, ഫ, ണ

ഈ അക്ഷരങ്ങളാം വാക്യത്തിന്റെ ആദ്യക്ഷരങ്ങളായാൽ തീർച്ചയായും വെള്ളം ലഭിക്കയില്ലെന്നറിയണം. 'ണ' എന്ന അക്ഷരം ആദ്യമായിരുന്നാൽ പക്ഷെ വെള്ളം ലഭിക്കാം; എന്നാൽ ഓരുണ്ടായിരിക്കുമെന്നുള്ള ദൃഷ്ടിംകൂടി അറിഞ്ഞുകൊള്ളണം.

കചടാശ്ചതപൈ ദൃഖാൽ ഗജഡാശ്ചദ ധൈസുഖാൽ
ഫലധഡഥശ്ചധ ഭാവാശ്ച ജലലാഭം വിദുർബുധാഃ
ങഞനാശ്ച ഭവന്ത്യേതന്നിഷ്ഫലം ഷഹളാശ്ചതേ
ലാവണ്യം സശമാശ്ചൈവ ശ്രാവാധോഭവി ദൃഷ്കരം.

അ:—വാക്യത്തിന്റെ ആദ്യക്ഷരം ക, ച, ട, ത, പ ഇവയിലൊന്നായാൽ വളരെ പ്രയാസത്തിനു ശേഷവും ഗ, ജ, ഡ, ദ, ബ ഈ അക്ഷരങ്ങളിൽ ഒന്നു് ആദ്യക്ഷരമായാൽ യാതൊരു പ്രയാസവും ക്ലേശവുമെന്നു് അറിഞ്ഞു പറയണം. ഘ, ഝ, ഢ, ധ, ഭ ഈ അക്ഷരങ്ങളിൽ ഒന്നാദ്യക്ഷരമായാൽ കുറച്ചുമാത്രം താഴ്ചകൊണ്ടും വെള്ളം കാണാൻ ഇടവരുമെന്നു് അറിഞ്ഞു പറയണം. ങ, ഞ, ന ഈ അക്ഷരങ്ങളിൽ ഒന്നു് ആദ്യക്ഷരമായാൽ കിണറു കുഴിച്ചാൽ വെള്ളം ഉണ്ടാകുന്നതല്ല. ഷ, ഫ, ഈ അക്ഷരങ്ങളായാൽ ഉപ്പുവെള്ളം ആയിരിക്കും. സ, ശ, മ ഈ അക്ഷരങ്ങളായാൽ വെള്ളം ഉണ്ടെങ്കിലും പാറയുടെ അടിപ്രദേശത്തായിരിക്കും. പാറ പൊട്ടിച്ചു വെള്ളം കാണുക എന്നുള്ളതു് സുസാദ്ധ്യവുമല്ല. ഇങ്ങനെ ആദ്യക്ഷരം കൊണ്ടു് ഈ നിശ്ചയിച്ച സ്ഥാനത്തു് ജലലാഭം ഉണ്ടാകുമോ ഇല്ലയൊഎന്നുള്ള പരമാർത്ഥം ശാന്തമായി ചിന്തിച്ചറിയണം. ആ വാക്യംകൊണ്ടു് ജലലാഭത്തെയും മറും ചിന്തിക്കേണ്ട ക്രമത്തെ അടിയിൽ വിവരിക്കുന്നു.

20 നവനീതംഘൃതം ക്ഷീരം മാക്ഷികംപേയമാസവം
ഏതേഷാം നാമഭേദോക്തേ സുരസം ജലമാദിശേൽ.

അ:—വെണ്ണ, നെയ്യു്, പാലു്, തേൻ ഹൃദയപ്രിയമായ ആസവം ഇവുകളുടെ പേരുകളും ആദ്യവാക്യംകൊണ്ടു് സൂചിപ്പിക്കയാണെങ്കിൽ ഈ സ്ഥാനത്തു കിണറുകുഴിച്ചാൽ വെള്ളം ലഭിക്കുമെന്നും വെള്ളം വളരെ നന്നായിരിക്കുമെന്നും അറിയണം. ഈ പദ്യത്തിൽ പേയമെന്നു പ്രയോഗിച്ചിരിക്കുന്നതുകൊണ്ടു്, ദാഹശാന്തിക്കും ശരീരരക്ഷയ്ക്കും ഉതകുന്ന എല്ലാ

തെങ്കിലുംകൂടിസാധനത്തിന്റെ പേരു് ആദ്യവാക്യംകൊ
ണ്ടുസൂചിപ്പിക്കുന്നതു് ജലലാഭലക്ഷണം തന്നെയാണു്. എ
ന്നാൽ മദിപ്പിക്കുന്ന ആസവങ്ങളും നിഷിദ്ധാങ്ങളാണെന്നും
വിശേഷിച്ചു് ജലം നന്നായിരിക്കയില്ലെന്നും ധരിക്കേണ്ട
താണു്.

21 ലക്ഷ്മീനാരായണേശാന രജനീനാഥപാശിനാം
നാമഭേദോനികഥ്യന്തേ യദി ശുഭ്രജലം ധ്രുവം

അ: —ലക്ഷ്മിദേവി, ശ്രീനാരായണൻ, ഈശാനൻ, ചന്ദ്രൻ,
വരുണൻ ഈ ദേവന്മാരുടെ നാമഭേദങ്ങളും (പര്യായനാമ
ങ്ങളും) ആദ്യവാക്യമായിരുന്നാൽ ശുദ്ധമായ വെള്ളം വേഗ
ത്തിൽ കിട്ടുമെന്നു് അറിയണം. ലക്ഷ്മിദേവി പാൽക്ക
ടലിൽ നിന്നു ജനിച്ചു. ശ്രീനാരായണൻ പാൽക്കടലിൽ
ശയിക്കുന്നു. ശിവൻ ഗംഗയെ ധരിച്ചിരിക്കുന്നു. ചന്ദ്രൻ
ജലരൂപനാണു്. പാശി ജലദേവനാണു്. ഇതുപോലെ
യോജിപ്പിച്ചു മറ്റു ലക്ഷണങ്ങളും ചിന്തിക്കാം

22 ലഭേതാശു ജലംമത്സ്യമഹിഷീകരിണീഗവാം
ചിരായകേസരീ കോലഖരമക്കടന്തിനാം

അ: —മത്സ്യം, എരുമ, പിടിയാന, പശുക്കൾ ഇതുകളുടെ പര്യാ
യനാമങ്ങളും ആദ്യവാക്യമായാൽ വേഗേന (അധികം അ
ഴം ചെല്ലാതെ) വെള്ള നില കാണാൻ സാധിക്കും. സിം
ഹം, പന്നി, കഴുത, കുരങ്ങ്, ആന ഇതുകളുടെ പര്യായ
ങ്ങളും ആദ്യവാക്യമായാൽ വളരെ ആഴം ചെന്നതിന്റെ
ശേഷമേ വെള്ള നില കാണുവാൻ സാധിക്കുവെന്നു പറ
യണം.

ആദ്യവാക്യം മത്സ്യത്തിന്റെ പര്യായനാമമായാൽ വെള്ളം
ധാരാളം ഉണ്ടായിരിക്കുമെന്നും എരുമയുടെയൊ, പിടിയാനയു
ടെയൊ പര്യായനാമമായാൽ വെള്ളം കലങ്ങിയിരിക്കുമെന്നും,
പശുവിന്റെ പര്യായനാമമായാൽ വെള്ളം വളരെ ഏദ്യമായി
രിക്കുമെന്നും ഇങ്ങിനെ യുക്തികൊണ്ടു് വെള്ളത്തിന്റെ അവ
സ്ഥാഭേദങ്ങളെ ശരിയായി ആലോചിച്ചു പറഞ്ഞു കൊള്ള
ണം.

23 കടംബാമലകികേര പുന്നാഗാസന ശാഖിനാം
കീർത്തനേദൾനേ ഭ്രരിജലം വിന്ദന്തിസൂരയഃ

അ: — കടമ്പു്, നെല്ലി, തെങ്ങു്, പുന്ന, വേങ്ങ ഈ വൃക്ഷങ്ങ

ളുടെ നാമങ്ങൾ ഉച്ചരിച്ചാലും ആ വൃക്ഷങ്ങൾ തൽ സമയം കണ്ടാലും നിർദ്ദിഷ്ടസ്ഥാനത്തു് കിണറു കുഴിച്ചാൽ വേണ്ടിടത്തോളം വെള്ളമുണ്ടായിരിക്കുമെന്നു പറയണം.

24 ആസ്യാക്ഷികുക്ഷി വക്ഷോജനാമഭേദോക്തിരസ്തിചേൽ
അധോഗത സിരോത്ഭൂതജലപൂർണ്ണതാ മാദിശേൽ

അ:—വായ്, കണ്ണു്, വയറു്, മുല ഇവുകളുടെ പര്യായനാമങ്ങൾ ഉച്ചരിച്ചാൽ കിണറിൽ അടിയിൽനിന്നു മേല്പോട്ടുള്ള ഗാഭീരമായ ഉറവുകൊണ്ടു് എപ്പോഴും നിറയ ജലമുണ്ടായിരിക്കുമെന്നു പറയണം.

25 ഫലാനാം കാണ്ഡളാദീനാം കീർത്തനേവാരിശോഭനം
അർഭകാം ശുകമാർജ്ജാര ഗർഭിണീനാം നശോഭനം.

അ:—വാഴപ്പഴം മുതലായ മാധുര്യപ്രധാനങ്ങളായ പഴങ്ങളുടെ നാമങ്ങൾ (പേരുകൾ) പറയുന്നതായാൽ ഏറ്റവും ശുദ്ധമായ ജലം ലഭിക്കുമെന്നു പറയണം. കുട്ടികൾ, വത്സങ്ങൾ, ഗർഭിണി, പൂച്ച ഇവയുടെ പേരുകളോ പര്യായനാമങ്ങളോ ഉച്ചരിച്ചാൽ വെള്ളം ലഭിക്കുമെങ്കിലും ശുദ്ധമായിരിക്കയില്ലെന്നറിയണം.

26 കപാലഭന്തപാഷാണ തുഷധാന്യ ശിരോരുഹാം
കാർപ്പാസകംബളാദീനാം കീർത്തനേ നാത്രശോഭനം

അ:—ചിരട്ട, പല്ല, കല്ല്, വറുത്തധാന്യം, തലനാരു്, പഞ്ഞി, കമ്പിളി ഇവുകളുടെയും ഈ വർഗ്ഗത്തിൽപ്പെട്ട മറ്റു പദാർത്ഥങ്ങളുടേയും നാമഭേദങ്ങൾ ഉച്ചരിച്ചാൽ ഇവിടെ വെള്ളം ലഭിക്കയില്ലെന്നറിയണം.

27 കൃമികീടജളൂകാദി കീർത്തനേ പങ്കിലംജലം
കുലാല ലോഹകാരാണാം നിർജ്ജലം സജലംകപചിൽ

അ:—കൃമി, പുഴു, അട്ട തുടങ്ങിയ ക്ഷുദ്രജന്തുക്കളുടെ പേരു പറയുന്നതായാൽ വെള്ളം ചെളിമൂലം കലങ്ങിയിരിക്കുമെന്നറിയണം. കുശവൻ, സ്വർണ്ണം വെള്ളി ചെമ്പു് ഇരുമ്പു് ഈ വക ലോഹങ്ങൾകൊണ്ടു ജോലി ചെയ്യുന്നവർ ഇവരുടെ പേർ ഉച്ചരിച്ചാൽ ചില കാലങ്ങളിൽ വെള്ളമുണ്ടായിരിക്കുമെന്നും ചില കാലങ്ങളിൽ വെള്ളം ഉണ്ടാവില്ലെന്നും പറയണം.

പൂർവ്വോക്തമാനി നിമിത്താനി യാനി താന്യത്ര ചിന്തയേൽ

പുനഃഫലം പ്രകഥ്യതേ സ്പർശനോദിത ദക്ഷിണൈഃ

അ: —മേൽ സ്ഥപതിയും പ്രശ്നവും തമ്മിലുള്ള സംവാദസന്ദർഭത്തിലും യാത്രാകാലത്തും വെള്ളത്തിന്റെ സുലഭതാദുർല്ലഭതയെപ്പറ്റി വിവരിച്ചിട്ടുള്ള നിരീക്ഷണങ്ങളും ഇവിടെയുയുക്തിയനുസരിച്ച് യോജിപ്പിക്കാവുന്നതാണ്. താമര മുതലായ ജലോൽപ്പന്നവസ്തുക്കളുടെ പേരു പറഞ്ഞാൽ ജലം ലഭിക്കുമെന്നും പാറ മുതലായ നിർജ്ജലപദാർത്ഥങ്ങളുടെ പേരു പറഞ്ഞാൽ വെള്ളം ലഭിക്കയില്ലെന്നും അറിയണം. ഇങ്ങിനെ കന്യകയുടെ ഉച്ചാരണം കൊണ്ടുള്ള ഫലം പറയപ്പെട്ടു. ഇനി സ്പർശനംകൊണ്ടുള്ള ഫലത്തെയാണ് ഇവിടെ വിവരിക്കാൻ പോകുന്നത്.

29 നയനസ്പർശനേവേദ്യേ നിയതം ലവണോദകം
ഹൃദയേ സുജലംവിദ്യാൽ ശ്വാസനേദുർജ്ജലംപരം

30 നാഭൌബഹുനി വാരീണി ജാനലാലാടമൂർദ്ധസു
നിയതം നിർജ്ജലം വിദ്യാൽ—കക്ഷേപങ്കിലദൂഷിതം

അ: —പിന്നീട് കന്യകയെക്കൊണ്ട് തന്റെ ശരീരാവയവങ്ങളിൽ ഏവിടെയെങ്കിലും സ്പർശിപ്പിക്കയാണെല്ലാവേണ്ടതു്. അപ്പോൾ ആ പെൺകുട്ടി കണ്ണുകളിൽ സ്പർശിച്ചാൽ ഒരു വെള്ളമാണുണ്ടാകുക. ഹൃദയം നാഭി ഈ സ്ഥാനങ്ങളിൽ സ്പർശിച്ചാൽ അവിടെ നല്ലവെള്ളം ഉണ്ടായിരിക്കുമെന്നറിയണം. മൂക്കിൽ സ്പർശിച്ചാൽ വെള്ളം കലങ്ങിയിരിക്കും. നെറ്റി, നെറുക ഈ സ്ഥാനങ്ങളിൽ തൊട്ടാൽ വെള്ളം ഉണ്ടാകയില്ല.

31 കഥഞ്ചിൽകന്ധരേ പൃഷ്ഠേപാരശ്വേണിദ്വയേ ജലോദയം,
തഥാപിതത്രപാഷാണ ഭേദനേഭ്രരിജായതെ

അ:—മുതുക്, തോള്, മേടമ്പ് ഈ സ്ഥാനങ്ങളിൽ തൊട്ടാൽ പ്രയാസപ്പെട്ടാൽ വെള്ളമുണ്ടായിരിക്കും. എന്നാൽ അതിനു മുമ്പു് പാറ കാണാൻ തുടങ്ങും. പാറ പൊട്ടിച്ചെങ്കിൽമാത്രമെ വെള്ളം ധാരാളം ലഭിക്കയുള്ളു.

32 നഖദന്താസ്ഥി സസ്പർശേ മദ്ധ്യേപാഷാണമാദിശേൽ
ഭേദനേനാപിനോവാരി കൂപയോർവാകപോലയോ:
സുരന്ധബഹുലംവാരി ഗ്രഹ്യസ്പർശേന ശോഭനം

അ:— നഖം, എല്ല്; പല്ല് ഇതുകളിൽ സ്പർശിച്ചാൽ കുറെ കുഴിച്ചു ചെല്ലുമ്പോൾ പാറ കാണാൻ ഇടവരും. പാറപൊ

ട്ടിച്ചാലും വെള്ളം ഉണ്ടാകുന്നില്ല. കവിടം മുലം ഈ സ്ഥാനങ്ങളിൽ തൊട്ടാൽ നല്ല സ്വാദുള്ള വെള്ളം ലഭിക്കും. ഇഷ്യസ്ഥാനങ്ങളിൽ തൊട്ടാൽ വെള്ളം തീരെ നന്നായിരിക്കയില്ല; ചെളിമയമായും അരുചികരമായും ഇരിക്കും.

23 ഖച്ഛവാരികരാവാമഭാഗ ഗായദ്ധകന്യകാ
ദക്ഷിണേചേൽ ഗതാകന്യാ നിർജ്ജലം നിശ്ചയംവിദ്ധി

പിന്നീട് ആ കന്യകയോട് നിൽക്കുന്ന സ്ഥലത്തുനിന്നും ഇഷ്ടംപോലെ ഏതു ദിക്കിലേക്കെങ്കിലും മാറി നിൽക്കുവാൻ ആവശ്യപ്പെടണം. അപ്പോൾ ഇടതുവശത്തോട്ടു മാറുന്നുവെങ്കിൽ കിണറ്റിൽ ധാരാളം വെള്ളം ഉണ്ടാകുമെന്നും വലതുവശത്തോട്ടു നീങ്ങിയാൽ വെള്ളം ഉണ്ടാകയില്ലെന്നും അറിയണം.

24 പൃഷ്ഠഭാഗേ ഗതാനീവന മ്നഗം നിർദ്ദിശേജ്ജലം
പുരോഭവിഗതാകന്യകിഞ്ചിൽ നിമ്നഗതം ജലം

ആ കന്യക പുറകുഭാഗത്തോട്ടു മാറിയാൽ വളരെ ആഴംചെന്നതിനുശേഷം ജലലാഭം ഉണ്ടാകും. മുൻവശത്തോട്ടു നീങ്ങി നിന്നാൽ അല്പം താണാൽ വെള്ളം കാണപ്പെടും.

25 അഗ്നിദിഗ്ഭാഗഗാ കന്യാദുർല്ലഭം വാരികല്പിതം
വായുകോണഗതാതിവ നിമ്നതപനകപചിൽ ഭവേൽ

അ: — ആ പെൺകുട്ടി അഗ്നികോണിലോട്ടുമാറിയാൽ അവിടെ വെള്ളം ഉണ്ടാവില്ലെന്നും വായുകോണിലോട്ടു മാറിയാൽ വളരെ താഴ്ചചെന്നതിനുശേഷം വെള്ളം ലഭിക്കും എന്നും ചിലപ്പോൾ വെള്ളമില്ലാതെ വരുമെന്നും ധരിക്കണം.

26 കപചിജ്ജലം കപചിൽ നാസ്തി നൈരർത്യദിശികന്യക
ഈശാനേവാഹനി തുല്യസിരയാ ഭ്രുവിവാരികൃത്.

അ: — ആ കന്യക നൈരൃതികോണിലോട്ടുമാറിയാൽ ആ കിണറ്റിൽ ചിലകാലങ്ങളിൽ വെള്ളം ഉണ്ടായിരിക്കയും ചിലകാലങ്ങളിൽ വെള്ളം ഇല്ലാതിരിക്കയും ചെയ്യും. ഈശകോണിലോട്ടുമാറിയാൽ നദീപ്രവാഹംപോലെ വർദ്ധിച്ച ഉറവും ധാരാളം വെള്ളവും ഉണ്ടായിരിക്കും.

27 "നീരൊട്ടി, കാഞ്ഞിരം, ഞാറ കടലാടി കടമ്പിവ
ഇത്തിനിർമരുത്തിച്ചൊന്ന വൃക്ഷം തൊട്ടാൽ ദൃതം ജലം"

ഇതനുസരിച്ച് ഏതെങ്കിലും ഒരു വൃക്ഷത്തിൽ ആ കന്യകയെക്കൊണ്ടു സ്പർശിപ്പിക്കണം. അപ്പോൾ നീരൊട്ടി, കാഞ്ഞിരം, ഞാറ, കടലാടി, കടമ്പ്, ഇത്തി, നിർമരുത് ഈ വൃക്ഷങ്ങളി

ൽ തൊട്ടാൽ കിണറിൽ വേഗത്തിൽ (അധികം ആഴം ചെല്ലാതെ) വെള്ളം കാണപ്പെടുമെന്നു പറയണം. "അകമേ കാതലില്ലാത്ത ഫലഹീനതരുക്കളിൽ തൊട്ടാൽ നീരു ലഭിച്ചിടാ" ഫലവൃക്ഷത്തിലന്യഥാ ഏന്നു വചനമനുസരിച്ചു് കായും അകത്തു കാതലുമില്ലാത്ത വൃക്ഷങ്ങളിൽ തൊട്ടാൽ വെള്ളമുണ്ടാകയില്ലെന്നും, അകത്തു കാതലും ഫലങ്ങളുമുള്ള വൃക്ഷങ്ങളിൽ തൊട്ടാൽ വെള്ളമുണ്ടാകുമെന്നു അറിയണം.

പിന്നീടു് കന്യകയെക്കൊണ്ടു് അവിടെ വരച്ചിട്ടുള്ള രാശിചക്രത്തിൽ പുഷ്പം വയ്പിക്കണമെന്നു് മേൽ വിവരിച്ചിട്ടുണ്ടല്ലൊ. അങ്ങിനെ പുഷ്പം വയ്പിച്ചു് അളന്നുകൊണ്ടു ഫലം ചിന്തിക്കുന്ന രീതി താഴെ വിവരിക്കുന്നു.

28. "വൃഷകർക്ക്യംഗനാജൂകമൃഗമീനേഷു രാശിഷു
പുഷ്പൈസ്സംസ്പർശതേ കന്യായടിത്രിരജലം വദേൽ"

പെൺകുട്ടി പുഷ്പം വച്ചതു് ഇടവം, കർക്കടകം, കന്നി തുലാം, മകരം, മീനം ഈ രാശികളിലൊന്നിലായാൽ ഒരു സ്ഥാനത്തു കിണറുകുഴിച്ചാൽ വളരെ എളുപ്പത്തിൽ വെള്ളം കാണുമെന്നറിയേണ്ടതാണു് മേൽപറഞ്ഞ രാശികളിൽ വച്ചു് കർക്കടകം, മകരം, മീനം ഈ രാശികളിലൊന്നിലാണു പുഷ്പം നിക്ഷേപിച്ചതെങ്കിൽ [illegible] കാണുമെന്നറിയണം. കർക്കടകം [illegible] പുഷ്പം വച്ചതു കന്യക പറഞ്ഞ വാക്കിന്റെ ആദ്യക്ഷരം [illegible] വരികയും ചെയ്താൽ ഒരാൾപ്രമാണം താഴ്ച ചെല്ലുമ്പോൾ വെള്ളം കാണുമെന്നും, മകരരാശിയിൽ പുഷ്പമിടുകയും മേൽപറഞ്ഞ യ, ര, ല, വ ഈ അക്ഷരങ്ങളിൽ ഒന്നു് ആദ്യക്ഷരമായിവരികയും ചെയ്താൽ പാദം മുതൽ മൂർദ്ധാവുവരെയുള്ള ഒരാൾപ്രമാണംതാഴ്ന്നുപോകുമ്പോൾ വെള്ളം കാണുമെന്നും, മീനം രാശിയിൽ പുഷ്പമിടുകയും, യ, ര, ല, വ ഈ അക്ഷരങ്ങളിൽ ഒന്നു് ആദ്യക്ഷരമായിവരികയും ചെയ്താൽ ഒരുകോൽ അളവു താഴ്ചചെല്ലുമ്പോൾ വെള്ളം കാണുമെന്നും അറിയണം.

29. പുഷ്പമേഷേ [illegible] ക്രമാൽ തസ്യ സമുദ്ഭവേ
ദ്വാദശാരത്നി തോയാനി ജലം പാഷാണസംഗതം.

സം:—പെൺകുട്ടി മേടം രാശിയിൽ പുഷ്പം വച്ചാൽ പന്ത്രണ്ടാൾപ്രമാണം താണാൽ വെള്ളം കാണുമെന്നു് അറിയണം. എന്നാൽ കന്യക പറഞ്ഞ വാക്യത്തിന്റെ ആദ്യക്ഷ

രം യ, ര, ല, വ, ഇവയിലൊന്നായാൽ പന്ത്രണ്ടുമുഴം (അ
രുകോൽ)താഴുമ്പോൾ വെള്ളം കാണുമെന്നും, ഘ, ഝ, ഡ്ഢ,
ഥ, ഭ, ഇവ അക്ഷരങ്ങളിൽ ഒന്ന് ആദ്യക്ഷരമായി വന്നാൽ
പന്ത്രണ്ടുകോൽ ചെല്ലുമ്പോൾ വെള്ളം കാണുമെന്നും അറി
യണം. ഒരാൾപ്രമാണം എന്നു പറയുന്നത് കൈ ഉയർത്തി
പിടിച്ച ഒരാളിന്റെ അളവായ കൃത്യം തൊണ്ണൂറാറാംഗു
ലം (96) ആകുന്നു. വെള്ളം ഓരോരോ തരം ചാൽകല്ലുക
ളുള്ള സ്ഥലത്തായിരിക്കും. ഈ ആഴത്തിന്റെ ഓരോന്നി
ന്റേയും മുന്നിൽ രണ്ടുഭാഗം ചെല്ലുമ്പോൾ അകം (പള്ള)
വെളുത്ത ഒരുതരം തവളയെ കാണാം. അവിടെ ചേടിക്ക
ല്ലും കണ്ടെത്തുടങ്ങും.

30. വൃഷേ പുഷ്പേവിനിക്ഷിപ്തേ അഷ്ടതാലോന്മിതാവധൌ.
മണ്ഡൂകദർശനം തത്രോദ്ദശതാലോന്മിതേ ഗതേ
കിഞ്ചിൽ പങ്കലയുക്തായാം സികതാളുവിശേഷതഃ

സാ: കന്യക ഇടവം രാശിയിൽ പുഷ്യം പകുതിയിട്ടാൽ എട്ടാം
പ്രമാണം താഴുമ്പോൾ തവളയും പത്താം പ്രമാ
ണം താഴുമ്പോൾ വെള്ളവും കാണപ്പെടും. അല്പം ചെ
ളിയോടുകൂടിയ മണൽ പ്രദേശത്തായിരിക്കും ഊറുണ്ടാകു
ന്നത്. കന്യകയുടെ വാക്യത്തിലെ ആദ്യക്ഷരം ഋ മുതൽ
ഔ വരെയുള്ള ദീർഘങ്ങളായ അഞ്ചക്ഷരങ്ങളോ യ, ര,ല,
വ ഇവ അക്ഷരങ്ങളോ ആയാൽ വെള്ളം എന്നും ഉണ്ടായി
രിക്കുമെന്നും പന്ത്രണ്ടുകോൽ ആഴം ചെല്ലുമ്പോൾ വെള്ളനില
(ഊറുള്ള സ്ഥാനം) ഉണ്ടാകുമെന്നും അറിയണം.

31. യുഗ്മരാശിഗതേ പുഷ്യേ ജലലാഭോത്തരോത്തരഃ
അഥവാലഭ്യതേ കൃച്ഛ്രാൽ താലൈർദ്വാവിംശകൈരപി

32 കരേഹ്യകാദശേഖാതേ ശിലയാ ദൃശ്യതേ ഭവേത്
പുനഃ കഥഞ്ചിൽ ഖനനേ കൃതേ പങ്കിലകുജ്ജലം

മിഥുനം രാശിയിൽ പുഷ്യം പകുതിയിട്ടാൽ നിർദ്ദിഷ്ടസ്ഥാനത്തു
കിണറുകുഴിച്ചാൽ വെള്ളം കിട്ടാൻ ഏറ്റപ്പുമില്ലെന്നു പറയണം.
പണിപ്പെട്ട 22 ആം പ്രമാണംവരെ താഴ്ത്തിയാൽ പക്ഷേ
വെള്ളം കണ്ടുവെന്നുവരാം. എന്നാൽ പാതിനൊന്ന് ആഴം അളവു
താഴുമ്പോൾ കുഴിക്കാൻ നിവൃത്തിയില്ലാത്തവിധം കഠിനമായ
പാറ കാണുമെന്നറിയണം. അതു പൊട്ടിച്ചു വീണ്ടും കുഴിച്ചാൽ
മേൽപറഞ്ഞ അളവു താഴുമ്പോൾ ചെളിപ്രദേശത്തുവച്ചു വെ

ജലം കാണപ്പെടും; വെള്ളം നന്നായിരിക്കയില്ലെന്നും ഗ്രഹിക്കണം. കക്കടകം രാശിയിൽ പുഷ്പം വച്ചാലുള്ളഫലം മേൽ വിവരിച്ചിട്ടുണ്ട്.

33. സിംഹേ പുഷ്പസംലഗ്നേ ജലം നാസ്തിനസംശയഃ
കർക്കടപ്രസ്ഥമേണാത്ര മൂർദ്ധ്നഃ ശ്രമശാലിനാം.

34. ത്രിംശൽപദമിതേ താലേ ജലം കിഞ്ചിൽ ഭവേന്നവാ
മണ്ഡൂക സർപ്പയോരീക്ഷാഭവേജ്ജാസ്ത്രീ കാടധഃ
കരശൈലോന്മിതേ ഗർത്തേവൃക്ഷമേകാടശോന്മിതേ
താലേ സിസാടികം ദൃശ്യമഷ്ടാടശ നരാവധൌ
അഷ്ടാപദോപമാമൃത്സനാസപ്തവിംശാടധോ ഭവേ
സികതാ ശുഭ്രവർണ്ണാചദൃശ്യതേതൽ ഭയങ്കരം.

അ: — ചിങ്ങം രാശിയിൽ പുഷ്പം വച്ചാൽ ജലം എളുപ്പം കിട്ടുകില്ലെന്നു് നിശ്ചയമായും പറയണം. എത്രമാത്രം പരിശ്രമിച്ചാലും വിപുലമായ പാറകൊണ്ടു് മൂടപ്പെട്ടുകയാൽ കുഴിക്കാൻ സാധിക്കാതെവരും. എങ്കിലും പ്രയത്നം എന്തിനെയും അടിമപ്പെടുത്തുമെന്നുള്ള തത്വമനുസരിച്ചു് എങ്ങനെയെങ്കിലും കുഴിക്കാമെങ്കിൽ മുപ്പതാം പ്രമാണം താഴുമ്പോൾ കുറച്ചുവെള്ളം ലഭിക്കാനിടവരാം. ഒന്നരയാം പ്രമാണം താഴുമ്പോൾ സർപ്പശയും തവളയെയും കാണാൻ സാധിക്കും. ഏഴുകോൽപ്രമാണം താഴുമ്പോൾ ലോഹതുല്യമായ പഴകിയ മരം കാണപ്പെടും. പതിനൊന്നാം പ്രമാണം താഴുമ്പോൾ ഇരുമ്പു മുതലായ ലോഹങ്ങളും പതിനെട്ടാം പ്രമാണം താഴുമ്പോൾ സ്വർണ്ണവർണ്ണമായ ഒരുതരം ഘനിയും ഇരുപത്തേഴുകോൽ പ്രമാണം താഴുമ്പോൾ ശുദ്ധമായ മണലും കാണപ്പെടും. ചിങ്ങം രാശിയിൽ പുഷ്പം വയ്ക്കുകയും കന്യകയുടെ വാക്യത്തിലെ ആദ്യക്ഷരം യ, ര, ല, വ, ദീർഘങ്ങളായ അച്ചുകളും ഇവയാവുകയും വാക്യം കൊണ്ടു് ജലപദാർത്ഥത്തെ സൂചിപ്പിക്കുകയും ജലലാഭസൂചകങ്ങളായ മറ്റു നിമിത്തങ്ങളും സംഭവിക്കുകയും ചെയ്യുമ്പോൾ മുപ്പതുകോൽ താഴുമ്പോൾ വെള്ളം കാണുമെന്നറിയണം. പക്ഷേ കഠിനമായ കല്ലും ലോഹതുല്യമായ മറ്റു സാധനങ്ങളും കടന്നുപോകേണ്ടിവരും.

35. പാർത്ഥോനേ പുഷ്പവിന്യാസേ ജലലാഭം ഭവേദ്ധ്രുവം
താലദ്വയേ ജലാരംഭസ്ത്രയേ സംപൂർണ്ണവാരിഭാക്

ഹസ്തത്രികോന്മിത്രേ ഭഗ്ലകാഷ്ഠശിഷ്ട ചയാകൃതം
പഞ്ചകേപീതപാഷാണകീടർദ്ദരദർശനം.
സൈ കതയാം ജലാവാപ്തി കപചിൽ ല്ലവണ്ണമിശ്രിതം

സാ:— കന്നിയിൽ പുഷ്പം വച്ചാൽ പെട്ടെന്നതന്നെ ഫലങ്ങൾ കാണാൻ ഇടവരും. രണ്ടാം പ്രമാണം താഴുമ്പോൾ ഊറൽ കണ്ടുതുടങ്ങും മൂന്നാംപ്രമാണം താഴുമ്പോൾ വേണ്ടിടത്തോളം വെള്ളം ലഭിക്കും. മൂന്നുകോൽ താഴുമ്പോൾ ദഹിച്ചു ശേഷിക്കപ്പെട്ട മരക്കഷണങ്ങളും കാണപ്പെടും. അഞ്ചുകോൽ ആഴം ചെല്ലുമ്പോൾ മഞ്ഞനിറത്തിലെ ചരൽക്കല്ലും തവളയും ഒരുതരം പുഴുക്കളും കാണപ്പെടും. വെള്ളനില മണൽപ്രദേശത്താണെങ്കിലും ചിലകാലങ്ങളിൽ അല്പമായി ഓരുള്ളതുപോലെ തോന്നും. കിണറുകുഴിക്കുന്നവർക്ക് ആയുധാദികളിൽനിന്ന് മറിവു സംഭവിക്കാനിടവരും.

36. ജൂകരാശിസ്ഥിതേ പുഷ്പേ പഞ്ചതാലമിതോഗതേ
കീലാലദർശനം മദ്ധ്യേ ഭഗ്ലകാഷ്ഠാദിദർശനം.

37. തുലത്രയേ പയോലാഭോവേശ്ചൽസുരാധാനചിതം
നോചേജ്ജലംന സുരസം അന്ധബന്ധചയോദിതം.

തുലാം രാശിയിൽ പുഷ്പം വച്ചാൽ അഞ്ചാം പ്രമാണം താഴുമ്പോൾ വെള്ളം കാണാനിടവരും. മദ്ധ്യേ ദഹിച്ചുശേഷിക്കപ്പെട്ട വിറകുകഷണങ്ങളും കാണാനിടയാകും മൂന്നാംപ്രമാണം താഴുമ്പോൾ പക്ഷെ വെള്ളം കാണാനിടവരുമെങ്കിൽ വെള്ളം നന്നായിരിക്കും വെള്ളം അധികം ഉണ്ടായിരിക്കയില്ല. അത്രമാത്രംകൊണ്ടു തൃപ്തിവരാതെ വീണ്ടുംകുഴിച്ചാൽ അഞ്ചാം പ്രമാണം താഴുമ്പോൾ ധാരാളം വെള്ളം ഉണ്ടായിരിക്കും; നന്നായിരിക്കയില്ല. അന്ധർക്കുള്ളം കാണപ്പെടും. അസ്ഥാനത്താണ് ഊറൽ ഉണ്ടാകുന്നത്.

38. കീടരാശൌ ജലംവേദ്യം പങ്കിലോഷ്മരസംയുതം
കിഞ്ചിന്നീതേ ശിലാലോഹപാത്രയോന്നഷ്ടശിഷ്ടതാ
വാച്യാവട സമാസീനഭേജഗശ്ചാപിദർദ്ദുരഃ
ജലോദയസമാസന്നേഹ്യസ്ഥിഖണ്ഡമനർദ്ദശേൽ.

സാ:— വൃശ്ചികംരാശിയിൽ പുഷ്പംവച്ചാൽ വെള്ളം ചെളിയും ഓരുംകലർന്നിരിക്കുമെന്നറിയണം. എന്നാൽ അവിടെ മുമ്പൊരു കിണറുണ്ടായിരുന്നുവെന്നും മണ്ണിട്ടുമൂടിനികഴ്ത്തിയിരിക്കുന്നുവെന്നും കുഴിച്ചുചെല്ലുമ്പോൾ അ

തിന്റെ അടയാളങ്ങളും കാണാൻ സാധിക്കുമെന്നും പറയണം പഴയ കല്ലുകളുടെ ഇടയിൽവച്ചു സർപ്പത്തിനെ കാണാൻസാധിക്കുമെന്നും വീണുകിഴ്ന്ന മണ്ണിനുള്ളിൽ അസ്ഥിക്ഷണങ്ങളുണ്ടെന്നും വിശേഷിച്ചു ചില ലോഹപാത്രങ്ങളുടെയും ചില ദേവവിഗ്രഹാദികളുടെയും അവശിഷ്ടങ്ങളും കാണാൻ സാധിക്കുമെന്നും പറയണം

39. കോദണ്ഡഭൂവിനിക്ഷിപ്തേ കക്ഷപ്രസ്ഥരോദയാൽ
സുലഭം നജലം ഭൂയഃ ഭേദനേപൂർണ്ണവാരിഭൃത്
ഹസ്തത്രികോന്മിതേന്തീതേ സിസ്സാംഗാരസമാകുലാ–
മൃത്തികാപൂർണ്ണതാപൂർവ്വം പ്രവിനാശശ്ചതുഷ്പദാം.

സാ:—ധനുരാശിയിൽ പുഷ്പം നിക്ഷേപിച്ചാൽ കുഴിച്ചുചെല്ലുമ്പോൾ ഓരോ കാതം ദൂരമായ പാറകാണുന്നതിനിടവരും. പാറപൊട്ടിച്ചാൽ പരിശുദ്ധമായ ജലം വേണ്ടിടത്തോളം ഉണ്ടായിരിക്കും. ധനുരാശിയിൽ പുഷ്പം വയ്ക്കുകയും ഉച്ചാരണത്തിന്റെ ആദ്യക്ഷരം 'ധ' എന്നുവരികയും ചെയ്താൽ ഒൻപതുകോൽ താഴുമ്പോൾ പാറകാണുന്നതിനും പ്രയാസംകൂടാതെ പാറപൊട്ടിക്കുന്നതിനും പരിശുദ്ധമായ വെള്ളത്തിന്റെ സ്വാദ് എന്നും അനുഭവിക്കുന്നതിനും ഇടവരും. "ഖ"എന്ന അക്ഷരം ആദ്യമായി വന്നാൽ ഒൻപതാം പ്രമാണം താഴേണ്ടിവരുമെന്നും പാറപൊട്ടിക്കാൻ വളരെ വൈഷമ്യം നേരിടുമെന്നും പറയണം. ഇവിടെ മൂന്നുകോൽ താഴുമ്പോൾ ഇരുമ്പയിരും കരിക്കട്ടയുംകാണും. കിണറു പൂർത്തിയാകുന്നതിനുമുമ്പു ഒരു നാൽക്കാലിജന്തു വീണു മരിക്കുന്നതിനു ഇടയാകും.

മകരം രാശിയിൽ പുഷ്പം വച്ചാലുള്ള ഫലം മേൽ വിവരിച്ചിട്ടുണ്ടു.

40. ന്യസേൽ പുഷ്പം ഘടേ ക്രൂപം സതുരം ഭൂരിവാരി
(ഭൂതു)
അഥാസ്ഥാദേവന്തിരാം ശുഷ്കഖേചരസംയുതേ

സാ:—കുംഭരാശിയിൽ പുഷ്പം നിക്ഷേപിച്ചാൽ അധികം ആഴംകൂടാതെതന്നെ ധാരാളം വെള്ളം ലഭിക്കുമെന്നറിയണം. എന്നാൽ ശുഷ്കഗ്രഹങ്ങളായ സൂര്യൻ, ചൊവ്വാ, കേതു ഇവർ ആകുംഭം രാശിയിൽ നിൽക്കുന്നുണ്ടെങ്കിൽ വളരെ താണതിനുശേഷമേ വെള്ളം ലഭിക്കുകയുള്ളു എന്നറിയണം.

എന്നാൽ മൂന്നു കോൽ താഴുമ്പോഴും കല്ലും കരിക്കട്ടയും കാണും. അഞ്ചുകോൽ താഴുമ്പോഴും മണ്ണുവീണു മൂടപ്പെട്ട പഴയലോഹപാത്രങ്ങളും ആയുധാവശിഷ്ടങ്ങളും കാണും. മൂന്നു സ്ഥലവും കുളം മുതലായ ജലാശയമായിരുന്നു എന്നും അറിയണം. നിക്ഷേപധനപ്രാപ്തിക്കും ഇടവരും. എട്ടേകാൽ കോൽതാഴുമ്പോഴും ഉറവു കാണപ്പെടും. ശുഷ്കഗ്രഹങ്ങൾ നിന്നാൽ വെള്ളം നിലകാണുന്നതിനു എട്ടാംപ്രമാണം താഴേണ്ടതായി വരും. മീനം രാശിയിൽ പൂഷ്യം വച്ചാലുള്ള ഫലവുംമുൻപേതന്നെ വിവരിച്ചിട്ടുണ്ട്. ഇങ്ങനെ പുഷ്യം വിന്യാസംകൊണ്ടു ഫലനിർദ്ദേശത്തിനുള്ള ഈ വഴി ശ്രദ്ധയും ഏറ്റവും അനുഭവയോഗ്യവുമാണ്. ഏറ്റവും പ്രാചീനമായ ഒരു ഗ്രന്ഥത്തിൽനിന്നും ലഭിച്ചിട്ടുള്ളതാണു ഈ കന്യകാലക്ഷണം.

കന്യക പുഷ്യം വച്ച രാശിയുത്തരാർദ്ധമാണെന്നു ധരിക്കണം. ഈ അർദ്ധം കൊണ്ടും അതിന്റെ നാലാംഭാവം കൊണ്ടും ജലപരീക്ഷചെയ്യുന്നതുള്ള വഴികം ജ്യോതിശാസ്ത്രവിധിപ്രകാരം ഇവിടെ ചുരുക്കമായി വിവരിക്കപ്പെടുന്നു.

41. സൂര്യോദയേതിരേഫ കുജേ പാഷാണമധ്യഗം
മന്ദരാഹ്നഗയേ തത്ര ജലലാഭോ ന നിശ്ചിത:

പുഷ്യം വച്ച രാശിയിൽ സൂര്യൻ ഉണ്ടെങ്കിൽ വളരെ ആഴംചെന്നതിന്റെ ശേഷം വെള്ളം ലഭിക്കുമെന്നും ചൊവ്വാ നിന്നാൽ പാറ പൊട്ടിച്ചതിനുശേഷം വെള്ളം ലഭിക്കുമെന്നും ശനിയും രാഹുവും നിന്നാൽ വെള്ളം ഉണ്ടാവില്ലെന്നും അറിയണം. എന്നാൽ കർക്കടകം, കന്നി, മകരം, കുംഭം, മീനം ഈ രാശികളൊഴിച്ചു മറ്റുരാശികളിൽ സൂര്യൻ നിന്നാൽ വളരെ ആഴം ചെന്നാൽ തന്നെയും എപ്പോഴും ഒന്നുപോലെ വെള്ളം ഉണ്ടായിരിക്കയില്ല; ചിലപ്പോൾ നശിച്ചു വറ്റിപ്പോകുമെന്നു പറയണം. ചൊവ്വായേക്കൊണ്ടും ഈ ഫലം തന്നെയാണു പറയേണ്ടതു്. പക്ഷെ കഠിനമായ പാറയോ, കല്ലുകളോ കാണുമെന്നും അതിനടയിൽ ചെളിയായിരിക്കുമെന്നും അറിയണം.

42. ആർദ്ധേ ചന്ദ്രശുക്രൌ ചേൽ ജലപൂർണ്ണം വിദുർബുധാ:
സുരാചാര്യയുതൌ വാപി [illegible]

പുഷ്യംവിന്യാസരാശിയിൽ ചന്ദ്രനും ശുക്രനും നിന്നാൽ കിണറ്റിൽ ധാരാളം വെള്ളമുണ്ടായിരിക്കും ആ രാശി ജലരാശി

യാഞ്ചിരുന്നാൽ അതുഴം വളരെ കുറച്ചുമതി. അതു രാശിയിൽ വ്യാഴ ബുധനും നിന്നാൽ വെള്ളം വളരെ കൂടുതലെന്നും കുറവെന്നും പറയാൻ നിവൃത്തിയില്ല. ഒരു മദ്ധ്യമരീതിയിൽ എന്നും വെള്ളമുണ്ടായിരിക്കും. വ്യാഴവും ബുധനും ജലരാശിയിൽ നിന്നാൽ വളരെ താഴ്ചചെല്ലാതെയും സ്ഥലരാശിയിൽ നിന്നാൽ വളരെ താണതിനുശേഷവും വെള്ളം ലഭിക്കും.

43. ബുധചന്ദ്രസൗമ്യൈോഗേ സ്രികതാളുവിസംഭവേൽ
കുജാർക്കയോഗേ പാഷാണഭേദനാജ്ജായതേ ജലം.

ചന്ദ്രനും ബുധനും പുഷ്യപാതുധരാശിയിൽ നിന്നാൽ ഉറുമണൽപ്രദേശത്താണെന്നും ചൊവ്വയോ സൂര്യനോ നിന്നാൽ ഉറുകും കല്ലുകളുടെ ഇടയിൽ കൂടിയാണെന്നും പറയണം.

44. ഹൃദ്യം ജലം സിതഃ കുര്യാൽ മദ്ധ്യമം ദേവദേശികഃ
തിക്തതോയം രവേഃ പുത്രഃ സോഷ്ണരം സിംഹികാസുതഃ

ശുക്രനെക്കൊണ്ടു നിർമ്മലവും രുചികരവുമായ വെള്ളത്തെയും വ്യാഴത്തെക്കൊണ്ടു ഒരുവിധം സ്വാദുള്ള വെള്ളത്തെയും, രാഹുവിനെക്കൊണ്ടു ഉപ്പുവെള്ളത്തെയും പറയണം.

45. ചരേ രാഹ്വുതശ്ചന്ദ്രഃ ആർദ്രാദ്ധേ ഭ്രാതിവാരിഭൃത്
തദ്വദ്ഭരണിഗേ സൂര്യേ ഗുരൗ പാതാളരാശിഗേ.

ആർദ്രാധം ചരരാശിയായിരിക്കണം; അവിടെ ചന്ദ്രനും രാഹുവും നില്ക്കണം; എന്നാൽ അവിടെ കിണറു കുഴിച്ചാൽ ധാരാളം വെള്ളമുണ്ടായിരിക്കുമെന്നറിയണം. ഇതുപോലെ തന്നെ ധാരാളം വെള്ളം ഉണ്ടായിരിക്കുമെന്നു പത്തിലെ സൂര്യനെക്കൊണ്ടും നാലിലെ വ്യാഴത്തെക്കൊണ്ടും പറയേണ്ടതാണ്.

46. ആർദ്രാധഗേ നിശാനാഥേ ജലരാശിഗതേഽസതി
ജലവൃദ്ധിഗതേഽപ്യാപി ജലം ഭൂരി വിനിർദ്ദിശേൽ
ഇതാകുന്നു.

ചന്ദ്രൻ പുഷ്യപാതുധരാശിയിൽ വരണം. അതു ജലരാശിയായിരിക്കണം. അഥവാ വേലിയേറമുള്ള ജലരാശി ആർദ്രാധമായിവന്നാലും മതി. ഈ യോഗമുണ്ടെങ്കിൽ അതു സ്ഥാനത്തുകുണ്ടു കുഴിച്ചാൽ ധാരാളം വെള്ളമുണ്ടായിരിക്കുമെന്നറിയണം.

47. യദി പുഷ്യപുനർവസുകന്യാ ഗുരുശുക്രക്ഷിതേവിധൗ
മത്സ്യരാശിസ്ഥിതേവാരി ബഹുമാർഗ്ഗഗതം ശുഭം
കന്നി രാശിയിൽ പുഷ്യം വയ്ക്കുകയും ചന്ദ്രൻ ഗുരുശുക്ര

ന്നാരുടെ ദൃഷ്ടിയോടുകൂടി മീനം രാശിയിൽ നിൽക്കുകയും ചെയ്താൽ വളരെ വെള്ളം ഉണ്ടായിരിക്കുമെന്നറിയണം. പലവഴി ഉറവുണ്ടായിരിക്കുമെന്നും വെള്ളം നന്നായിരിക്കുമെന്നും ഗ്രാഹ്യമാകുന്നു.

"ജലഖേ ചരമർക്ഷ്യസ്ഥേ പാർത്ഥോ നേപുഷ്പസംയുതേ
ശുക്രദൃഷ്ടിയുതേക്രൂരേ സുഖദോബഹ്വവാരിദഃ"

സാ — തുലാം ചിങ്ങം ഈ രാശികളിൽ രണ്ടിലുമായി ചന്ദ്രനും ശുക്രനും നിൽക്കുമ്പോൾ കന്നിരാശിയിൽ പുഷ്പം വച്ചാൽ ധാരാളം നല്ലവെള്ളം ലഭിക്കുമെന്നു പറയണം. വ്യാഴത്തിന്റെ ദൃഷ്ടിയൊ യോഗമൊ കൂടിയുണ്ടായാൽ വളരെയെളുപ്പം ലഭിക്കുമെന്നുകൂടി പറയണം.

"നക്രരാശിസ്ഥിതേപുഷ്പേ ജ്ഞകവ്യശ്മിക കർക്കടൗ
തൽസ്ഥാമിയുക്തായദ്യത്ര ബഹ്വധാശോഭനം ജലം."

മകരം രാശിയിൽ പുഷ്പമിടുകയും അപ്പോൾ മുന്നിൽ വ്യാഴവും, ഏഴിൽ ചന്ദ്രനും, പത്തിൽ ശുക്രനും നില്ക്കയും ചെയ്താൽ ധാരാളം ഉറവും നല്ലവെള്ളവും ഉണ്ടായിരിക്കും.

"രാഹുണാസ്യുതേ സൌമ്യേ വിധൌയുഗ്മഗതേസതി
മീനേപുഷ്പോപയുക്തേച ജലംഭ്രരിഭവേദ്ധ്രുവം"

സാ - മീനം രാശിയിൽ പുഷ്പമിടുക, ചന്ദ്രൻ നാലാം ഭാവത്തിൽ നിൽക്കുക രാഹുവും ബുധനും ഏതു ഭാവത്തിലെങ്കിലും ഒരുമിച്ചു നിൽക്കുക ഈ യോഗമുണ്ടായാൽ ഏളുപ്പം വെള്ളം കാണപ്പെടുമെന്നും ധാരാളം ഉണ്ടായിരിക്കുമെന്നും അറിയണം.

"വൃഷോദയേ സുമാസീനേ ഓഷധീശസമായുതേ
വാച്യം പുരാതനംക്രൂപം ഏവമേവം മനീഷിഭിഃ"

സാ — ഇടവം രാശിയിൽ പുഷ്പം ഇടണം. ഉയേലഗ്നവും ഇടവം രാശിയായിരിക്കണം. ചന്ദ്രനും ഇടവത്തിൽ നിൽക്കണം എന്നാൽ ആ സ്ഥാനത്തു പഴയ കിണറുണ്ടെന്നും കഴിച്ചുപെല്ലുമ്പോൾ അതു കാണാൻ സാധിക്കുമെന്നും പറയണം.

"വൃഷരാശിഗതേചന്ദ്രേസർപ്പേ ജാമിത്രഭാവഗേ
പാതാളഭേസ്ഥിരേ സൂര്യകുജയുക്തേ ജലന്നഹി"

സാ — ഇടവത്തിൽ ചന്ദ്രൻ നിന്നാലും രാഹു ഏഴാം ഭാവത്തിൽ വന്നാലും വെള്ളം നിശ്ചയമായും ഉണ്ടാകുന്നതല്ല. അതുപോലെ നാലാം ഭാവം നിർജലരാശിയും സ്ഥിരരാശിയും ആയി വരികയും

അവിടെ സൂര്യകുജന്മാരുടെ യോഗമുണ്ടാകുകയും പെയ്താലും നിർഭിഷ്ടസ്ഥാനത്തു കിണറുകഴിച്ചാൽ വെള്ളം ഉണ്ടാകുന്നതല്ലെന്നു പറയണം

"ജന്മാതപാതദാത്തുനക്ഷത്രം തദാദിഗണയേദ്ബുധൻ
യസ്മിൻകീലാലനക്ഷത്രാണ്യസ്മിൻ പുഷ്പപന്യസേജ്ജലം
പൃഥ്വീനക്ഷത്രവിന്യസ്ഥേ പുഷ്പംക്ഷിപതിദ്ധരേ
അനലോട്ടഗതേരാശൌ വിന്യസേദത്രനിർജ്ജലം
ഇയരണോട്ട ഗതേധാമ്നി കപചിദസ്ഥികപചിന്നഹി
അഭ്രനക്ഷത്രനിക്ഷിപ്തേ ന കദാചിൽഭവേജ്ജലം"

ആ ഭൂമിയുടെ നാമനക്ഷത്രമറിഞ്ഞു് ആ നാൾമുതൽ ആദിജിത്തുരംപ്പെടെ ഇരുപത്തെട്ടു നാളുകളും മേടം മുതൽ പന്ത്രണ്ടു രാശികളിലായി ന്യസിക്കണം. അപ്പോൾ മേടം, ഏടവം, മിഥുനം, കർക്കടകം ഈ രാശികളിൽ മൂന്നുനാളുകളും മറ്റു രാശികളിൽ ഈ രണ്ടു നാളുകളും വരും. ജലനക്ഷത്രങ്ങളും വന്ന രാശിയിൽ പുഷ്പം ന്യസിച്ചാൽ വളരെ ആഴവും പ്രയാസവും കൂടാതെ വെള്ളം കിട്ടും. പൃഥ്വീനക്ഷത്രങ്ങളും വന്ന രാശിയിൽ പുഷ്പം ന്യസിച്ചാൽ വളരെ ആഴം ചെന്നതിനുശേഷം വെള്ളം ഉണ്ടാകും. അഗ്നിനക്ഷത്രങ്ങളും വന്ന രാശിയിൽ പുഷ്പം ന്യസിച്ചാൽ വെള്ളം ലഭിക്കുന്നുകയ്യും പ്രയാസമാണു്. വായുനക്ഷത്രം വന്നരാശിയിൽ പുഷ്പം നിക്ഷേപിച്ചാൽ ചിലപ്പോൾ വെള്ളം ഉണ്ടായിരിക്കും; ചിലകാലങ്ങളിൽ ഇല്ലെന്നുംവരും. ആകാശാക്ഷരങ്ങളും വന്നരാശിയിൽ പുഷ്പം ന്യസിച്ചാൽ ഒരുകാലത്തും വെള്ളം ഉണ്ടായിരിക്കയില്ല.

രോഹിണി, അത്തം, തിരുവോണം, ഭരണി, പൂരം, പൂരാടം ഇവ ജലനക്ഷത്രങ്ങളും.

കാർത്തിക, ഉത്രം, ഉത്രാടം, മകയിരം, ചിത്തിര, അവിട്ടം അശ്വതി, മകം, മൂലം ഇവ അഗ്നിനക്ഷത്രങ്ങളും.

ആയില്യം, കേട്ട, രേവതി ഇവ പൃഥ്വീനക്ഷത്രങ്ങളും.

പുണർതം, വിശാഖം, പൂരുട്ടാതി ഇവ ആകാശനക്ഷത്രങ്ങളും.

പൂയം, അനിഴം, ഉത്രട്ടാതി, തിരുവാതിര, ചോതി, ചതയം ഇവ വായുനക്ഷത്രങ്ങളും.

ഭൂമിയുടെ പേരറിഞ്ഞു് ആ പേരിന്റെ ആദ്യക്ഷരംകൊണ്ടു നാളറിയുന്ന രീതി നാമനക്ഷത്രമെന്നു പറയപ്പെടുന്നു. ഈ രീതിയനുസരിച്ചു പറമ്പിന്റെ നാമാക്ഷരങ്ങളിൽ ആദ്യക്ഷരം അ

ഇ, ഏ ഇവയിലൊന്നായാൽ നാൾകാത്തികയെന്നും ഒ,വ,വി, വൂ ഇവയിലൊന്നായാൽ രോഹിണിയെന്നും, ഇങ്ങനെ ക്രമേണ താഴെ ചേർത്തിരിക്കുന്നപട്ടികയെനോക്കിച്ചു ഗ്രഹിച്ചു കൊള്ളണം.

ഭൂമിയുടെ നക്ഷത്രം അറിവാനുള്ളക്രമം

അ	ഇ	ഉ	ഏ	കാർത്തിക
ഒ	വ	വി	വൂ	രോഹിണി
വെ	വൊ	ക	കി	മകയിരം
കു	....	...	...	തിരുവാതിര
കെ	കൈ	കാ	കീ	പുണർതം
ഹൂ	ഹൈ	ഹൊ	ഡ	പൂയം
ഡി	ഡൂ	ഡെ	ഡൊ	ആയില്യം
മ	മി	മൂ	മെ	മകം
മൊ	ട	ടി	ടൂ	പൂരം
ടെ	ടൈ	പ	പി	ഉത്രം
പൂ	...	...	....	അത്തം
പൈ	പൊ	ര	രി	ചിത്തിര
രു	രെ	രൊ	ത	ചോതി
തി	തൂ	തെ	തൈ	വിശാഖം
ന	നി	നു	നെ	അനിഴം
നൈ	യ	യി	യു	കേട്ട
യൂ	യൈ	ബ	ബി	മൂലം
ബൂ	...	....	....	പൂരാടം
ബൈ	ബൊ	ശ	ശി	ഉത്തിരാടം
ശൂ	ശെ	ശൈ	ജ	അവിട്ടം
ജി	ജൂ	ജെ	ജൈ	ചതയം
ഗ	ഗി	ഗൂ	ഗൈ	പൂരുട്ടാതി
ഗൊ	ദ	ദി	ദൂ	ഉത്രട്ടാതി
ദെ	ദൈ	സ	സി	രേവതി
സൂ	....	....	....	അശ്വതി
സൈ	സൊ	ച	ചി	ഭരണി
ചൂ	ചൈ	ചൊ	ശ	ല
ലി	ലൂ	ലെ	ലൈ	ലൊ

കന്യകയുടെ വാക്യത്തിന്റെ ആദ്യക്ഷരംകൊണ്ടു ജല സ്ഥാനത്തിന്റെ താഴ്ച അറിയുവാൻ മറ്റൊരു മാർഗ്ഗം താഴെ വിവരിക്കപ്പെടുന്നു.

ആദ്യക്ഷരം 'വ' എന്നായാൽ മുന്നുകോൽ താഴ്ച്ചചെല്ലുമ്പോഴും 'ല' എന്നായാൽ നാലുകോൽ താഴുമ്പോഴും 'യ' എന്നായാൽ നാലരകോൽ താഴുമ്പോഴും 'ര' എന്നായാൽ അഞ്ചുകോൽ താഴുമ്പോഴും വെള്ളമുണ്ടു (ഉറവു) കാണപ്പെടും.

ട, ഡ, ഢ, ഇവ മുന്നക്ഷരങ്ങളും ആദ്യക്ഷരമായാൽ ഒന്നര, മുന്നു, ആറു് ഇതുകളും കോൽ താഴ്ചചെല്ലുമ്പോൾ വെള്ളം കാണപ്പെടും.

അ, ഇതു് ആദ്യക്ഷരമായാൽ പന്ത്രണ്ടുകോൽ ആഴത്തിലും 'ഇ' ആദ്യക്ഷരമായാൽ ഒൻപതുകോൽ ആഴത്തിലും 'ഉ' ആദ്യക്ഷരമായാൽ എട്ടുകോൽ ആഴത്തിലും 'എ' ആദ്യക്ഷരമായാൽ പതിനാറുകോൽ ആഴത്തിലും 'ഒ' ആദ്യക്ഷരമായാൽ ഇരുപത്തിനാലുകോൽ ആഴത്തിലും വെള്ളമുണ്ടു കാണപ്പെടും.

ആ ഈ ഇത്യാദി ദീർഘാക്ഷരങ്ങളും ആദ്യമായിരുന്നാലും താഴ്ച ഇതുപോലെ പറയാം. എന്നാൽ വെള്ളം കുറച്ചുകൂടി വിശേഷമായിരിക്കുമെന്നും ഉറവു ധാരാളമുണ്ടായിരിക്കുമെന്നുംകൂടി പറയണം

'ക' ആദ്യക്ഷരമായാൽ അഞ്ചുകോൽ താഴ്ചയിലും 'ഗ' ആദ്യക്ഷരമായാൽ പത്തുകോൽ താഴ്ചയിലും, 'ഘ' ആദ്യക്ഷരമായാൽ ഒന്നരകോൽ താഴ്ചയിലും വെള്ളം കാണപ്പെടും. 'ഖ' ആദ്യക്ഷരമായാൽ മുപ്പത്തിമൂന്നുകോൽ ആഴം ചെല്ലുമ്പോൾ വെള്ളം കാണപ്പെടും. 'പ', 'ജ' ഈ അക്ഷരങ്ങളും ആദ്യമായാൽ പതിമൂന്നുകോൽതാഴുമ്പോഴും 'ഷ', 'ഛ', 'ള' ഈ അക്ഷരങ്ങളും ആദ്യമായാൽ രണ്ടരകോൽ ആഴം ചെല്ലുമ്പോഴും ഉറവു കാണപ്പെടും. 'ങ', 'ഞ', 'ണ', 'ം' ഈ അക്ഷരങ്ങളും ആദ്യക്ഷരമായാൽ എത്രതാണാലും വെള്ളം ലഭിക്കുന്നതല്ല. ധ, ഭ ഈ അക്ഷരങ്ങളും ആദ്യക്ഷരമായാൽ പതിനാൻപതുകോൽ താഴ്ച ചെല്ലുമ്പോഴും ഉറവു കാണപ്പെടും. സ, ശ ഇവ ആദ്യക്ഷരങ്ങളായാൽ ഇരുപത്തേഴുകോൽ താഴ്ചചെല്ലുമ്പോൾ ഉറവു കാണപ്പെടും.

ഇനി മറെറാരുവിധത്തിൽ ആഴവും മറവുലക്ഷണങ്ങളും പറയപ്പെടുന്നു.

കദംബപാദപേപിഷ്ടേ ഉദകേതസ്യപൃശതിസ്ഥാതരി
നിർദ്ദിഷ്ടേത്യർദ്ധചതുരാരിഹസ്തേ സംഭ്രയതേജലം

സാ— കടമ്പുമരം തൽസമയം കാണുക, ആ പേരു പറയുക, ആ മരത്തിൽ തൊടുക, ആ മരം ആ സ്ഥാനത്തിനടുത്തു നിൽ

ക്കുക, എന്നാൽ നാരകോൽ താഴ്ത്തുമ്പോൾ തീർച്ചയായും വെള്ളം കാണുമെന്നു പറയണം.

"ആത്യർദ്ധഹസ്ത നിമ്നതോപ മണ്ഡൂകഃ പാണ്ഡുരോഷ-
വേൽ
പീതമൃത്തരശർക്കരേതര പാഷാണാലാഘവാശ്വസ്യഃ"

അവിടെ ഒന്നരകോൽ താഴ്ത്തുമ്പോൾ വെളുത്തനിറത്തിലുള്ള തവളയും മഞ്ഞനിറത്തിലുള്ള മണ്ണും കാണപ്പെടും. വിശേഷിച്ചു് കട്ടപ്പും കുറഞ്ഞ കല്ലും ഉണ്ടായിരിക്കും.

ജംബൂതരേതു വക്ഷ്യമാണേ ദർശിതേസ്പർശിതേസതി
തത്രസ്ഥിതേ ഹസ്തഷഡംശകാദ്ധ്യ ക്ഷീരം സുശോഭനം.
ഹസ്തത്രയ ഗതേധസ്താല്ലോഹമൃച്ചാത്രദർശ്ശനഃ
സാർദ്ധത്രയഗതേ മത്സ്യശ്ചിത്രശ്ച്യാമമൃത്തികാ അസ്ഥി-
കേൽ ബഹുലംതോയഃകേദാചിന്നതു് ശുഷ്യതേ.

ഞാവൽ മരത്തിന്റെ പേരു പറയുക ആ മരം കാണുക ആ മരത്തിൽ തൊടുക ആ മരം അവിടെ അടുത്തു നിൽക്കുക എന്നാൽ ആറുകോൽ ആഴംചെല്ലുമ്പോൾ ഉറവു കാണപ്പെടും. മൂന്നു കോൽ താഴ്ത്തുമ്പോൾ അവിടെ ലോഹതുല്യമായ മണ്ണും വെള്ളത്തവളയും കാണപ്പെടും. മൂന്നരകോൽതാഴ്ത്തുമ്പോൾ മത്സ്യത്തെ കാണും. നാനാവർണ്ണത്തിലും കറുത്തനിറത്തിലുമുള്ള മണ്ണുകളും കാണാം. ഇവിടെ വെള്ളം ഉണ്ടായാൽ ഒരിക്കലും വാറുന്നതല്ല.

ഉദുംബരേതികഥിതേ ദർശിതേ സ്പർശിതേ സതി
തത്രസ്ഥിതേസാർദ്ധഷഡ്ഹസ്താൽ ജാനാതീശംബരഃ
സാർദ്ധഹസ്താല്ലഘേൽ,സർപ്പം കൃഷ്ണോചലമധ്യസ്ഥതഃ

അത്തിമരത്തിന്റെ പേരുപറയുക, അത്തിമരം കാണുക, അത്തിമരത്തെ തൊടുക, അതിനടുത്തത്തിമരം നിൽക്കുക എന്നാൽ ഏഴരകോൽ താഴ്ത്തുമ്പോൾ വെള്ളം ലഭിക്കുമെന്നറിയണം. ഒന്നരകോൽ താണാൽ അതിനടിയിൽ സർപ്പത്തേയും അതിനു താഴയുള്ള പ്രദേശത്തു് കറുത്ത നിറത്തിലുള്ള കല്ലുകളേയും കാണപ്പെടും.

വന്മീകനാമ്നി കഥിതേ ദർശിതേ സ്പർശിതേ സ്ഥിതേ
പാദോധികദ്വയമിതേതാലേ ഭവതി ജീവനം

പുറ്റിന്റെ പേരുപറയുക, പുറ്റുകാണുക, പുറ്റിൽതൊടുക, ആ സ്ഥലത്തിനടുത്തു പുറ്റുണ്ടായിരിക്കുക എന്നാൽ രണ്ടു കോൽ ആഴംപ്രമാണം താഴ്ത്തുമ്പോൾ വെള്ളം കാണപ്പെടും.

സാർദ്രഫല്ഗുന്മിതേ ഗർത്തേ മത്സ്യം ശുഭ്രാഞ്ചയുത്തികാം
സശർക്കരം സന്നികൃഷ്ടം ജലം ഭൂരി വിനിശ്ചിതം.

മേൽപറഞ്ഞവണ്ണം പുറമെ ലക്ഷ്യമാക്കി പറഞ്ഞ ലക്ഷണത്തിൽ രണ്ടുകോൽആഴം താണ വെള്ളം കാണപ്പെട്ടാൽ എങ്കിലും ഒന്നരകോൽ താഴുമ്പോൾ മത്സ്യം കാണപ്പെട്ടും. ചരലും മണലും കൂടി കലർന്ന സ്ഥലത്താണ് ഊറൽ ഉണ്ടാകുന്നത്.

സ്പർശനാദ്ധ്യേ പലാശാനാം തിപാദേ വഹ്നിസംജ്ഞകേ.
ഭവേജ്ജലം സാർദ്രഫല്ഗുന്മേ ഡുംബുരുശ്ച മൃതോഥവാ

സാ — പ്ലാശ് എന്ന മരത്തിന്റെ പേരുപറയുക അതിൽ സ്പർശിക്കുക അതിനെ കാണുക, ആ വൃക്ഷം അവിടെ അടുത്തു നിൽക്കുക എന്നാൽ, ഒൻപതേമുക്കാൽ കോൽ കീഴിയുമ്പോൾ വെള്ളം കാണപ്പെട്ടും. ഒന്നരകോൽ താഴുമ്പോൾ മേരയെകാണാം. പക്ഷേ മേരമരിച്ചുപോയി എന്നും വരാം.

"ഉദുംബരതരോ സ്പർശനാദ്ധ്യേഫല്ഗുന്നവോന്നതാൽ
ജലം ഭൂരി സാർദ്രഫല്ഗുന്മാൽ ശുക്ലഗുണ്ഡുകമാദിശേൽ"

സാ — അത്തിമരമെന്നു പറയുക, അതിനെ തൊടുക, അതിനെ കാണുക, ആ സ്ഥലത്തിനടുത്തു് അത്തിമരം നിൽക്കുക. ഇപ്രകാരയോഗങ്ങളുണ്ടെങ്കിൽ ഒന്നരകോൽ താഴുമ്പോൾ കറുത്തതവളയെ കാണുമെന്നും ഒൻപതുകോൽ താഴുമ്പോൾവെള്ളം കാണുമെന്നും പറയണം

"വിലപസം സ്പർശനാദ്ധ്യേശ്ച തദ്വൃക്ഷാച്ഛായമനീക്ഷണാ
കരഭയ യുതേ നിതേ ദേവവിഗ്രഹ ലാഞ്ഛനം."

സാ — ക്രുവളമരത്തിന്റെ പേരുപറയുക, അതിനെ സ്പർശിക്കുക, കാണുക, ആ മരം അടുത്തു നിൽക്കുക എന്നാലും ഒൻപതുകോൽ ആഴം ചെല്ലുമ്പോൾ വെള്ളമുണ്ടായിരിക്കും. എന്നാൽ രണ്ടുകോൽ താഴ്ച ചെല്ലുമ്പോൾ ദേവന്മാരുടെ വിഗ്രഹമൊ, അവയുടെ അവശിഷ്ടമൊ കാണപ്പെട്ടും.

"കമ്പില്ലകാനാം സംസ്പർശേ ദർശനേ കഥനേ സതി
തിപാകനവകേയാതേ ജലം ഭൂരി ന സംശയഃ
ഫല്ഗുപ്രമോണേ മത്സ്യസ്യാദ്ദേകൊലവണാകുലഃ"

സാ — കമ്പിപ്പാലയുടെ പേരുപറയുക അതു കാണുക അതിൽ തൊടുക അതു വൃക്ഷം അടുത്തു നിൽക്കുക എന്നാൽ ഒൻപതേമുക്കാൽ കോൽ താഴുമ്പോൾ ശരിയായി വെള്ളം കാണപ്പെട്ടും. ഒരു കോൽ താഴ്ച ചെല്ലുമ്പോൾ മത്സ്യത്തേയും അല്പം ഉപ്പുവെള്ളത്തേയും കാണാൻകഴിയും.

"ശോണാകപാടപ സ്പർശനാദ്ധ്യേ കിഷ്കുനവോന്മിതാൽ
ജലം ന സംശയം തത്ര ഫലന ചിത്രാർദ്രമൂത്തികാ"

സാ — വയ്യാഴാന്തമരത്തിന്റെ പേരുപറയുകയോ, അതിൽ സ്പർശിക്കുകയോ, അതിനെ കാണുകയോ, ആ വൃക്ഷം അടുത്തു നില്ക്കുകയോ ചെയ്താൽ ഒൻപതുകോൽ താഴ്ചചെല്ലുമ്പോൾ വെള്ളം കാണപ്പെടും. കട്ടിയുള്ളമണ്ണ് ആദ്യവും പിന്നീട് നാനാവർണ്ണത്തിലുള്ള മണ്ണും ഒടുവിൽ ഒരു തരം മയമുള്ള മണ്ണും കാണാനിടവരും.

സ്പർശാദ്ധ്യക്ഷവൃക്ഷസ്യ സാർദ്ധഹസ്തോന്നതൈരപി
ജലം ഭവതി വാരുണ്യാം ദിശി പാഷാണമധ്യഗം

സാ — തന്നിമരത്തിന്റെ പേരുപറയുക ആവൃക്ഷത്തിൽ സ്പർശിക്കുക, അതിനെ കാണുക, ആ വൃക്ഷം അടുത്തു നില്ക്കുക എന്നാൽ നാലുകോൽ താഴ്ചയിൽ വെള്ളം കാണപ്പെടും. ഉറവു പടിഞ്ഞാറു നിന്നായിരിക്കും. കല്ലുകളുടെ മദ്ധ്യത്തുകൂടിയാണു് ഉറവു പുറപ്പെടുന്നതു്.

"സപ്തപർണ്ണദ്രുമാണാംസംസ്പർശനാദ്ധ്യേപഞ്ചഭിശോന്മിതാൽ
ഹസ്താദധോഗതം വാരിസാർദ്ധഹസ്താച്ചദർദ്രഭൂഃ
തന്മൃദധോഗതാ ചിത്ര മൃത്തികാ മേഘസന്നിഭാ
ശിലാ തദ്ഭേദനാദേവ ദൃശ്യതേ വാരി നിർമ്മലം."

സാ — ഏഴിലംപാലയുടെ പേരുപറയുക, അതിന്റെ സ്പർശനം ഈവൃക്ഷത്തിന്റെ ഇലകളിൽ തൊടാതിരിക്കുക എന്നാൽ പതിനഞ്ചുകോൽ താഴ്ചയിൽ വെള്ളം കാണും. ഒന്നരകോൽ താഴ്ചയിൽ തവളയേയും അതിനടിയിൽ നാനാവർണ്ണത്തിലുള്ള മണ്ണും കാണാനിടവരും. പിന്നീട് മേലുനിറത്തിലുള്ള പാറ കാണപ്പെടും. ആ പാറ പൊട്ടിച്ചാൽ നിർമ്മലമായ വെള്ളം കിട്ടും.

"ദർദ്ദുരാദി ജലോത്ഭൂത ജന്തുനാം ദർശനാദ്ധ്യേകേ
ഹസ്തത്രയേ ചതുഷ്കേ വാ ന സന്ദേഹം ജലം ഭവേൽ."

തവള, ഞണ്ട്, മത്സ്യം മുതലായി വെള്ളത്തിൽ ഉണ്ടാകുന്ന ജന്തുക്കളുടെ പേരുപറയുക, കാണുക ഈ വൃക്ഷങ്ങളിലൊന്നിനെയാൽ മൂന്നോ നാലോ കോൽ ആഴം ചെല്ലുമ്പോൾ വെള്ളം കാണുമെന്നറിയണം. ഇവയുടെ കരുവിൽ കേട്ടാലും മേൽപ്രകാരം തന്നെ പറയാമെന്നും ഗ്രഹിക്കണം.

"കരംജാഖ്യദ്രുമോ സ്പർശനാദ്ധ്യേസ്സാർദ്ധ ദശോന്മിതൈഃ
കരൈർജലം സാർദ്ധഹസ്തമിതേധഃകശ്ചിപോദ്ഭവേൽ"

സിരാപൂർവ്വോദയാതത്ര കിഞ്ചിൽ ശുഷ്കോപലോഷ്ഠിച
തൽഭേദനേ ജലാവാപ്തിരവിഭിന്നം കഷാഛനാ."

സാ — ഉങ്ങുവൃക്ഷത്തിന്റെ പേരുപറയുകയൊ തൊടുകയൊ കാണുകയൊ അതടുത്തു നിൽക്കുകയൊ ചെയ്താൽ പത്തുമുക്കാൽ താഴുമ്പോൾ വെള്ളം കാണും. ഒന്നരകോൽ താഴുമ്പോൾ ആമയെന്ന ജന്തുവിനെ കാണും. കുറെതാഴുമ്പോൾ കീഴ്ക്കുനിറം ഒരുറവുണ്ടാകും. പക്ഷെ വെള്ളം വരവു കുറഞ്ഞിരിക്കും. അതിനിടയിൽ വെള്ളത്ത ഒരുതരം പാറകാണും. ആ പാറ പൊട്ടിച്ചാൽ ഒരു കാലുണ്ടുംവറാത്ത ശുദ്ധമായ ജലം കിട്ടും.

"സ്പർശനാദ്യൈർ മധൂകാനാം സപ്തവിംശാന്മിതാദധ:
ജലം ഭവേത്രിഹസ്താം തേ കൃഷ്ണസർപ്പോപിദൃശ്യതേ
തസ്മാദധോ ഗതാകൃഷ്ണ മൃത്തികാ കർക്കശോപലാ:
തൽഭേദേന വശാദ്വാരി മഥാൽഫേനയുതാ സദാ"

സാ: — ഇലിപ്പമരത്തിന്റെ പേരുപറയുക, കാണുക, തൊടുക, അവ അടുത്തു നിൽക്കുക എന്നാൽ ഇരുപത്തേഴുകോൽ താഴുമ്പോൾ വെള്ളം കാണപ്പെടും മുന്നുകോൽ താഴുമ്പോൾ കറുത്ത നിറത്തിലുള്ള സർപ്പത്തെ കാണും. അതിനു താഴെ കറുത്ത മണ്ണും അതിനുതാഴെ കറുത്ത പാറയും കാണപ്പെടും. പാറപൊട്ടിച്ചാൽ വളരെ ഉറക്കൊട്ടുകൂടി ഉറവു വഴിവെള്ളം പ്രവഹിച്ചുകൊണ്ടിരിക്കും.

"ഉക്തപാവന്മീകനാമാനി കദംബ സ്പർശനായടി
അഷ്ടാദശകരാന്നീതേ ജലം വേദ്യം രസാന്വിതം
ഫസ്തൃയാന്തേ മണ്ഡൂക: തപ്തകാത്തസ്പരോപമം."

സാ — കന്യക പുറിന്റെ പര്യായനാമങ്ങൾ ഉച്ചരിക്കുകയും കടമ്പുമരത്തിൽ തൊടുകയും ചെയ്താൽ പതിനെട്ടുകോൽ താഴുമ്പോൾ വെള്ളമുണ്ടെന്നും മുന്നുകോൽ താഴുമ്പോൾ സർപ്പത്തിലുള്ള തവളയെ കാണുമെന്നും വെള്ളം നന്നായിരിക്കുമെന്നും പറയണം.

"ഉക്തപാവന്മീകനാമാനി താലവൃക്ഷേരപാദപം
യദിസംസ്പർശയേദ്വാപ്യം ത്രിഭണ്ഡാം തേജല സ്ഥലം."

സാ — പുറു് അതിന്റെ മറുപര്യായങ്ങൾ ഇവ ഉച്ചരിക്കയും തെങ്ങു്, പന ഈവൃക്ഷങ്ങളിൽ സ്പർശിക്കയും ചെയ്താൽ പന്തണ്ടുകോൽ താഴുമ്പോൾ ഉറവുണ്ടായിരിക്കും. ഈ വൃക്ഷങ്ങളുടെ പേരുപറയപ്പെട്ടാലും ഈതാഴ്ചയിൽ തന്നെ വെള്ളം കാണപ്പെടും. വെള്ളം നന്നായിരിക്കയും ചെയ്യും.

ഹരിദ്രശാഖിനാ മൂകെത്ര സ്പർശേ തദപൽപ്രവീക്ഷണേ
കരത്രയമിതേഖാതേ കൃഷ്ണസർപ്പം തതഃപരം
പീതാമൂൽ കക്ശാശമാന ഭേദേനോപി ജീവനം
പാരോനഷ്ടംക്കേ ഖനനേ ഭവൽ പശ്ചിമദിഗ്ഭതം.

മരമഞ്ഞളിന്റെ പേരുപറയുക അവയുടെ ദർശന സ്പർശനാദികളുണ്ടാവുക, എന്നാൽ മൂന്നുകോൽ താഴ്ത്തുമ്പോൾ കൃഷ്ണ സർപ്പത്തെ കാണുമെന്നും അതിനുശേഷം മഞ്ഞനിറത്തിലുള്ള മണ്ണും കഠിനമായ പാറയും കാണപ്പെടുമെന്നും അഞ്ചുമുക്കാൽകോൽതാഴ്ചയിൽവച്ച് വെള്ളം കാണുമെന്നും പക്ഷെ പാറപൊട്ടിക്കേണ്ടിവരുമെന്നും പറയണം.

ത്രിവൃംഭോർങ്ഗീ നാഗദന്തീ മല്ലീസൂകരപാദികാ
കഥ്യതേ കന്യയാ നൂനം കരാദേകാദശാൽ ജലം.

ത്രികോല്പകൊന്ന, ചെറുതേക്ക്, നാഗദന്തി, പിച്ചി, തിരുതാളി ഇവയുടെ പേരുപറയുകയോ ഇവയിൽ സ്പർശിക്കുകയൊ ചെയ്താൽ പതിനൊന്നുകോൽ ആഴം ചെല്ലുമ്പോൾ വെള്ളം കാണുമെന്നു പറയണം.

സ്നിഗ്ധാൻ പയോഫലദാൻ വൃക്ഷാന സ്പർശതിയദ്യപി
കരഷ്ടംക്കമിതേ ഖ്യാതേ ശോഭനം ഭ്രരിജീവനം.

എണ്ണയെടുക്കാവുന്ന ഫലങ്ങളുള്ള വൃക്ഷങ്ങളേയും, നല്ല സ്വാദോടുകൂടിയ വെള്ളമുള്ള ഫലങ്ങളുള്ള വൃക്ഷങ്ങളേയും സ്പർശിക്കയാണെങ്കിൽ അഞ്ചുകോൽ താഴുമ്പോൾ വെള്ളം കാണപ്പെടും. നല്ല വെള്ളം ധാരാളം ഉണ്ടായിരിക്കയും ചെയ്യും.

പിന്നീട് ആ സ്ഥലത്തു് മുള്ളുള്ള വൃക്ഷങ്ങളുടെ കൊമ്പുകൾ സംഖ്യയിൽ കൂടുതലും മുള്ളില്ലാത്ത വൃക്ഷത്തിന്റെ ഒരു കൊമ്പും (വളരെ ചെറിയ കൊമ്പുകൾ) കലർത്തി വച്ചിട്ട് അതിലൊന്ന് പെൺകുട്ടിയെ കൊണ്ടെടുപ്പിക്കണം. അപ്പോൾ മുള്ളില്ലാത്ത കൊമ്പെടുത്താൽ പത്തുമുക്കാൽ കോൽ താഴ്ചയിൽ വെള്ളം കാണുമെന്നും അതിനു മുമ്പായി നിധിദ്രവ്യം കിട്ടുമെന്നും പറയണം.

പലാശശാഖിനോ വാപി കണ്ടകിതരോരപി
സുമനാം നാമധേയാനി കഥ്യന്തേ ത്രികരോന്മിതേ.

പ്ലാശ്, കൊന്ന ഈ വൃക്ഷത്തിന്റെ പൂക്കളുടെ പേരുപറഞ്ഞാൽ മൂന്നുകോൽ താഴുമ്പോൾ വെള്ളം കാണപ്പെടും.

ഇന്ദ്രപാദപ സംസ്പർശേ ദർശനേ കഥനേസതി

താലൈശ്ചതുർഭിരൈരത്ന ജലലാഭമുദീരയേൽ.
ഏകതാലമിതേ കൂപേ ഗോധാ ഗർത്തസമാശ്രിതാ.

നീർമരുതുവൃക്ഷത്തിന്റെ പേരുപറയുക, തൊട്ടുകാണുക ഇവ വക ലക്ഷണങ്ങളുണ്ടെങ്കിൽ നാല്പത്തിരണ്ടുകോൽ താഴ്ചചെല്ലുമ്പോൾ വെള്ളംകാണുമെന്നു പറയണം. എന്നാൽ മുന്നുകോൽ താഴ്ച ചെല്ലുമ്പോൾ ഒരു പൊത്തുകാണുമെന്നും അതിൽ ഉടുമ്പു എന്ന ജന്തു ഉണ്ടായിരിക്കുമെന്നും പറയണം.

സുവർണ്ണശാഖിനോ നാമ്നി കഥിതേ ദർശിതേഥവാ
താലാൽപഞ്ചദശാദേവേ ജലലാഭോദയോ ഭവേൽ

കൊന്നമരത്തിന്റെ പേരുപറയുകയൊ അതിൽ സ്പർശിക്കുകയോ കാണുകയൊ ചെയ്താൽ നാല്പത്തഞ്ചുകോലാഴം ചെല്ലുമ്പോൾ വെള്ളം കാണപ്പെടും.

"ദേശ: കാലശ്ച സർവ്വത്ര തത്തൽഫലനിരൂപണേ
ദൈവജ്ഞൈരനുസർത്തവ്യോ നിശ്ചയാർത്ഥിഭിസാന്വിതദ."

എന്ന വചനം അനുസരിച്ചു ക്രൂപവിഷയമായ ഈ ചിന്തയിൽ സ്ഥലഭേദത്തെപററി ബുദ്ധിപൂർവ്വം ചിന്തിക്കേണ്ടതാണു. ആനുപഭ്രമിയെന്നും, ജാംഗലഭ്രമിയെന്നും, മരുഭ്രമിയെന്നും ഇങ്ങനെ മുന്നുതരത്തിൽ സാമാന്യമായി വിഭജിച്ചിരിക്കുന്നു. എപ്പോഴും തണുപ്പും ജലമയവുമുള്ള പ്രദേശം ആനുപഭ്രമിയാകുന്നു. തണുപ്പും ജലമയവും കുറവുള്ള ഭ്രമിക്കു ജാംഗലമെന്നു പറയുന്നു. ജലാംശം തീരെ ഇല്ലാത്ത സ്ഥലത്തിനു മരുഭ്രമിയെന്നുപറയുന്നു.

ഇവിടെ താഴ്ച, മലുപ്പുകാണുന്ന വിശേഷതകളും ഇവ സ്ഥലഭേദമനുസരിച്ചു ഗാഢമായി ചിന്തിച്ചറിയേണ്ടതാണു. ഇങ്ങിനെ ചിന്തിച്ചു വാസ്തുശാസ്ത്രവിധിയനുസരിച്ചു നിശ്ചയിച്ചസ്ഥാനത്തു കിണറുകുഴിച്ചാൽ പ്രയാസംകൂടാതെ നല്ലവെള്ളം കിട്ടുമെന്നു ബോദ്ധ്യപ്പെട്ടാൽ സ്ഥാനമല്പം കുറിസ്ഥാപിച്ചു കിണാറിന്റെ ചുറ്റനുസരിച്ചു വൃത്തം വീശി നല്ലമുഹൂർത്തത്തിൽ കിണറുകുഴിക്കാൻ ആരംഭിക്കേണ്ടതാണു.

ഇതി തൃതീയഖണ്ഡം

അഥ ചതുർത്ഥഖണ്ഡം

ആകൃതിഭേദേ നാഹേ
സാർദ്ധധൃതയോന്മിതേന മാനേന
പരിത:പരിഭ്രമയ്യ
സമ്യക്തന്തുഭി:സ വൃത്തപരിണാഹം.

കിണറിനു് ധ്വജയോനി, വൃഷയോനി, ഗജയോനി ഇയോനികളിൽപ്പെട്ട കണക്കുകൾ വേണം അംഗീകരിക്കേണ്ടതെന്നു് മുൻപു പറഞ്ഞിട്ടുണ്ടല്ലൊ. അതനുസരിച്ചു തീരുമാനിച്ച വ്യാസത്തിനെ ഇരുപത്തിരണ്ടുകൊണ്ടുഭാഗിച്ചാൽ കിട്ടുന്ന ഫലം കിണറിന്റെ വ്യാസമായിരിക്കും. അതിൽപകുതിവച്ചു വീശിയാൽ വൃത്തത്തിന്റെ ശരിയായ അളവു കിട്ടും. പിന്നീടു് കിണറുകുഴി ആരംഭിക്കണം.

രോഹിണീ ചോത്തരാത്രീണി പുഷ്യമൈത്രഞ്ച വാരുണം
പിത്ര്യഞ്ച വസുപൌഷ്ണഞ്ച ഭഗണോ വാരിബന്ധനേ.

കിണറു കുഴിക്കുവാൻ രോഹിണി, ഉത്തിരം, ഉത്രാടം, ഉത്തിരിട്ടാതി, പൂയം, അനിഴം, ചതയം, മകം, അവിട്ടം, രേവതി ഈ നക്ഷത്രങ്ങളാണു് ഉത്തമമായിട്ടുള്ളതു്. പൂരാടം സർവ്വത്ര വിശേഷമാണെന്നു് പ്രത്യേകം ഗ്രാഹ്യമാണു്. കിണറു കുഴിപ്പാൻ ശോഭനമായ മാസങ്ങളും മേൽ വിവരിച്ചിട്ടുണ്ടു്.

ജലശോഷോ ഭവേൽസൂര്യേഭൌമേരിക്തതാം വിനിർദ്ദിശേൽ
മന്ദേച മലിനം കൂപ്യാൽ ശേഷവാരാ ശുഭാവഹാ:

ഞായറാഴ്ച കിണറുകുഴി ആരംഭിച്ചാൽ ചിലകാലങ്ങളിൽ വെള്ളം വറ്റിപ്പോകും. ചൊവ്വാഴ്ച കുഴിച്ചാൽ വെള്ളം ഇല്ലാതാവുകയൊ ഉപയോഗിക്കാൻ കൊള്ളാതെ വരികയൊ ചെയ്യും. ശനിയാഴ്ച കുഴിക്കാൻ തുടങ്ങിയാൽ വെള്ളം സ്വഭാവേന ചീത്തയായിരിക്കയൊ അഥവാ മറ്റെന്തെങ്കിലും കാരണവശാൽ ചീത്തയാവുകയൊ ചെയ്യും. തിങ്കൾ, ബുധൻ, വ്യാഴം, വെള്ളി ഈ ദിവസങ്ങളിൽ കിണറു കുഴി ആരംഭിക്കുന്നതു് നന്നായിരിക്കും.

അഷ്ടമീ വിഷ്ടിരിക്താസു സ്ഥിരേഷു കരണേഷു ച
മൃത്യു ഭഗ്നോദയോഗേഷു ഖനനം ന ശുഭാവഹം.

അഷ്ടമി, വിഷ്ടി, ചതുർത്ഥി, നവമി, ചതുർദ്ദശി, സ്ഥിരകരണങ്ങൾ, മൃത്യുയോഗം, ഭഗ്നയോഗം, അശുഭയോഗം ഇവ

ളള[illegible]ിണറുകഴിക്കുന്നതു് ദോഷകരമാകുന്നു. ഞായറാ ഴ്ചയും, തിങ്കളാഴ്ചയും വിശാഖവും, ചൊവ്വാഴ്ചയോട്ടു തിരു വാതിരയും, ബുധനാഴ്ചയോടു് മൂലവും, വ്യാഴാഴ്ചയോടു് പൈത ലവും, വെള്ളിയാഴ്ചയോടു രോഹിണിയും, ശനിയാഴ്ചയോടു് ഉത്രാടവും യോജിച്ചുവന്നാൽ മൃത്യുയോഗമാകുന്നു. ബുധൻ, ചൊ വ്വ, വ്യാഴം, ശുക്രൻ, തിങ്കൾ, ശനി, ഞായർ ഈ ആഴ്ചകളോ ടു് ക്രമേണ ദ്വിതീയ, പഞ്ചമി, ഷഷ്ഠി, അഷ്ടമി, ഏകാദശി, നവമി, ദ്വാദശി ഈ പക്കങ്ങൾ ഒത്തുവന്നാൽ ദഗ്ദ്ധയോഗമാ കുന്നു. ഞായർ, തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി, ശനി ഈ ആഴ്ചകളോടു് ക്രമേണ ഭരണി, ചിത്ര, ഉത്തിരാടം അവിട്ടം, കേട്ട, പൂരാടം, രേവതി ഈ നാളുകൾ ചേർന്നാൽ അ ശുഭയോഗമാകുന്നു.

ലഗ്നേ ശശാങ്കോഥ ജലോദയേ വ
പൂർണ്ണശ്ശശീകേന്ദ്രഗതോവ്യയേ വ
ലഗ്നേഥ ജീവോ ഭൃഗുജേഥ സൌമ്യേ
ജലം ചിരസ്ഥം സുരസം സുഗന്ധം.

കിണറുകുഴി ആരംഭിക്കുന്ന ലഗ്നരാശിയിൽ ചന്ദ്രൻ നി ല്ക്കണം. അല്ലെങ്കിൽ വേലിയേറമുള്ള രാശിയായിരിക്കണം. അ ഥവാ ചന്ദ്രൻ പൂർണ്ണനായി കേന്ദ്രരാശികളിലൊ പന്ത്രണ്ടി ലൊ നിൽക്കണം. അതുമല്ലെങ്കിൽ ബുധൻ,വ്യാഴൻ, ശുക്രൻ ഇ വർ ലഗ്നത്തിൽ നിൽക്കണം. ഈ യോഗമുള്ളപ്പോൾ കിണറു കുഴിച്ചാൽ ആ കിണറു വളരെക്കാലം നില നിൽക്കയും വെ ള്ളം വളരെ വിശേഷമായിരിക്കയും ചെയ്യും.

കുജേ ദ്വിതീയേ ഭൃഗുജേ/സുഗേചേ
ഷഷ്ഠേരവൌ ലാഭഗതേക്വപൂത്രേ
ചന്ദ്രേഷ്ടമേ ഷഷ്ഠവ്യയവർജ്ജിതേ ച
പ്രിയം ജലം സംഭവതീതി ശുഭം.

കുജഖനന ലഗ്നത്തിന്നേറ മൂന്നിൽ ചൊവ്വയും ഏഴിൽ ശുക്രനും എട്ടിൽ സൂര്യനും പതിനൊന്നിൽ ശനിയും 6—8—12 ഈ ഭാവങ്ങളും ഒഴിച്ചു മറെവിടെയെങ്കിലും ചന്ദ്രനും നിൽ ക്കുമ്പോൾ കിണറുകുഴി ആരംഭിച്ചാൽ വെള്ളം സുലഭമായും ശോഭനമായും ഇരിക്കും.

സർവ്വേഷുലഗ്നേഷു ശുഭം വദന്തി
വിഹായ സിംഹാളി ധനർഭരാംശൂ

ഗ്രഹസ്ഫുടാലോകന യോഗ സൌമ്യ –
യോഗാൽ പ്രകുര്യാൽ ജലഭാംശ വർഗ്ഗേ.

ചിങ്ങം, വൃശ്ചികം, ധനു ഇവ മൂന്നുരാശികളും കഴിച്ച് മ റുള്ള ഒൻപതുരാശികളും ക്രപഖനനത്തിനു ശോഭനങ്ങളാകുന്നു. ലഗ്നത്തിൽ ശുഭഗ്രഹങ്ങളുടെ യോഗദൃഷ്ടികളുണ്ടായിരിക്കണം. ഗ്രഹങ്ങൾക്ക് ശുഭഗ്രഹങ്ങളോടുള്ള യോഗം, ജലരാശിസ്ഥിതി, ജലരാശ്യംശകം, ജലഗ്രഹങ്ങളുടെ വർഗ്ഗങ്ങൾ ഇവയും ഉണ്ടായിരിക്കണം. തുളികോടയം മുതലായ മറുദോഷങ്ങളും മുഹൂർത്തനിയമമനുസരിച്ച് വർജ്ജിച്ചുകൊള്ളണം. ഇങ്ങിനെ ശുഭസമയം അറിഞ്ഞു കിണറുകുഴി ആരംഭിക്കണം.

"പുനസ്ഥപതി രാചമ്യ ഗണനാഥാച്ചനാടികം
വാസ്തുപൂജാം പ്രകുർവ്വീത ത്രയ: ഖനനമാരഭേൽ

പിന്നീട് സ്ഥപതി ശരീരശുദ്ധിവരുത്തി വിധിപ്രകാരം ആചമനാദികളുംചെയ്ത് ഇഷ്ടദേവതാവന്ദനം, ഗണപതിപൂജ മുതലായകമ്മങ്ങളും നടത്തി വാസ്തുദേവപൂജ ചെയ്യണം. അതിനു ശേഷം കിണറുകുഴി ആരംഭിക്കണം.

പുഷ്പപാത്രൈ: പൂജിതേകേരേ ഖണ്ഡിതേ വിന്യസേൽ —
(സുമം
മേഷാദി സംഗതേ പുഷ്പേ ഫലമേതദ്വിനിർദ്ദിശേൽ

വാസ്തുപൂജാവസാനത്തിൽ നാളികേരത്തെ പുഷ്പാദികളെക്കൊണ്ടു പൂജിച്ച് ഖണ്ഡിക്കണം. വെള്ളത്തോടുകൂടി ഇള മുറി ശരിയായി വച്ചിട്ട് ആ നാളികേരത്തിനുള്ളിൽ, ഇതശ്വര ധ്യാനത്തോടുകൂടി പുഷ്പം ഇടണം. ആ നാളികേരവലയത്തെ പന്ത്രണ്ടു രാശികളായി ഭാഗിച്ച് അവയിൽഏതൊരുരാശിയിൽ പുഷ്പമടുത്തുവോ ആ രാശികൊണ്ട് താഴെ പറയുന്ന ക്രമമനുസരിച്ച് ഫലം ചിന്തിക്കേണ്ടതാണു്.

കോശം ധാന്യം ഭയം ശോകനാശനം സൌഖ്യമേവച
ഭയം രോഗം തഥാദു:ഖം കീർത്തിർവ്യാഗ്നിജം ഭയം
യശശ്ചക്രമശോ മേഷാൽ പുഷ്പൈരേകരജലോദയേ.

മേടംരാശിയിൽ പുഷ്പമടുത്താൽ ധനലാഭവും, ഇടവത്തിൽ ധാന്യലാഭവും, മിഥുനത്തിൽ ഭയവും, കർക്കടകത്തിൽ ദു:ഖശമനവും, ചിങ്ങത്തിൽ സൌഖ്യവും, കന്നിയിൽ ഭയവും, തുലാത്തിൽ രോഗപീഡയും, വൃശ്ചികത്തിൽ ദു:ഖവും,ധനുവിൽ കീർത്തിയും, മകരത്തിൽ ധനലാഭവും, കുംഭത്തിൽ അഗ്നിഭയ

വും, മീനത്തിൽ യശസ്സും ഫലമാകുന്നു. ഈ പുഷ്പമടുത്തരാശി ആരൂഢമാക്കി കൽപിച്ച് മേൽപറഞ്ഞ ക്രമമനുസരിച്ച് ഭാവി ചിന്ത ചെയ്യാവുന്നതാണ്.

ആദ്യം കിണറുകഴി തുടങ്ങുമ്പോൾ മുൻപേ വെട്ടിയിളക്കിയ മണ്ണ് നിക്ഷേപിക്കുന്ന രാശിയെ ആശ്രയിച്ച് ചിലഫലങ്ങൾ ഒരു ഗ്രന്ഥത്തിൽ വിവരിച്ചു കാണുന്നു. അതും താഴെ കാണിക്കപ്പെടുന്നു.

'വിന്യസേന്മേഷഭവനെ പ്രഥമോദ്ധൃതമൃത്തികാം
നവഹസ്തോന്മിതമ്മാനമസ്യ ക്രൂപസ്യ നിർദ്ദിശേൽ
പൂർവ്വകാഷ്ഠോദയം വാരി ഫലന്നീഭ്രതേ ഭവേത്സ്ഥലേ'

ആദ്യം കഴിച്ചെടുത്തമണ്ണ് ഒരു കുട്ടയിലാക്കി ഒരാളിന്റെ തലയിൽ നിക്ഷേപിക്കണം. ആയാളിന്റെ സ്വമനസ്സാലെ ആ പറമ്പിൽ എവിടെയെങ്കിലും കൊണ്ടു നിക്ഷേപിക്കാൻ പറയുകയും വേണം. അപ്പോൾ അയാൾ മേടം രാശിയിൽ കൊണ്ടുപോയി ഇട്ടുന്നതായാൽ കിണറിന് ഒൻപതുകോൽ താഴ്ച വരുമെന്നും, വളരെ കട്ടിയുള്ള ഭൂപ്രദേശത്തിലായിരിക്കും വെള്ളം നിലയെന്നും, ഊറ്റു കിഴക്കുനിന്നുണ്ടായിരിക്കുമെന്നും പറയണം.

'വൃഷേ സപ്തോന്മിതമ്മാനമസ്യ ക്രൂപസ്യ നിർദ്ദിശേൽ
ജലം ശംസന്തി നിയതം ശുഭ്രായാം സികതാഭുവി,

മണ്ണ് ഇടവം രാശിയിൽ നിക്ഷേപിച്ചാൽ ഏഴുകോൽ താഴുമ്പോൾ വെള്ളം നില കാണപ്പെടും. വളരെ ശുഭ്രമായമണൽ പ്രദേശത്തായിരിക്കും വെള്ളം കാണുന്നത്. തെക്കുനിന്നും ആണ് ഊറ്റു വരുന്നത്.

'വീണായാം ന്യസ്യതേ മൂൽസ്നാ യദി പഞ്ചഭിരോന്മിതം
ഹസ്തമാനം ഗതം വാരി ശിലാഭുവി വിനിർദ്ദിശേൽ.'

മിഥുനംരാശിയിൽ മണ്ണുകൊണ്ടിട്ടാൽ പതിനഞ്ചുകോൽ ആഴം ചെല്ലുമ്പോൾ പാറയിൽ വെള്ളം കാണുമെന്നു പറയണം.

'കർക്കടേ വിന്യസേന്മൃത്സ്നാ പഞ്ചഹസ്തോന്മിതെക്കതെ
ഗതേജലം പ്രവഹതി കിഞ്ചിൽ പങ്കസമാശ്രിതം.'

കർക്കടകം രാശിയിൽ മണ്ണുകൊണ്ടുപോയി ഇട്ടാൽ കിണറു കഴിച്ചു അഞ്ചുകോൽ താഴുമ്പോൾ വെള്ളം കാണുമെന്നും വെള്ളം കാണുന്നപ്രദേശത്തു് അൽപം ചെളി ഉണ്ടായിരിക്കുമെന്നും പറയണം.

"സിംഹേ മൂദിഗതേതീവ നിമ്നതപം [illegible]
പാഷാണ ഭേദനം കാര്യം ഹസ്ത വിംശോന്മിതം [illegible]."

ചിങ്ങരാശിയിൽ മണ്ണ നിക്ഷേപിച്ചാൽ [illegible] രെ താഴ്ച വേണ്ടിവരുമെന്നും, ഇരുപതുകോൽ ചെല്ലുമ്പോൾ ഠിനതരമായ പാറകാണുമെന്നും, പാറപൊട്ടിച്ചു വീണ്ടും താഴ്ത്തിയാൽ വെള്ളം കിട്ടുമെന്നും അറിയണം.

"ചന്ദ്രശുക്രൌ തദാനീചം ഗതൌനീചം ജലം വദേൽ
പഞ്ചാശദ്ധസ്ത നിർദ്ദിഷ്ടമഥവാശീതിരോമ്മി നം."

മേൽപറഞ്ഞവണ്ണം ചിങ്ങം രാശിയിൽ മണ്ണ നിക്ഷേപിക്കുമ്പോൾ ചന്ദ്രനോ, ശുക്രനോ നിചസ്ഥിതിയൊ നീചാംശകമോ വന്നാൽ അൻപതുകോലളവോ അഥവാ എഴുപതുകോലളവോ താഴേണ്ടിവരുമെന്നുള്ളവിശേഷം കൂടി ഗ്രഹിക്കേണ്ടതാണ്. കഴിച്ചുചെല്ലുമ്പോൾ മദ്ധ്യേ ചില പൊത്തുകളും അല്പാൽപം വെള്ളവും കാണപ്പെട്ടും.

"കന്യായാം വിന്യസേന്മൃത്സ്നാ യദി ശീഘ്രം ജലോദയം
ഹസ്തത്രയോന്മിതം കാര്യം സിരാ വാങ്ങണദിശ്ചതാ."

മണ്ണ് കന്നിരാശിയിൽ നിക്ഷേപിച്ചാൽ വളരെ എളുപ്പം വെള്ളം കാണാൻ സാധിക്കും. മൂന്നുകോൽ താഴ്ചവരെ കഴിക്കേണ്ട ആവശ്യമേ ഉള്ളു. ഉറവു പടിഞ്ഞാറെ ദിക്കിൽ നിന്നും ആയിരിക്കും.

"ജൂകേ ചതുസ്രായ മിതൈരർഹസ്തൈർഖാതേ ഭവേജ്ജലം
ചന്ദ്രേ തൽകേന്ദ്ര ഗേ വാപി തദർദ്ധേ ജലസംഭവഃ."

തുലാം രാശിയിൽ മണ്ണ നിക്ഷേപിച്ചാൽ വെള്ളം നിലകാണുവാൻ മുപ്പത്തിനാലുകോൽ താഴേണ്ടിവരും. ചന്ദ്രനോ ശുക്രനോ അതിന്റെ കേന്ദ്രങ്ങളിലുണ്ടെങ്കിൽ പതിനേഴുകോൽ താഴുമ്പോൾ വെള്ളം കാണപ്പെടും.

"വിന്യസേന്മൃത്തികാകീടേ യദിസപ്തകരോന്മിതേ
ഖാതേ ഭവേജ്ജലം ദ്രുമെ പങ്കിലേ നാത്ര സംശയഃ

വൃശ്ചികം രാശിയിൽ മണ്ണ നിക്ഷേപിച്ചാൽ ഏഴുകോൽ ആഴം ചെല്ലുമ്പോൾ വെള്ളം കാണും. വെള്ളം നില ചെളിപ്രദേശത്തായിരിക്കും.

"ചാപേ ന്യുപകരാത്തീതേ ബഹുലം ജലമാദിശേൽ
പാഷാണ ഭേദനം കാര്യം ഖനീഭ്രതേ വാ ഭ്രുവി."

ധനുരാശിയിൽ മണ്ണ നിക്ഷേപിച്ചാൽ പതിനാറുകോൽ

[illegible] പൊളിച്ചിട്ടോ അല്ലെങ്കിൽ കഠിനമായ ച
[illegible] ത്തോ വെള്ളം കാണപ്പെടും.

ഭൂഗർഭമിതേത്യർദ്ധത്രയേവാ ജലനിർഗ്ഗമം
സ്യാവിവിധ ദിഗ്ഭ്രമാ സുരസ്സം നിമ്മലോദകം.

മകരം രാശിയിൽ മണ്ണു നിക്ഷേപിച്ചാൽ ഒരു കോൽപ്രമാ
ണമോ അല്ലെങ്കിൽ മൂന്നര കോലോ താഴുമ്പോഴം വെള്ളം കാണ
പ്പെടും. ഊറ്റം നാലുദിക്കിൽനിന്നും ഉണ്ടായിരിക്കും, വെള്ളം
വളരെ നന്നായിരിക്കയും ചെയ്യും.

കുംഭത്രയോദശമിതേ കരേദശമിതേഥവാ
ഖാതേജലം പ്രഭവതി സകതാളവിനിമ്മലം.

കുംഭംരാശിയിൽ മണ്ണുനിക്ഷേപിച്ചാൽ പത്തോ പതിമൂ
ന്നോ കോൽ താഴ്ച ചെല്ലുമ്പോഴം വെള്ളം കാണപ്പെടും. മണൽ
പ്രദേശത്തായിരിക്കും വെള്ളമുണ്ടാവുക. നല്ല വെള്ളവുമായിരിക്കും.

മൃത്തികാത്രയഷ്ടനിക്ഷിപ്തേ അത്യർദ്ധകരസമ്മിതേ
അത്യർദ്ധദർശിതയേ ഹസ്തചതുഷ്കേവാ ശുഭം ജലം.

മീനം രാശിയിൽ മണ്ണു നിക്ഷേപിച്ചാൽ ഒന്നരയോ, രണ്ട
രയോ, നാലോ കോൽ ആഴം ചെല്ലുമ്പോഴം വെള്ളം കാണുമെന്നു
പറയണം. ചന്ദ്രൻ വേലിയേറ്റത്തോടുകൂടി കേന്ദ്രത്തിൽനി
ന്നാൽ ഒന്നരക്കോൽ താഴ്ചയിലും ത്രികോണത്തിൽ നിന്നാൽ
രണ്ടരക്കോൽ താഴ്ചയിലും മറ്റു ഭാവങ്ങളിൽ നി
ന്നാൽ നാലുകോൽ താഴ്ചയിലും വെള്ളം കാണപ്പെടും. ഈ
വക യുക്തികളും എല്ലാ രാശികളിലും ചിന്തിച്ചു പ്രയോജിപ്പിച്ചു
കൊള്ളണം.

"ക്രപാദിഖനനേകാര്യാ വാസ്തുപൂജാ" എന്നും മറ്റുമുള്ള വ
ചനപ്രകാരം കിണറുകഴി ആരംഭിക്കുമ്പോഴം ഗണേശപൂജയുട
ങ്ങി യഥാശക്തി 'വാസ്തുയജ്ഞം' ചെയ്യേണ്ടതാണു്. അപ്പോഴം
പൂജാന്ത്യത്തിൽ തൽകർത്താക്കന്മാരുടെ ത്രികാലഫലജ്യോതക
മായി നാളികേരം മുറിച്ചു് ഫലനിർദ്ദേശം ചെയ്യുക കേരളത്തിൽ
സർവ്വസാധാരണമായ ഒരാചാരമാണു്. ഇവിടെ കിണറി
നെസംബന്ധിച്ചടത്തോളമുള്ള ലക്ഷണങ്ങളംമാത്രം വിവരിക്കാം.

'മൂലസ്ഥൂലാദവേന്നാരീ അഗ്രസ്ഥൂലംനപുംസകം
മൂലമഗ്രം സമാകാർവൃത്തം ശ്രേഷ്ഠമുദീരിതം
വിലക്ഷണന്നഫലദം വിശേഷാദഭിധീയതേ'.

നാളികേരത്തിന്റെ ചുവട്ടു ക്രത്തിരുന്നാൽ അതു് സ്ത്രീയെ

ന്നും, അഗ്രം ക്ഷത്തിരുന്നാൽ നപുംസകമെന്നും പറയുന്ന മൂല വും, അഗ്രവും സമഭുപംവൃത്താകാരമായിരിക്കുന്നതു് ഉത്തമമെ ന്നാണു് അഭിജ്ഞതാഭിപ്രായം. ഇതു് പുരുഷനാണെന്നും വ്യക്ത മാകുന്നു. ലക്ഷണവിഹീനമായ നാളികേരലക്ഷണത്തെ ആസ്പ ദമാക്കി ചെയ്യുന്ന ഫലനിർദ്ദേശം അനുഭവയോഗ്യമല്ലെന്നു് പ്ര ത്യേകം അറിയേണ്ടതാണു്.

"അഗ്രഖണ്ഡേനകർത്തവ്യാ കേരലക്ഷണകല്പനാ
മേഷാദിരാശയ:പ്രോക്താ പ്രാഗാദിക്രമശ:ക്രമാൽ"

നാളികേരം പൂജിച്ചുമുറിച്ചാൽ രണ്ടുഖണ്ഡങ്ങളാണെല്ലൊ ഉള്ളതു്. അവയിൽ ഇളമുറികൊണ്ടാണു് ഫലനിർദ്ദേശം ചെ യ്യേണ്ടതു്. ആ ഇളമുറിയുടെ വൃത്താകാരത്തെ സമം പന്ത്രണ്ടു രാശികളായി ഭാഗിക്കണം. ഇതിന്റെ പ്രധാനമായ കണ്ണിനെ ലക്ഷ്യമാക്കി ശരി കിഴക്കടിക്കായി കല്പിച്ചു് അതിന്റെ ഇടത്തുവ ശം മേടമെന്നും, വലത്തുഭാഗം എടവമെന്നും ധരിക്കണം. പിന്നീടു ക്രമേണ മിഥുനംമുതൽ മീനംവരെയും ഇങ്ങനെ ആകെ പന്ത്ര ണ്ടുരാശികളായി കല്പിക്കണം.

"ഉന്നതേമേഷഭവനേ ജലംശുഭ്രംഭവേദ്ധ്രുവം
ധനധാന്യാദിവൃദ്ധിഞ്ച നിർദ്ദിശേന്മതിമാൻനര:
നിമ്നേനീചേജലാവാപ്തിർമ്മദ്ധ്യേ ശല്യാദിസംഭവ:
സർപ്പകീടാദിജന്തുനാം ദർശനംനാത്രസംശയ:
തൽകുടുംബേസുഖംനാസ്തി സതതം പുത്രനാശനം
ശത്രുശസ്ത്രാഭിഘാതഞ്ച ചോരാഗ്നിഭയമാദിശേൽ

മേൽപറഞ്ഞ നാളികേരവൃത്തത്തിലുള്ള രാശിഭാഗങ്ങളിൽ മേടം രാശിഭാഗം ഉയർന്നിരുന്നാൽ അധികം താഴാതെതന്നെ ശുഭ്രമായജലം ലഭിക്കുമെന്നു് പറയണം. തൽകർത്താക്കന്മാർക്കു് ധനധാന്യാദിസമ്പത്തും ലഭിക്കപ്പെടും. മേടംരാശിഭാഗം താണി രുന്നാൽ വളരെ താഴ്ചചെന്നതിനുശേഷമെ വെള്ളംകാണുകയുള്ളു എന്നും, ഇടയ്ക്കിടെ പാറ മുതലായവകൊണ്ടു് പ്രതിബന്ധം നേരിടുമെന്നുംകൂടി അറിയണം. കൂടാതെ സർപ്പങ്ങൾ പുഴുക്കൾ മുതലായ സരീസൃപജന്തുക്കളെയും കാണാൻ സാധിക്കും. തൽ കർത്താക്കന്മാരുടെ കുടുംബത്തിൽ പലവിധേന അപത്തിനിടയാകും. വിശേഷിച്ചു് പുത്രനാശം, ശത്രുക്കളിൽനിന്നു് ഭയം, കള്ളന്മാരിൽനിന്നുപദ്രവം, അഗ്നിഭയം മുതലായ അനർത്ഥങ്ങളും സംഭവിക്കും.

വൃഷേനിമ്നഗത വിദ്യാൽ ജലലാഭം സുശോഭനം
സ്ത്രീപുത്രപശുസൗഭാഗ്യ വസ്ത്രാഭരണ ലാഭകൃൽ

ഇടവംരാശിഭാഗം താണിരുന്നാൽ പ്രയാസം കൂടാതെ നല്ല വെള്ളം ലഭിക്കുമെന്നു ധരിക്കണം. സ്ത്രീലാഭവും സന്താനലാഭവും പലവിധേന സുഖഭോഗങ്ങളും മറ്റു നാനാഭവങ്ങളും വസ്ത്രാഭരണാദിപുഷ്ടിയും സിദ്ധിക്കും.

ഉന്നതേ പുത്രപൗത്രാദിനാശനം ഗോവിനാശനം
ദുഷ്കരശ്ചജലാവാപ്തി ർന്നിമിത്താന്യനേകധാ

ഇടവം രാശിഭാഗം ഉയർന്നിരുന്നാൽ സന്താനനാശം, ഗോനാശം, മുതലായ മരണഫലങ്ങളും അനുഭവിക്കേണ്ടിവരും. കിണറുകഴിച്ചാൽ വെള്ളം കിട്ടുകയെന്നുള്ളതും പ്രയാസംതന്നെ. അപൽപ്രദേശങ്ങളായ പല അനർത്ഥലക്ഷണങ്ങളുംകൂടി ഇട വരാവുന്നതാണ്.

ഉന്നതേ യുഗ്മഭവനേ നിമ്നഗം പങ്കിലം ജലം
കളത്രപുത്രവിരഹം പരസ്ത്രീഗത ദൂഷണം
നിമ്നേജലം ഭവേത്സ്വല്പം കിഞ്ചിൽ സോഷ്ണമേവവാ
വിവാഹകരണം കാര്യം വാഹനാംബര ലാഭകൃൽ

മിഥുനം രാശിഭാഗം ഉയർന്നിരുന്നാൽ വളരെ താഴ്ചചെന്നതിനുശേഷം വെള്ളം ലഭിക്കുമെന്നും കലക്കലുണ്ടായിരിക്കുമെന്നും അറിയണം. ആ കുടുംബത്തിൽ ഭാര്യപുത്രാദികളോടു വേർപാടും പരസ്ത്രീകാം നിമിത്തം ആക്ഷേപവും സംഭവിക്കും.

മിഥുനം രാശിഭാഗം താണിരുന്നാൽ അധികം ആഴം ചെല്ലാതെതന്നെ വെള്ളം കാണാനിടവരും. പക്ഷേ അല്പം ഓജരണ്ടെന്നു വന്നേക്കാം. കുടുംബത്തിൽ വിവാഹം മുതലായ മംഗളകർമ്മങ്ങൾ നടത്തേണ്ടിവരും. വാഹനങ്ങൾ വിശേഷവസ്ത്രങ്ങൾ ഇവയുടെലാഭത്തിനും ഇടയുണ്ട്.

കുളീരഭവനേ തുംഗേ ജലലാഭോ ഭവേന്നഹീ
ഭഗീരഥപ്രയത്നേന ക്വചിന്നാസ്തി കുത്രചിജ്ജലം
ഘോരശത്രുഭയം വിദ്യാൽ വിഷാണവിഷജം ഭയം

കർക്കടകം രാശിഭാഗം ഉയർന്നിരുന്നാൽ അവിടെ വെള്ളം കിട്ടുക തീരെ വിഷമമുള്ളകാര്യമാണ്. പലവിധക്ലേശങ്ങളും സഹിച്ചു വളരെ പ്രയത്നിച്ചു കഴിക്കുന്നപക്ഷം ചില കാലങ്ങളിൽ വെള്ളമുണ്ടെന്നും, ചില കാലങ്ങളിൽ വെള്ളമില്ലെന്നും വരും. കൂടാതെ ആ കുടുംബത്തിലുള്ളവർക്ക് കുളിന്മാരിൽനിന്നും,

ശത്രുക്കളിൽനിന്നും ഉപദ്രവത്തിനും, ജന്തുക്കളുടെ കൊമ്പുകളിൽ നിന്ന് മറിവേല്ക്കുന്നതിനും, വിഷഭയത്തിനും സംഗതിവരുമെന്നും അറിയേണ്ടതാണ്.

നിമ്നേ ജലം ധ്രുവം വാച്യം ഗൂഢേ കല്യാണവർദ്ധനം
വാഹനാംബര ഭൂഷാപ്തിരപിധാന്യ ധനോദയം

കർക്കടകം രാശിഭാഗം താണിരുന്നാൽ വളരെ താഴ്ച്ച വെള്ളം കിട്ടുന്നതിനു മുമ്പു തന്നെ വെള്ളം കാണാമെന്നു പറയണം. തൽ കർത്താക്കന്മാരുടെ കുടുംബത്തിൽ വാഹനങ്ങൾ, വസ്ത്രങ്ങൾ, ആഭരണങ്ങൾ മുതലായവയ്ക്കുണ്ടു് തൃപ്തികരങ്ങളായ അനുഭവങ്ങളും സംഭവിക്കുമെന്നുകൂടി പറയണം.

ഉന്നംമ്രേ സിംഹഭവനേ കുഞ്ച്യനിമ്നേ ജലം ഭവേൽ
മഹാരാജപ്രസാദേന സ്ഥാനമാനാപ്തി സംഗ്രഹം
വിവാദാൽ ഭൂമിലാഭശ്ച വിദ്യാഭ്യസന സംഭവം
പൈതൃകം ധനമാപ്നോതി പ്രതാപോദയ ഭൃതിർഭം

ചിങ്ങം രാശി ഉയർന്നിരുന്നാൽ കുറച്ചു താഴ്ചയിൽ തന്നെ വെള്ളം ലഭിക്കുമെന്നറിയണം. കൂടാതെ തൽ കുടുംബജനങ്ങൾക്ക് മഹാരാജാക്കന്മാരുടെ സന്തോഷം നിമിത്തം വിശേഷാൽ ചില സ്ഥാനമാനങ്ങളും മത്സരത്തിൽ നിന്നു ഭൂമിലാഭവും, വിദ്യാഭ്യാസ സംബന്ധങ്ങളായ ഗുണങ്ങളും, പിതൃധനത്തിന്റെ അനുഭവവും, പ്രതാപവും, ഐശ്വര്യവും സംഭവിക്കും.

സിംഹേ നീചാ ഗതേതീവ നിമ്നേ ശുഭ്രജലം ഭവേൽ
പാഷാണഭേദനം കാര്യമത്ര പ്രാണ പ്രണാശനം
രാജകോപാദനർത്ഥാനി ബാന്ധവനി കൃത ദൂഷണം
പുത്ര പൗത്ര വിനാശഞ്ച പുണ്യകർമ്മ വിനാശനം.

ചിങ്ങംരാശി താണിരുന്നാൽ വളരെ ആഴം ചെന്നതിനു ശേഷം പാറ കാണുമെന്നും, പാറ പൊട്ടിച്ചാൽ വെള്ളം കിട്ടുമെന്നും അറിയണം. കൂടാതെ അവിടെ ചെന്നുപാർത്തുകൊണ്ടു നാശവും, രാജകോപംകൊണ്ടു പലവിധ അനർത്ഥങ്ങളും, കുടുംബജനങ്ങൾക്കു ദൂഷണങ്ങളും, സന്താനദുഃഖവും, പുണ്യകർമ്മങ്ങൾക്കു ഹാനിയും സംഭവിക്കും

ഉന്നതേ ശുഭ്രഭവനേ ഭൂരിവാരി സുശോഭനം
വാഹനസ്ഥിതം വിശേഷേണ വിജ്ഞാനോദയ സംഭവം:
കന്യകാരത്നസൌവർണ്ണദാനപുണ്യമവാപ്നുയാൽ

കന്നിരാശി ഉയന്നിരുന്നാൽ എള്ളുപുത്തിൽ നല്ലവെള്ളം ലഭിക്കുമെന്നും വെള്ളം വളരെ ഉണ്ടായിരിക്കുമെന്നും അറിയണം. ക്രൂരതെ വിദ്വാന്മാരിൽ നിന്നു ബഹുമാനവും, വിജ്ഞാനപ്രദങ്ങളായ മറ്റു പ്രവർത്തനങ്ങളും, കന്യകാദാനം, രത്നദാനം, സ്വർണ്ണദാനം മുതലായ പുണ്യപ്രദങ്ങളായ പ്രവർത്തനങ്ങളും സംഭവിക്കും.

നീചഗതേ ജലം നാസ്തി അഥവാ പങ്കിലോദകം
യുവരാജ പ്രകോപേന ധനധാന്യ വിനാശനം
വിദ്യാഭ്യാസന വിഘ്നഞ്ച സ്ത്രീഭിർ ദ്വേഷണ സംഭവഃ
വിദേശ ഗമനാദുഃഖം വിയോഗ പ്രിയമാപ്നുയാത്

കന്നിരാശി താണിരുന്നാൽ വെള്ളം കിട്ടുക പ്രയാസമായിരിക്കും. അഥവാ പ്രയാസപ്പെട്ടു കുഴിച്ചാൽ കലങ്ങിയ വെള്ളം ലഭിച്ചു എന്നുവരാം. ക്രൂരതെ യുവരാജാവിന്റെ അനിഷ്ടം നിമിത്തം ധനധാന്യാദികൾക്കും നാശവും, വിദ്യാഭ്യാസാദികൾക്കു വിഘ്നവും, സ്ത്രീകൾ നിമിത്തം അപവാദവും, അന്യദേശഗമനവും ഇഷ്ടഭാര്യയോടു വേർപാടും സംഭവിക്കും.

ഉന്നമ്രേ സംസ്ഥതേവിവ നിമ്നഗം ജലസംഭവം
ക്രയവിക്രയ കാര്യേഷു ദ്രവ്യഹാനിർ ഭവിഷ്യതി
സ്ത്യാധിപത്യാദി ദോഷണാപ്യുപവാദോപി ജായതേ.

തുലാംരാശി ഉയന്നിരുന്നാൽ വളരെ താണതിനുശേഷമേ ജലലാഭം ഉണ്ടാകയുള്ളൂ. ക്രൂരതെ കച്ചവടം നിമിത്തം ദ്രവ്യനാശത്തിനിടവരാം. സ്ത്രീകളുടെ അധിപത്യം മൂലം അപവാദത്തിനും ഇടവരും.

നിമ്നേ ജലാഗമം ശീഘ്രം നിയതം ലഘുശോഭനം
ക്രയവിക്രയ മാർഗ്ഗേണ സ്ത്രീഭ്യാം ധനലാഭകം
ദേവബ്രാഹ്മണ പൂജാച വിപ്ര ഭോജനമേവച

തുലാം രാശി താണിരുന്നാൽ അധികം താഴാതെ തന്നെ വെള്ളം കാണാനിടവരും; വെള്ളം ഒരുകാലത്തും വറ്റുകയില്ല; വെള്ളം വളരെ ലഘുവായും ശുദ്ധമായും ഇരിക്കും. ക്രൂരതെ കച്ചവടംകൊണ്ടും, സ്ത്രീകളിൽ നിന്നും ധനലാഭത്തിനിടവരും. ദേവന്മാരെയും ബ്രാഹ്മണരേയും പൂജിക്കുന്നതിനും, ബ്രാഹ്മണർക്കന്നദാനം ചെയ്യുന്നതിനും ഇങ്ങനെയുള്ള മറ്റു പുണ്യകർമ്മങ്ങളും അനുഷ്ഠിക്കുന്നതിനും ക്രൂരയിടവരും:

ഉന്നമ്രേ വൃശ്ചികേ തത്ര ജലലാഭഃ സുദുഷ്കരഃ
അഥവാ ലഭ്യതേ പങ്കിലോ ക്ഷാരാദി വിമിശ്രിതം

പ്രവാസ ഫലദം നേത്രനാശ[illegible]വിനാശനം
സന്താന ഹനനം പൈവ സമുദ്ഭവനം ഭവേൽ.

വൃശ്ചികം രാശി ഉയന്നിരുന്നാൽ ആ കിണാറിൽ ശരിക്ക വെള്ളം കിട്ടുക പ്രയാസമാണ്. പക്ഷേ വളരെ പ്രയാസപ്പെട്ട കഴിച്ചു വെള്ളം കാണുന്നപക്ഷം കലക്കൽ, കാര മുതലായവ മൂലം വെള്ളം ദുഷിച്ചിരിക്കുമെന്നറിയണം. ക്രൂരമായ തൽകർമ്മങ്ങളിലുള്ളവർക്ക നാട്ടുവിട്ട പോകുന്നതിനും, നേത്രരോഗമൂലം ദുഃഖിക്കുന്നതിനും ശ്വാസനാശത്തിനും പുത്രദുഃഖത്തിനും ഇടവരുത്തും. സമുദ്രയാത്രചെയ്യുന്നതിനും സംഗതിയാകും.

കീടേ നിമ്നഗതേ വിദ്യാൽ ശോഭനം വാരിഭ്രരിമ.
ഇഷ്ടമിത്ര സഹായേന മദ്യ വിക്രയ ഹേതുനാ
ധനലാഭോ വിശേഷേണ മാത്രാരിഷ്ടാടി സംഭവേ
രാജഭൃത്യാനുകൂലേന ബഹുധാ വസുധാഗമഃ

വൃശ്ചികം രാശിഭാഗം താണിരുന്നാൽ എളുപ്പം വെള്ളം കിട്ടുമെന്നും, നന്നായിരിക്കുമെന്നും അറിയണം. ക്രൂരമായ ഇഷ്ടബന്ധുക്കളിൽ നിന്ന സഹായവും മദ്യവസ്തുക്കളുടെ വ്യാപാരം നിമിത്തം ധനലാഭവും രാജഭൃത്യന്മാരുടെ അനുകൂലം നിമിത്തം ഭൂമി, ധനം ഇവയുടെ ലാഭവും സംഭവിക്കും. എന്നാൽ മാതാക്കന്മാരെ സംബന്ധിച്ച് ക്ലേശിക്കുന്നതിനു ഇടവരാം.

തുരഗോന്നതഗേ രാജസേവയാ വാഹനാടികം
സുരാലയാടി ഭരണൈർജ്ഞനപുണ്യ വിവർജ്ജനം
ശോഭനം ജലമാപ്നോതി പ്രയത്നേന വിനാലഘു

ധനരാശി ഭാഗം ഉയന്നിരുന്നാൽ രാജസേവകൊണ്ടു വാഹന ലാഭവും ക്ഷേത്രം മുതലായ പുണ്യപ്രവൃത്തികളായ സ്ഥാപനങ്ങളുടെ ഭരണം നിമിത്തം ഐശ്വര്യത്തിനും യോഗം വരും. വളരെ താഴ്ചയോ പ്രയാസമോ കൂടാതെ ജലലാഭത്തിനും സംഗതിവരും. വെള്ളം വളരെ ലഘുവായും സ്വാദുള്ളതായും ഇരിക്കും.

നീചഗേ രാജകോപസ്യാൽ വാഹനാംബര നാശനം
ദേവകോപ പ്രകർഷേണ ദായാദ ജനദൂഷണം
കഠിനേന ജലമാപ്നോതികപിനാസ്തികപമിൽ
(ഭവേൽ

ധനരാശി ഭാഗം താണിരുന്നാൽ രാജകോപം നിമിത്തം അനർത്ഥങ്ങളും സംഭവിക്കും. വാഹനങ്ങളും, വസ്ത്രങ്ങളും ഇവ നശിക്കുന്നതിനും ദേവകോപം നിമിത്തം സന്താനാടികവും

ക്ക് പലവിധ ക്ലേശങ്ങളും സംഭവിക്കുന്നതിനും ഇടവരും. കിണറുകഴിച്ചാൽ വളരെ പണിപ്പെട്ടതിനുശേഷമെ വെള്ളം കാണാനിടവരികയുള്ളൂ. എന്നാൽ തന്നെയും ചിലകാലങ്ങളിൽ വെള്ളമുണ്ടെന്നും ചിലകാലങ്ങളിൽ വെള്ളമില്ലെന്നും വരാവുന്നതാണ്.

ഏണക്ഷേത്രോന്നതേ ശ്രുദ്ധജലം ശീഘ്രം ഭവിഷ്യതി
ദേശാന്തരവശേ ദ്രവ്യലാഭ: പുത്ര സമാഗമ:
ഗോരത്നധാന്യ ലാഭസ്യാൽ ഗേഹവൃദ്ധിശ്ച സർവത:
തീർത്ഥസ്നാനാദികം പുണ്യം ഗുരുദൈവത പൂജനം.

മകരം രാശി ഉയർന്നിരുന്നാൽ എളുപ്പത്തിൽ തന്നെ (അധികം ആഴം കുടാതെ) വെള്ളം ലഭിക്കുന്നതിനിടവരും. അന്യദേശ വാസംകൊണ്ടോ അന്യദേശങ്ങളുമായുള്ള വ്യാപാരംകൊണ്ടോ ധനലാഭവും, പ്രഭുക്കന്മാരിൽനിന്നു സഹായവും സിദ്ധിക്കും. പശുക്കൾ, രത്നങ്ങൾ, ധാന്യങ്ങൾ ഇവയുടെ ലാഭവും, കുടുംബത്തിനു പൊതുവെ അഭിവൃദ്ധിയും പ്രവൃത്തികൾക്കു പുഷ്ടിയും, തീർത്ഥസ്നാനം മുതലായ പുണ്യകർമ്മാനുഷ്ഠാനങ്ങൾക്കു ഭാഗ്യവും, ഗുരുപൂജ ഈശ്വര പൂജ മുതലായ സൽകർമ്മങ്ങളും സംഭവിക്കും.

നീചേ ജലം ന ലഭതേ അഥവാ പങ്കിലോദകം
ശല്യാദി ദുർഗ്ഗമ: പ്രായ: ജന്തോർ ദുഷ്ണസംഭവ:
കൃഷിക്ഷേത്ര വിനാശശ്ച പാദേ വ്രണസമുൽഭവ:
പരാന്നഭോജനം ചാത്ര പരദാര നിവേശനം.

മകരം രാശിഭാഗം താണിരുന്നാൽ കിണറിൽ വെള്ളം കിട്ടുകതന്നെ പ്രയാസമാണ്. അഥവാ കിട്ടിയാൽ തന്നെയും വെള്ളം നന്നായിരിക്കയില്ല. കുഴിച്ചുചെല്ലുമ്പോഴും മദ്ധ്യേ പാറ മുതലായവ നിമിത്തം കുഴിക്കാൻ നിർവ്വാഹമില്ലാതെവരും. വല്ലജന്തുക്കളും വീണ് കിണറിനു ദുഷ്യം പറയുന്നതിനും ഇടവരും. കൂടാതെ കൃഷിഭ്രമി നാശവും, കാലിൽ വ്രണരോഗവും, പരാന്നഭോജനവും, പരസ്ത്രീ സമാഗമവും സംഭവിക്കും.

തുംഗേ ഘടേ ജലം നാസ്തി കഥഞ്ചിദപി നിശ്ചയാൽ
വിശേഷേണ തനോർന്നാശ: വിദ്യോദ്യസന ഭ്രുതിഹ്രൽ
വിക്രയ ക്രയകാര്യേഷു വിഘ്ന സംഭവമാദിശേൽ
വിദേശഗമനാദ്ദു:ഖം കാരാഗാര നിവാസനം.

കുംഭം രാശി ഭാഗം ഉയർന്നിരുന്നാൽ എത്രതന്നെ താഴ്ത്തിയാലും ബുദ്ധിമുട്ടിയാലും തീർച്ചയായും വെള്ളം ലഭിക്കയില്ലെന്ന

റിയണം. വിശേഷിച്ച് മരണദു:ഖത്തിനും ഇടവരും. വിദ്യാഭ്യാ
സകർമ്മത്തിനു വിഘ്നവും മൈശപ്യസ്ഥാനിയും നേരിട്ടും. കൊ
ടുക്കൽ വാങ്ങൽ സംബന്ധിച്ച കാര്യങ്ങളിൽ വിഘാതം സംഭ
വിക്കുമെന്നും അറിയണം. ക്രൂരതെ ദേശാന്തര യാത്രകൊണ്ടു
ദു:ഖവും കാരാഗൃഹവാസവും അനുഭവിക്കുന്നതിനും സംഗ
തിയുണ്ടാകും.

നീചേ ഋണേ ചയോല്ലാഭേ നിത്യം ക്രൂരിശോഭനം
നിത്യമിഷ്ടാന്ന ഭാനഞ്ച ശിഷ്ടമിത്ര സമാഗമം
ഉത്തമേവപ്രസാദേന ഗൃഹേ കല്യാണ സംഭവം
വിശേഷ ഗേഹകരണം വിജ്ഞാനോദയ ക്രതിദം.

കുംഭംരാശി ഭോഗം താണിരുന്നാൽ കട്ടം പ്രയാസംക്രമാതെ
തന്നെ വെള്ളം ലഭിക്കുന്നതിനിടവരും. നല്ല വെള്ളമായിരിക്കും.
ക്ഷീണം ഉണ്ടായിരിക്കയും ചെയ്യും. വിദ്വേപൂർണ്ണമായ അന്ന
ഭാനം, സത്തുക്കളോടുള്ള സമാഗമം, ഉത്തമന്മാരുടേയും ദേവന്മാ
രുടേയും പ്രീതി, വീട്ടിൽ മൈശപ്യസമൃദ്ധമായ അവസ്ഥ,
ഗൃഹകർമ്മം മുതലായ ശോഭനേ ഫലങ്ങളും, വിശേഷജ്ഞാനം
ഹേതുവായിട്ട് ശ്രേയസ്കരങ്ങളായ മറ്റു സംഭവങ്ങളും സി
ദ്ധിക്കും.

മത്സ്യരാശൌ സമുന്നത്തേ കീലാലംന്നോ ഭവേല്ലഘു
ദുർഘടഃ ഖാതവിഷയഃ ദുന്നിമിത്തഞ്ച ദുസ്തരം
കളത്ര പുത്രഹാനനം ജലജന്തോർഭവീക്ഷാൽ ഭയം
ജന്മഗേഹ വിനാശശ്ച ജനാനാമപകാരതാ

മീനം രാശിഭോഗം ഉയർന്നിരുന്നാൽ വെള്ളം ലഭിക്കുമെങ്കി
ലും നന്നായിരിക്കയില്ലെന്നറിയണം. കിണറു കഴിക്കുന്ന കാര്യ
ത്തിൽ പല ദുർഘടങ്ങളും സംഭവിക്കാം. കഴിച്ചുതീർക്കുന്നതി
നു സാധിക്കാതവിധം പല നിമിത്തങ്ങളും സംഭവിക്കാനി
ടവരാം. ക്രൂരതെ മറ്റുള്ളവരുടെ ആപത്തും ജലജന്തു
ക്കളിൽ നിന്നു വിഷഭയവും തൽകർത്താക്കന്മാരുടെ ജന്മഭവന
ത്തിനു നാശവും പൊതുജനങ്ങളിൽ നിന്നു ഉപദ്രവവും സം
ഭവിക്കും.

കിഞ്ചിന്നിമ്നേ ജലപ്രാപ്തിമാദിശേന്നീചഗേഹ്യക്ഷേ
ശ്വേതാംബരശയ്യാദിലാഭഃ സ്ത്രീപുത്ര വർദ്ധനം
ആരോഗ്യമപി ധൈര്യഞ്ച ശത്രു വൈരാഭനാർത്ഥനം
നിക്ഷേപ ധനലാഭശ്ച പണ്ഡിതൈതഃ പരിതോഷണം.

മീനം രാശിഭാഗം താണിരുന്നാൽ അല്പം മാത്രം താഴ്ന്നോരും തന്നെ വെള്ളം കാണാനിടവരുമെന്നറിയണം. വിശേഷിച്ച് രത്നാദികളായ ആഭരണങ്ങളും, വിശേഷവീതി വസ്ത്രങ്ങളും, ശയനോപകരണങ്ങളും, സ്ത്രീസുഖം, പുത്രസുഖം, ഈ വക അനുഭവങ്ങളും ആരോഗ്യം, ഐശ്വര്യം, ശത്രുമത്സരം നിമിത്തം ധനലാഭം, പല മാർഗ്ഗങ്ങളിലായി സംഗ്രഹിച്ച ധനത്തിന്റെ അനുഭവം, വിശ്വാസമാരിൽ നിന്നു ബഹുമാനം ഈ വക ഫലങ്ങളും സിദ്ധിക്കും.

ഇവിടെ കന്നിലധികം ലക്ഷണങ്ങളും അന്യോന്യവിരുദ്ധങ്ങളായ ഫലങ്ങളെ സൂചിപ്പിച്ചു എന്നു വരാം. അപ്പോൾ ഈ നാലോഷലക്ഷണങ്ങളിൽ ഏതെന്നിനാണോ ബാഹുല്യം കാണുന്നത് അതിനെ ആശ്രയിച്ച് ഫല നിർദ്ദേശം ചെയ്യുകൊള്ളണം.

മറ്റൊരു ലക്ഷണം

ക്രമത്തെ സംബന്ധിച്ച് ബൃഹൽസംഹിതയിൽ കാണുന്ന ഏതുമൊരു ഭാഗം താഴെ ചേർക്കുന്നു.

പൂർവ്വോത്താനമയ മനിർഗ്ഗതി വരുണ പവനേന്ദു ശംകരാഃ [ദേവാഃ

വിജ്ഞാതവ്യാ: ക്രമശ: പ്രാച്യാദ്യാനാംദിശാം പതയഃ

കിഴക്കേദിക്കിന്റെ അധിപതി ഇന്ദ്രൻ. അഗ്നികോണിന്റെ അധിപതി അഗ്നി. തെക്കുദിക്കിന്റെ അധിപതി യമൻ. നിർഋതികോണിന്റെ അധിപതി നിർഋതി. പടിഞ്ഞാറുദിക്കിന്റെ അധിപതി വരുണൻ വായുകോണിന്റെ അധിപതി വായു. വടക്കുദിക്കിന്റെ അധിപതി ചന്ദ്രൻ. ഈശകോണിന്റെ അധിപതി ഈശാനൻ. ഇങ്ങിനെ കിഴക്കാദിയായ എട്ടു ദിക്കുകളിലേയും നാഥന്മാരായ ദേവന്മാരെ അറിഞ്ഞുകൊള്ളണം.

ദിക്പതി സംജ്ഞാ ച സിരാ
നാഡീ മർമ്മോ മർമ്മാസിരാജ്ഞയാ
ഏതാഭ്യോന്യൃതശോ
വിനിസ്സൃതാനാമഭി പ്രഥിതാ

കിഴക്കോട്ടിയായി എട്ടു ദിക്കുകളാണെല്ലോ വിവരിച്ചതു്. ഈ ദിക്കുകളുടെ അധിപന്മാരുടെ പേരോടുകൂടിയ എട്ടു സിരകളും നടുവിൽ ഒരു സിരയും ഇങ്ങിനെ ജലോദയ സിരകൾ ഒൻപതാണല്ലോതു്. ഇവകൊണ്ടാണു് പ്രാധാന്യം. ഇവ്വിധത്തിലേ വേറെയും അസംഖ്യം സിരകളുണ്ടു്. എങ്കിലും മേൽപറഞ്ഞ ഒൻപതു സിരകൾക്കു പ്രാധാന്യം ഉള്ളതുകൊണ്ടു് ആ സിരാമാർഗ്ഗമായിട്ടാണു് മിക്കവാറും ഉറവുണ്ടാകുന്നതു്.

പാതാളാർദ്ധാസിരാ ഗ്രന്ഥേ ചതുർദ്ദിക്ഷു സംസ്ഥിതാ
[യാശ്ച

കോണദിഗ്വിസ്ഥാന ഗ്രന്ഥേസിരാ നിമിത്താന്യതോവക്ഷ്യേ

മഹാസിര പാതാളത്തിൽ നിന്നു് മദ്ധ്യത്തായി മേൽപ്പോട്ടുപ്രവഹിക്കും. വേറെ എട്ടുദിക്കിലും ക്രമേണ പ്രവഹിക്കുന്ന സിരകളിൽവച്ചു് നേരെ നാലുദിക്കുകളിൽ നിന്നും വരുന്ന സിരകൾ (ഉറവുകൾ) ശോഭനങ്ങളാണു്. കോണുകളിൽ നിന്നും പുറപ്പെടുന്ന സിരകൾ ഉത്തമങ്ങളല്ലെന്നു സ്പഷ്ടമാണെല്ലോ.

യദ്വിവേതസോന്മുഖീതേ ദേശേ ഫാല്ഗുന്യുദിസ്ഥിതഃ
(പശ്ചാൽ

സാർദ്ധം പുരുഷേ തോയം വഹതി സിരാ പശ്ചിമാ തതു

ചില ദേശങ്ങളിൽ കിണറു കുഴിച്ചാൽ വെള്ളം കിട്ടുക പ്രയാസമായിരിക്കും. അങ്ങനെയുള്ള പ്രദേശങ്ങളിൽ എവിടെയെങ്കിലും കടമ്പുവൃക്ഷം നിൽക്കുന്നുണ്ടെങ്കിൽ ആ വൃക്ഷത്തിന്റെ ചുവട്ടിൽ നിന്നു് പടിഞ്ഞാട്ടു മുന്നാംകോൽ അകറ്റി കിണറുകുഴിച്ചാൽ മുന്നരയാം പ്രമാണം താഴുമ്പോഴം വെള്ളം കാണാമെന്നാണു് വെപ്പു്. ഈവെള്ളത്തിന്റെ ഉറവു് പടിഞ്ഞാറെ മിക്കിൽനിന്നായിരിക്കും.

ചിഹ്നമപി ചാർദ്ധപുരുഷേ മണ്ഡൂകഃ പാണ്ഡുരോ
(മൃൽപീതാ

പുടഭേദകശ്ച തസ്മിൻ പ്രാഷ്ടാണോ ഭവതി തോയമധഃ

മേൽപറഞ്ഞ സ്ഥാനത്തു് അരയാം പ്രമാണം താഴുമ്പോഴം വെള്ളനിറത്തിലുള്ള തവളയും മഞ്ഞനിറത്തിലുള്ള മണ്ണും ഒരുമിച്ചുണ്ടാകും. അതിനടിയിൽ പാറയും പാറപ്പൊട്ടിച്ചാൽ വെള്ളവും കാണപ്പെടും.

ജംബ്വാശ്വത്ഥോദുംബര പ്ലക്ഷന്യഗ്രോധകപീതനാദ്യേഷു പൂർവ്വാ
ദിഷ്വേകശഃ സ്ഥിതകാപാണ്ഡുരശ്വേതപുരുഷേതുമണ്ഡൂക
മേൽപറഞ്ഞവണ്ണം ഞാവൽവൃക്ഷം നിൽക്കുന്നതാണെങ്കിൽ

അതിന്റെ മുവട്ടിൽ നിന്നും വടക്കോട്ടു മൂന്നുകോൽ മാറി കി ണറുകഴിച്ചാൽ രണ്ടാംപ്രമാണം താഴുമ്പോൾ വെള്ളം കാ ണുന്നതാണിടവരും. ഉറവുണ്ടാകുന്നതു് കിർക്കേടിക്കിൽ നിന്നായി രിക്കും.. അവിടെ ഒരാംപ്രമാണം താഴുമ്പോൾ ലോഹത്തി ന്റെ ഗന്ധമുള്ള ഉരുതരം മണ്ണും വെള്ളനിറത്തിലുള്ള തവളയും കാണപ്പെടും.

ജംബൂവൃക്ഷസ്യ പ്രാഗുത്തരസ്യാം ദിശി ഭവേൽ സമീപസ്ഥഃ
തസ്യോത്തരക്ഷിണ പാർശ്വേ സലിലം പുരുഷദ്വയേ സാദ്യ.

ആ പ്രദേശങ്ങളിൽ വെള്ളമില്ലെന്നിരിക്കിലും ഞാവൽ വൃക്ഷവും കിഴക്കു അതിനടുത്തു പുറവും കാണുന്നുണ്ടെങ്കിൽ ആ വൃക്ഷത്തിന്റെ മുവട്ടിൽ നിന്നും തെക്കോട്ടു മൂന്നുകോൽ മാറി കിണറുകഴിച്ചാൽ നല്ലവെള്ളം കാണപ്പെടും. രണ്ടാംപ്രമാണം താണുതന്നെ. ഇവിടെ കഴിച്ചുചെല്ലുമ്പോൾ കാണുന്നചില അടയാളങ്ങളെയാണു അടുത്ത പദ്യംകൊണ്ടു വിവരിക്കുന്നതു്.

അർജ്ജുപുരുഷേ ച മത്സ്യഃ പാരാവത സന്നിഭശ്ചപാഷാണഃ
മൃത്തവതി ചാതുനീലാ ദീർഘം കാലഞ്ച ബഹുതോയം

ഇവിടെ കഴിച്ചു ചെല്ലുമ്പോൾ അരയാംപ്രമാണം താ ണാൽ മത്സ്യവും, മാടപ്രാവിന്റെ നിറത്തിലുള്ള ഒരു തരം കല്ലും കാണപ്പെടും. അതിനുശേഷം നീലനിറത്തിലുള്ളമണ്ണു കാണപ്പെടുമെങ്കിൽ ഒരുകാലത്തും വറ്റാത്തവിധം വളരെ വെ ള്ളമുണ്ടായിരിക്കും.

പശ്ചാദുംബരസ്യ തിരിരേവ കരൈന്തരപ്രായേ സാർദ്ധേ
പുരുഷേ സതോഹിരശ്മാഞ്ജനോപമോധഃ സിരാസുജല

വെള്ളം ദുർല്ലഭമായ പ്രദേശങ്ങളിൽ അത്തിമരം നിൽക്കു ന്നുണ്ടെങ്കിൽ അതിന്റെ മുവട്ടിൽ നിന്നും പടിഞ്ഞാട്ടു മൂന്നു കോൽ മാറി രണ്ടാംപ്രമാണം താഴ്ത്തിയാൽ വെള്ളം കാണപ്പെടും. നന്നായിരിക്കയും ചെയ്യും. അരയാംപ്രമാണം താഴുമ്പോൾ വെളുത്തനിറത്തിലുള്ള ഒരുതരം പാമ്പും, കറുത്തനിറത്തിലുള്ള പാറയും കാണപ്പെടും. അധോഭാഗത്തുനിന്നും മേലോട്ടുള്ള ഉറവുവഴിയായിരിക്കും ജലാഗമം.

ഉദഗർജ്ജുനസ്യ ദുർശ്ശോർവൽമീകോയദിതതോർജ്ജുനാ-
ലാതൈസ്സഃ

തിരിരംബു വേതി പുരുഷൈസ്ത്രിഭിരർജ്ജു സമനുപാതൈഃ
പശ്ചാൽ

നിർജ്ജല പ്രദേശങ്ങളിൽ രണ്ടുവിടെയെങ്കിലും നീർമരുത് വൃക്ഷവും അതിനടുത്തു വടക്കോഗത്തു് പുറവും കാണപ്പെട്ടാൽ ആ വൃക്ഷത്തിന്റെ ചുവട്ടിൽ നിന്നും പടിഞ്ഞാട്ടു മുന്നുകോൽ മാറി കുഴിച്ചാൽ മുന്നര ആറാം പ്രമാണം താഴുമ്പോൾ വെള്ളം കാണപ്പെടും.

ശ്വേതാഗ്രോധാർജ്ജുനരേ പുരുഷേമൂൽ ധൂസരാതഃ കൃഷ്ണാ
പീതാസിതാ സസികതാ തതോജലം നാർദ്ദിശദമിതം

മേൽപറഞ്ഞ സ്ഥാനത്തു് കുഴിക്കുമ്പോൾ അരഞ്ഞാൺ പ്രമാണം താണാൽ വെളുത്തനിറത്തിലുള്ള ഗന്ധകമണ്ണും, കറുപ്പും വെളുപ്പും ചേർന്ന മണ്ണും കാണും. പിന്നെയും കുഴിച്ചു ചെല്ലുമ്പോൾ കറുത്തനിറത്തിലുള്ള മണ്ണും, അതുകുഴിഞ്ഞു താഴുമ്പോൾ മഞ്ഞവർണ്ണമായ മണ്ണും, വീണ്ടും താഴ്ത്തിയാൽ വെള്ളനിറത്തിലുള്ള മണലും, അതിനടിയിൽ നിന്നു ധാരാളം വെള്ളവും ലഭിക്കുമെപ്പെടും.

വൽമീകോപചിതായാം നിർഗ്ഗുണ്ഡ്യാം ദക്ഷിണേന കഥിതകരെ:

പുരുഷദ്വയേ സപാദേ സ്വാദുജലം ഭവതി ചാശോഷ്യം

വെള്ളം ദുർല്ലഭമായുള്ള പ്രദേശങ്ങളിൽ കരിനൊച്ചിമരവും അതിനടുത്തു പുറവും കാണപ്പെട്ടാൽ അതിന്റെ ചുവട്ടിൽ നിന്നും മുന്നുകോലളവു തെക്കോട്ടുമാറി കുഴിച്ചാൽ രണ്ടുകാൽ ആറാം പ്രമാണം താഴുമ്പോൾ ഒരു കാലത്തും വറ്റാത്ത വണ്ണം ജലം സമൃദ്ധമായും സ്വാദുള്ളതായും കാണപ്പെടും.

ലോഹിത മത്സ്യാർജ്ജുനരേ മൂൽക്കപിലാ പാണ്ഡുരാ തതഃപരതഃ
സികതാ സ ശക്കരാധഃ ക്രമേണ പരതോ ഭവത്യംഭഃ

മേൽപറഞ്ഞ സ്ഥാനത്തു കുഴിക്കുമ്പോൾ അര ആറാം പ്രമാണം താണാൽ ചുവന്ന നിറത്തിലുള്ള ഒരു തരം മത്സ്യത്തെ കാണാം. അതിനുശേഷം കപിലവർണ്ണമായ മണ്ണും, പിന്നീടു വെളുത്തനിറത്തിലുള്ള മണ്ണും, പിന്നെ കല്ലുകലർന്ന മണലും, അതിനടിയിൽ വെള്ളവും കാണപ്പെടും.

പൂർവ്വേണയദി ബദര്യാ വൽമീകോ ദൃശ്യതേ ജലംപശ്ചാൽ
പുരുഷൈസ്ത്രിഭിരാശദ്ധ്യം ശ്വേതാ ഗൃഹഗോധികാർജ്ജുനരേ

നിർജ്ജല പ്രദേശങ്ങളിൽ ചന്ദനവും അതിന്റെ കിഴക്കുഭാഗത്തടുത്തു് പുറവും കാണപ്പെടുന്നുവെങ്കിൽ അതിന്റെ ചുവ

ട്ടിൽ നിന്നും മൂന്നുകോൽ പടിഞ്ഞാട്ടുമാറി മൂന്നാം പ്രമാണം താഴ്ത്തിയാൽ വെള്ളം കാണപ്പെട്ടും. ഇവിടെ അരഞ്ഞാം പ്രമാണം താഴ്ചചെല്ലുമ്പോൾ വെളുത്തനിറത്തിലുള്ള ഗരുളിയെ കാണാൻ സാധിക്കും.

സപലശാബ്ദരീമേൽ ദിഗ്ഭൂപരസ്യാം തതോ ജലം ഭവതി
പുരുഷത്രയേ സപാദേ പുരുഷേത്രച ഡുണ്ഡുശ്ലിഷ്ണം
ലന്തമരവും പ്ലാശ്ശുംകൂടി എവിടെയെങ്കിലും ചേർന്നു നിൽക്കുന്നുണ്ടെങ്കിൽ ആ സ്ഥാനത്തു നിന്നും മൂന്നുകോൽ പടിഞ്ഞാട്ടുമാറി മൂന്നുകോൽ കോൽഅളവു താഴ്ത്തുമ്പോൾ വെള്ളം കാണാൻ സാധിക്കും. അവിടെ അരയാളവു താഴ്ച ചെല്ലുമ്പോൾ ചേർയെകാണാം.

വില്വോദുംബരയോഗേ വിഖ്യായ ഹസ്തത്രയം തു യാമ്യേന
പുരുഷൈസ്ത്രിഭിരംബു ഭവേൽ കൃഷ്ണോർജ്ജു നരേച—
മണ്ഡൂക:

ക്രുവളവും അത്തിമരവും ചേർന്നു നിന്നാൽ ആ സ്ഥലത്തു നിന്നും മൂന്നുകോൽ പ്രമാണം തെക്കുമാറി കഴിച്ചാൽ അരഞ്ഞാം പ്രമാണം താഴുമ്പോൾ കറുത്ത നിറത്തിലുള്ള തവളയും, മൂന്നാം പ്രമാണം താഴുമ്പോൾ വെള്ളവും കാണപ്പെട്ടും.

കാകോദുംബരികായാം വൽമീകോ ദൃശ്യതേ സിരാതസ്മിൻ
പുരുഷത്രയേ സ പാദേ പശ്ചിമ ദിക്സ്ഥാ വഹതിസാച
ആ പാണ്ഡു പീതകാമൽ ഗോരസ വർണ്ണശ്ച ഭവതി—
പാഷാണ:

പുരുഷാർദ്ധേ കമുദനിഭോ ദൃഷ്ടിപഥം മുഷ്കോയാതി

പേയത്തിമരവും, അത്തിനടുത്തു തന്നെ പുറവും കാണപ്പെടുന്നുവെങ്കിൽ ആ പുറവിന്റെ സ്ഥാനത്തു് മൂന്നുകോൽ അരഞ്ഞാം പ്രമാണം താഴ്ത്തിയാൽ വെള്ളം ലഭിക്കും. ഉറവു പടിഞ്ഞാറു നിന്നായിരിക്കും. അവിടെ കുഴിക്കുമ്പോൾ വെള്ളപ്പും മഞ്ഞയും കലന്ന മണ്ണും അതിനുശേഷം വെള്ളനിറത്തിലുള്ള കല്ലും കാണപ്പെട്ടും. അരഞ്ഞാംപ്രമാണം താഴ്ചചെല്ലുമ്പോൾ വെളുത്തനിറത്തിലുള്ള ഏലിയെക്കാണുന്നതിനും ഇടയാകും.

ജലപരിഹീനദേശേ വൃക്ഷ: കമ്പില്ലകോയദ്യാദ്യുശ്ച
പ്രാച്യാം ഹസ്തത്രിതയേ വഹതിസിരാദക്ഷിണാ പ്രഥമം
മൂന്നിലൊല്പലവർണ്ണാ കാപോതാചൈവദൃശ്യതേ തസ്മിൻ
ഹസ്തേ ജഗന്ധകോമത്സ്യകശ്ച ദ്വയോല്പലം ച നീരക്ഷാരഃ

നിർജ്ജലപ്രദേശങ്ങളിൽ കമ്പിപ്പാല നിൽക്കുന്ന സ്ഥാന

ത്തുനിന്നും മൂന്നുകോൽ പ്രമാണം കിഴക്കോട്ട മാറ്റി അവിടെ മൂന്നേകാൽ മുഴം പ്രമാണം താഴ്ത്തിയാൽ വെള്ളം കിട്ടും. ഊറ്റു തെക്കേ ദിക്കിൽനിന്നായിരിക്കും കുഴിക്കുമ്പോൾ ആദ്യം കാണുന്ന മണ്ണ് നീലോല്പലത്തിന്റെ നിറത്തിലും പിന്നീട് കാണുന്ന മണ്ണ് മാടപ്രാവിന്റെ നിറത്തിലും ആയിരിക്കും. ഒരു കോൽ പ്രമാണം താഴുമ്പോൾ മത്സ്യത്തെ കാണാൻ സാധിക്കും. ആ മത്സ്യത്തിന് ആട്ടിന്റെ ഗന്ധവും ഉണ്ടായിരിക്കും. മത്സ്യത്തെക്കാണുന്ന സ്ഥാനത്തു് അല്പം ഉപ്പു വെള്ളവും ഉണ്ടായിരിക്കും.

ശോണോകതരോരപരോത്തരേ സിരാദ്വയകരാവതിക്രമ്യ
കുമുദോനാമസിരാസാ പുരുഷത്രയവാഹിനീഭവതി

നിർജ്ജലപ്രദേശമായാലും പല കുപ്പുന്നാനി (പയ്യാഴാന്ത) നിൽക്കുന്നുണ്ടെങ്കിൽ അതിന്റെ ചുവട്ടിൽനിന്നും വായുകോണിലേക്ക് രണ്ടുകോൽ മാറി അവിടെ കുഴിച്ചാൽ മൂന്നാംപ്രമാണം താഴുമ്പോൾ വെള്ളം ഉണ്ടാവും. കുമുദ എന്നു പേരുള്ള ഒരു സിരയാണു് ഒഴുകുന്നതു്.

ഈസനോവല്മീകോ ദക്ഷിണപാർശ്വേ വിഭീതകസ്യാദി
അത്യുർദ്ധോഭവതിസിരാ പുരുഷേജ്ഞേയാദിശി പ്രാച്യാം.

താന്നിവൃക്ഷവും അതിനടുത്തു തെക്കോഗത്തുപുറവും കാണപ്പെടുന്നുവെങ്കിൽ അതിന്റെ ചുവട്ടിൽനിന്നും രണ്ടു കോലമുവ കിഴക്കോട്ടു മാറി ഒന്നരയാം പ്രമാണം കുഴിച്ചാൽ വെള്ളം കാണാനിടവരും.

- തസ്യൈവപശ്ചിമായാം ദിശി വന്മീകോയദാ ഭവേദ്ധസ്തേ
തത്രോദഗ്ഭവതി സിരാചതുർഭിർഭാധിഭൈഃ
പുരുഷൈഃ

താന്നിമരത്തിന്റെ പടിഞ്ഞാറടുത്തു പുറവുകണ്ടാൽ അതിന്റെ ചുവട്ടിൽ നിന്നും രണ്ടുകോൽ വടക്കോട്ടു മാറിക്കുഴിച്ചാൽ നാലര മുഴംപ്രമാണം താഴുമ്പോൾ വെള്ളത്തിന്റെ ഉറവു കാണപ്പെടും.

ശ്വേതോവിശംഭരകഃപ്രഥമേ പുരുഷേതു കങ്കുമാഭശ്മാ
അപരസ്യാം ദിശിചസിരാ നശ്യതി വഷ്ത്രയേതീതേ.

മേല്പറഞ്ഞസ്ഥാനത്തു് ഒരാംപ്രമാണം താഴുമ്പോൾ വിശംഭരമെന്നു പറയപ്പെടുന്ന ഒരുതരം പ്രാണിയെ കാണപ്പെടും. അതിനുശേഷംകുങ്കുമനിറമായ കല്ലുകാണും. ഇതിന്റെ അടിഭാഗ

ത്തായിട്ടാണ് ഉറവുകാണുന്നതു്. ജലാഗമം പടിഞ്ഞാറു നിന്നായിരിക്കും. പക്ഷേ ഇതു് മൂന്നുകൊല്ലം കഴിയുമ്പോഴും നിന്നു പോകാനിടവരും.

സകുശാസിതശ്ചൈശാന്യാം വല്മീകോയത്ര കോവിദാരസ്യ
മൂലോതയോന്നതൈരർജ്ജുപഞ്ചഭിസ്തോയമക്ഷോഭ്യം
പ്രഥമേ പുരുഷേ ഭൂജഗഃ കമലോദരസന്നിഭോമഹീരുകതാ
കുരുവിന്ദഃ പാഷാണശ്ചിഹ്നാന്യേതാനിവാച്യാനി.

ഉങ്ങുമരവും അതിന്റെ ഈശാകോണിലായി കുരുപ്പുല്ലും, വെള്ളിനിറത്തിലുള്ള പുറവും ഉണ്ടെങ്കിൽ ഈ വൃക്ഷത്തിന്റെയും പുറ്റിന്റെയും മദ്ധ്യേ നാലരത്തുരം പ്രമാണം താഴ്ത്തിയാൽ ഒരിക്കലും വറ്റാത്തവിധം ധാരാളം വെള്ളമുണ്ടായിരിക്കും. അവിടെ ഒരാൾപ്രമാണം താഴുമ്പോൾ താമരപ്പൂവിന്റെ അകത്തെ ധാവള്യത്തോടു സാമ്യമുള്ള സർപ്പത്തേയും അതിനടിയിൽ ചുവന്ന മണ്ണും, അതിനടിയിലായി ഒരുതരം പാറയും കാണപ്പെടും.

യദിവേതിസപ്തപഞ്ചോവൽമീകവൃതസ്യ ദക്ഷിണേതോയം
വാച്യം പുരുഷൈഃപഞ്ചഭിരത്നാപിവന്തിചിഹ്നാനി
പുരുഷാർദ്ധേ മണ്ഡൂകോഹരിതോ ഹരിതാലസന്നിഭോഭ്രശ്ച
പാഷാണോഭ്രനികാശഃ സൈഗമ്യാചസിരാസ്തുഭാംബുവാ.

ഏഴു ചാൺ പാലയും അതിന്റെ ചുറ്റും പുറവും കാണപ്പെട്ടാൽ അവിടെനിന്നും ഒരുകോൽ വടക്കോട്ടുമാറി അഞ്ചാറു പ്രമാണം താഴ്ത്തിയാൽ വെള്ളം കാണാനിടവരും ഇവിടെ ആരുത്തു പ്രമാണം താഴുമ്പോൾ പച്ചനിറത്തിലുള്ള തവളയും അതുകഴിഞ്ഞു് ഹരിതാല വർണ്ണത്തിലുള്ള മണ്ണും അതിനുശേഷം മേഘനിറത്തിലുള്ള കല്ലും കാണപ്പെടും. ആ കല്ലുപൊട്ടിച്ചാൽ വടക്കോഗത്തുനിന്നും ജലാഗമം ഉണ്ടാവും. വെള്ളത്തിനു വളരെ സ്വാദുണ്ടായിരിക്കയുംചെയ്യും.

ഭാർഗ്ഗിത്രിപ്രതാദന്തീസുകന്ദപാടീചലക്ഷണാചൈവ
വനമാലികാചഹസ്തിപയോബുയാമ്യേത്രിദിഃപുരുഷൈഃ

ചെറുതേക്ക്, തിരുകോല്പക്കൊന്ന, നാഗദന്തി, തിരുതാളി, ചെറുപിച്ചകം, ഇവ നിൽക്കുന്ന സ്ഥാനത്തുനിന്നും രണ്ടുകോൽ പ്രമാണം തെക്കുമാറി മൂന്നാം പ്രമാണം താഴ്ത്തിയാൽ വെള്ളം കാണപ്പെടും. മേൽപറഞ്ഞ ചെടികളും കൃത്രിമസമ്പാദിതങ്ങളാകുന്നു.

യദിവേതികർണ്ണികാരഃസിതകുസുമഃസ്യാൽപലാശ

വൃക്ഷോവാ

സവ്യേനതത്രഹസ്തേയേംബുപൂർണ്ണഭാജനേവതി

കൊന്നവൃക്ഷത്തിന്റെയും പ്ലാശിന്റേയും പൂക്കൾ വെളുത്തവർണ്ണമായികാണപ്പെടുന്നു എങ്കിൽ ആ വൃക്ഷത്തിന്റെ ചുവട്ടിൽ നിന്നും രണ്ടുകോലളവുതെക്കുമാറി ഒരാൾ പ്രമാണം കഴിച്ചാൽ നീരുള്ളതു കാണാനിടവരും.

ഏവംജ്ഞാത്വാലക്ഷണാനാം വിഭേദേ
ഖാതംകാര്യംദക്ഷിണാദ്യൈഃപ്രതോഷ്യാ
ക്ഷീരേജാതേ ഭോജനാദ്യൈർ വിശേഷ്യേ
സ്ഥൽകർത്തൃണാംപ്രീണനം ചാത്രകുര്യ്യാൽ

മേൽ വിവരിക്കപ്പെട്ട ലക്ഷണങ്ങളേയും അതനുസരിച്ചു ഗ്രാഹ്യങ്ങളായ ഫലങ്ങളേയും വഴിപോലെ ഗ്രഹിച്ച് ശോഭനമായ സ്ഥാനത്തു് വിധിപ്രകാരം ദക്ഷിണമുതലായ് ഉപചാരങ്ങൾകൊണ്ടു് സ്ഥപതിയെ തൃപ്തിവരുത്തി കിണറു കഴിക്കേണ്ടതാണു്. ക്രമേണ കഴിച്ചു് വെള്ളം കണ്ടാൽ തൽപ്രവർത്തകന്മാരായ ജനങ്ങൾക്കു് വസ്ത്രം, ഭക്ഷണം മുതലായ ഇഷ്ടദാനങ്ങളും ചെയ്തു് അവരെ തൃപ്തിപ്പെടുത്തണം.

ഏവംക്രമം പൂർണ്ണമാപാദയിത്വാ
ശ്രീഭിഃസ്രീഭിർക്ഷീരമാദായതസ്മാൽ
തത്രസ്ഥാനാംസൽമുഹൂർത്തേജനാനാം
ദാനം കാര്യം വാരുണീയം ജപം ച

മേൽ പ്രകാരം ശാസ്ത്രനിയമം അനുസരിച്ചു കിണറിന്റെ സകലജോലികളും തീർത്തതിനു ശേഷം ഐശ്വര്യവതികളായ സ്ത്രീകളെക്കൊണ്ടു ശുഭലഗ്നത്തിൽ വെള്ളം കോരിച്ചു് അവിടെയുള്ളവർക്കു് കേമതിയോടുകൂടി ദാനം ചെയ്യണം. മറ്റുയഥാശക്തി ഉപഹാരങ്ങളും ചെയ്തു തൃപ്തിപ്പെടുത്തേണ്ടതാണു്. അപ്പോൾ വരുണമന്ത്രജപം മുതലായകർമ്മങ്ങളും നടത്തണം. ഇങ്ങിനെ ശാസ്ത്രനിർദ്ദേശം അനുസരിച്ചു ചെയ്യുന്ന കിണറു് ഒരിക്കലും പ്രയോജനശൂന്യമായി ഭവിക്കുന്നതല്ല.

35743

ക്ഷുപ ശാസ്ത്രം

p1 പ്രഥമഖണ്ഡം

p14 ഗ്രഹങ്ങളുടെ സ്വക്ഷേത്രങ്ങൾ

p17 ലഗ്നാദിഭാവങ്ങൾ

p22 ഗ്രഹങ്ങളുടെ വയോസംഖ്യ

p26 ദ്വിതീയഖണ്ഡം

p29 കാലഹോരയുടെ കാലവും ആധിത്യവും അറിയാനുള്ള പട്ടിക

p35 തൃതീയഖണ്ഡം

p67 അഥചതുർത്ഥഖണ്ഡം

p80 മറ്റൊരു ലക്ഷണം